The University Previous Forum had a year of fruitful and interesting activities under the presidentship of our English Lecturer Sri E. Narayanan Nambiar M. A. Elections were conducted soon after the classes were formed, and Sri V. A. Mathew was elected Secretary, and Messrs. M. K. Kumaran Nair, Abraham Mathew, Sreedharan Pillai and P. Poulose were elected representatives of batches A, B, C and D respectively. Kumari P. Indira represented the women students on the Forum Committee.

The activities of the Forum were formally inaugurated on 5th Aug. 1963 by Dr. M. Manuel of the University Institute of *English*, Kottayam at a meeting presided over by our respected Principal Dr. P. M. Mathai. Dr. Manuel in the course of his inaugural address pointed out how we can achieve great things and even change the world by small things. The President of the Forum welcomed the gathering and the secretary proposed the vote of thanks.

A very interesting debate in English was conducted on 16th Aug. 1963 with Sri P. C. Markose M. A., B. T. in the chair. The subject was 'Man has not progressed, he has only changed.' Sri R. Krishnan Unni moved the proposition and Sri V. A. Mathew was the main opposer. After a spirited discussion, the motion was thrown out by the house.

The Forum conducted another debate in September. It was in Malayalam, and the proposition was 'Democracy has failed in India.' Sri Abraham Mathew was the mover and Sri K. Sethuraman the main opposer. The debate aroused great interest in the members, and it was a fine display of powerful eloquence by nearly sixteen speakers including half-a-dozen women. The resolution was rejected by a great majority when put to vote.

On 26th October '63 we celebrated the United Nations Day by arranging a symposium on the different aspects of the world organization. Many members took an active part in the symposium.

The highlight of our activities this year was a very pleasant excursion to Peechi and Malampuzha on 2nd Nov. '63. About sixty members were in the party and everyone enjoyed the trip thoroughly. Our president Sri E. Narayanan Nambiar and Miss Philomena David of the English Department accompanied the party.

We could conduct just one meeting in the third term. That was on 11th January '64, and the topic of discussion was 'India: Before and after Independence.' All the speakers spoke very well on the different aspects of the subject.

The Forum has published a manuscript magazine—'Andolanangal'—and it gives a good account of the literary and artistic talents of the members. Sri C. A. Sivaraman and P. A. Sreedharan Pillai, the editors deserve congratulations for the fine work they have done in bringing out the magazine so very well.

Competitions in Essay-writing and speech-making in Malayalam, Hindi and English and short-story writing, General knowledge and vocal Music were conducted by the Forum in connection with the Annual Social. The social was celebrated in a grand manner on 14th Feb. '64 with Dr.

P. M. Mathai and Prof. Kuttipuzha Krishna Pillai as chief guests. The tea-party and the variety entertainment at the end added charm to the function.

On the whole the Forum can be proud of its achievements this year. I take this opportunity to thank all those who contributed to this successful functioning.

V. A. Mathew,
*Secretary.*

---

THE IMAGES OF OUR COLLEGE

①



With the majesty of a temple

②



*Many speeches echoed here*



*Serenity rules here......*



*Green-room of future physicists!*

*Gate-way to knowledge*



*Arrows flying in the air, comments, suppressed laughter, "sleep—innocent sleep" etc.— A combined class*



*To-day's numbered "seekars after truth!"*



⑧




⑨



*......And that is all.*

MARY JACOB, *Cl. III Philo.*

# COLLEGE DAY

*February 8, 1964.*

## THE COLLEGE REPORT

I have great pleasure in presenting before you the report of the life and work of the College during the year 1963–'64.

The College Day last year was held on March 1 and Sri T. S. Venketaraman, retired Professor of Mathematics and Miss Joan Elliot, Professor, C. M. S. College, Kottayam, were the President and the speaker respectively.

**Examination Results and Academic record**

The following are the percentages of passes in the various classes in the University Examinations held in March 1963.

| | | *No. appeared* | *1st Class.* | *2nd Class.* | *Percentage of Pass.* |
|---|---|---|---|---|---|
| **Pre-University :** | | 315 | 19 | 102 | 71.1 |
| **Pre-Professional :** | | | | | |
| Medicine & Dental | | 44 | 25 | 15 | 95.4 |
| Agriculture | | 7 | – | 2 | 42 8 |
| Veterinary | | 9 | – | 5 | 66.7 |
| **Second Year B. A./B. Sc.** | | | | | |
| *B. A.* | English | 25 | – | 1 | 76.0 |
| | Hindi | 7 | – | 2 | 85 7 |
| | Malayalam | 18 | – | 4 | 88.9 |
| | Gen. Education | 25 | (Unclassified) | | 96.0 |
| *B Sc.* | English | 114 | – | 5 | 64.9 |
| | Sanskrit | 1 | – | – | 100.0 |
| | Hindi | 58 | 2 | 19 | 93.1 |
| | Malayalam | 56 | – | 4 | 78.6 |
| | Gen. Education | 115 | (Unclassified) | | 99.1 |
| **Final Year B. A /B. Sc.** | | | | | |
| *B. A.* | English | 29 | 2 | 2 | 79.3 |
| | Hindi | 11 | – | 1 | 90.9 |
| | Malayalam | 18 | – | 3 | 83.3 |
| | Economics | 24 | 2 | 10 | 95.8 |
| | Philosophy | 5 | 3 | 1 | 100.0 |
| *B. Sc.* | English | 101 | – | 6 | 73.2 |
| | Hindi | 39 | 1 | 9 | 97.4 |
| | Malayalam | 62 | – | 3 | 93.5 |
| | Mathematics | 15 | 8 | 1 | 60.0 |
| | Physics | 33 | 8 | 6 | 75.7 |
| | Chemistry | 26 | 4 | 13 | 88.4 |
| | Botany | 15 | 1 | 9 | 100.0 |
| **M. Sc. Previous :** | | 11 | – | – | 100.0 |
| **Final :** | | 12 | 7 | 5 | 100.0 |

Mr. Yohannan John of this College secured the first rank in the University in the M. Sc. Final Examination. It is also worth mentioning that our students secured 2 1st classes in English, 3 in Hindi and 2 in Economics.

## THE SOCIAL SERVICE LEAGUE DRAMATIC CLUB

" അടക്കളം "

Sitting : M/s. M. Narayanan ; Madhusoodanan R. ; Justin Abraham ; Dn. K. P. George (President) ; Abraham Philip ; P. K. Kunjumohammed (General Secretary) and A Appukkuttan.

Standing 1st Row : M/s. Ramakrishnan V. ; P. V. Yacob ; Thomas Varghese ; S. Perumal Pillai ; Muthukrishnan Nair P. K. and Ravi.

Standing 2nd Row : M/s. P. Mohanachandran ; Ananthakrishna Sarmma ; P. O. Mathew and John P. Oommen.

## THE STUDENT CHRISTIAN FELLOWSHIP DRAMATIC CLUB

(1963–'64)

Staged " ഭൂമിയിലെ മാലാഖ " on 26th July 1963.

Sitting (L. to R.) : M/s. Ananthakrishna Sarma ; John P. Oommen ; P. O. Mathew (Best Actor); David Jayakar Daniel, M. Sc ; A. P. Ramankutty ; Thomas Varghese.

Standing (L. to R.) : M/s. K. Itty Philip (Secretary) ; George Philip ; George Jacob ; Benjamin John (President) ; K. V. Das ; P. K. Kunju Mohammad ; C. M. Mathew (Convener).

## THE SOCIAL SERVICE LEAGUE DRAMATIC CLUB

"[illegible]"



## THE STUDENT CHRIST AN FELLOWSHIP DRAMATIC CLUB (1963–'64)

Staged "ഭൂമിയിലെ മാലാഖ" on 26th July 1963.





TENNIS CLUB (1963–'64)



## THE SOCIAL SERVICE LEAGUE COMMITTEE

Sitting :—M/s. Rajan Abraham ; Justin Abraham ; K. Govindankutty Menon ; C. T. Benjamin ; Dr. P. M. Mathai (Principal) ; Dn. K. P. George (President) ; P. K. Kunjumohammed (General Secretary) ; K. A. Mohammed and Abraham Philip.

Standing :—Miss Susy Thomas ; Miss Lucy Thomas ; M/s. B. T. Joy ; Abraham Peter ; P. Ramachandran ; S. Perumal Pillai (Joint Secretary); P. V. Varghese ; T. G. George ; Miss Elizabeth Zachariah ; and Miss C. I. Sosamma.

## TENNIS CLUB (1963–'64)

Sitting (L. to R) : M/s. C. M. Mathew ; Thomas Varghese ; Thomas John ; C. P. Andrews (Lecturer in Physical Education) ; Dr. P. M. Mathai (Principal) ; A. K. Baby (President) ; K. Jacob John (Captain) ; Samuel Thomas ; Krishnan Nair.

Standing (L. to R) : M/s. Mohammed (Games Boy) ; K. P. Abraham ; Thomas Kurien ; Appu Thomas ; Kumaran Nair ; Jose K. M ; Vidyanandan ; M. S. Abraham ; Thomas Mammen ; Jacob Varghese ; Mathew Samuel ; Supran (Games Boy).

In the College annual examinations all except two students of class I were promoted.

No new courses were started this year. The Physics Department of the Ernakulam University Centre has been temporarily housed in this College with Dr. K. Venkiteswarlu as the Professor. The strength of the Physics M. Sc. Previous class has been increased from 12 to 20 this year. A few research students have been admitted to the Centre. I am happy to report that the starting of this Centre has enhanced the prestige of the College and the University staff and research students are contributing considerably to the academic life of the Department.

The Oriental Languages Section of the College has been re-organised into Hindi and Malayalam Departments with Mr. P. K. Narayana Menon, M. A. and Mr. Verghese Ittiavirah, M. A. as the respective heads.

The Psychology wing of the Philosophy Department is continuing its research activities, the main problem dealt with now being 'Multiple Personality.'

The following scholarships have been secured by the students of this college this year :—

| | | No. |
|---|---|---|
| National Merit Scholarships | 1963–'64 | 9 (1 provisional) |
| University Merit Scholarships | ,, | 8 |
| Sports Scholarships | ,, | 2 |
| Merit Scholarship to the Children of primary and secondary school teachers— | ,, | 1 |

88 students have been paid an average of Rs. 55/- each from the Students Aid Fund of the College.

**Staff**

The College has at present 44 members on its teaching staff. We have been fortunate in getting a sincere and devoted band of teachers and I place on record my thankfulness to them for their efficient service to the College.

A number of staff members left the College at the end of the last academic year. Special mention has to be made about the Rev. Dr. K. C. Joseph, Mr George Zachariah and Mr. P. K. John, all permanent members of the staff, who left the services of the College this year. Rev. Dr. K. C. Joseph served the College for over twenty years. As a member of the College Fellowship and the College Council he played an important role in shaping the policies of the College and working them out. As an efficient teacher and Head of the Department of English for a number of years he kept the standard of English teaching in the College at a high level. As Warden, Bursar, Superintendent of Works and as a valuable guide to the students he exerted great influence in the general life of the College.

Mr. George Zachariah was an earnest and enthusiastic member of the College community and he was a dear friend of the students and the staff alike.

Even though Mr. P. K. John was in the College only for two years he impressed us as an efficient teacher and a sincere friend. I place on record our deep appreciation for the services rendered by these friends of the College and wish them all success in their new places of work.

Sri. O. M. Mathen who was on leave from the College as a Danforth Fellow has returned and joined duty in the Botany Department after taking a Doctorate Degree from the University of North Carolina, U. S. A. Mrs. Mathen also spent a year with him in the States. Mr. M. V. Kurian, Lecturer in Economics has been selected as a Danforth

Fellow and he will be leaving for the U. S. A. in August. Mr. Kurian is the third Danforth Fellow selected from this College.

The Principal attended the Danforth Principals' Conference at the Madras Christian College, Tambaram, in December '63. Sri. E. Narayanan Nambiar participated in the English Teachers' Seminar organised by the British Council in Bombay in December '63.

**College Societies and Associations:**

The report of the College Union will de presented by one of the Committee members.

The Pre-University Forum was inaugurated by Dr. Manuel of the English Institute, C. M. S. College, Kottayam. In addition to a number of debates an excursion to Peechi and Malampuzha was conducted in which 60 members took part. A special debate was held on the 25th of October to celebrate United Nations day. The Forum has published a manuscript magazine this year thus encouraging the literary and artistic talents of the members. As usual the final event in the activities of the Forum will be a grand social function this year also.

The Student Christian Fellowship has been playing a vital role in the religious life of the College. The activities were inaugurated this year by Dr. Chacko George. The programme of work included organising Bible Study Groups, distributing Christian literature, publishing a weekly pamphlet 'Thought for the Week' and holding discussions and symposia for the members. The Golden Jubilee of the S. C. M. of India was celebrated by the College unit also. Sri. Itty Philip was deputed as a delegate to the Triennial Conference of the S. C. M. at Candy, Ceylon.

The Social Service League of the College continued its humanitarian service by giving money and materials to the poor and the needy in the neighbourhood. Hospital visiting and distribution of clothing and medicine to the patients was a special activity of the women students. A sports competition was held for mess servants and for children and prizes were awarded to the winners.

The College Planning Forum had a membership of 150 this year. Sri E. P. Poulose. Minister for Food, Kerala, inaugurated the activities of the Forum. Two work camps were organised at the Alwaye YMCA Camp-site. The National Plan Week was celebrated by holding sale of prize bonds, conducting literary and elocution competitions and by organising a variety entertainment.

The Economics and History Association was inaugurated by Prof. K. C. Peter of the Mar Athanasius College, Kothamangalam. Three debates and a symposium were held this year. An excursion to Peechi was arranged in which about 50 students participated.

The activities of the Mathematics Association was inaugurated by Prof. T. S. Venkataraman. A few meetings were held during the year.

The Physics Association started functioning with the inauguration by Prof. Sivaramakrishna Iyer of the Maharajah's College, Ernakulam. Dr. Venkiteswarlu, University Professor of Physics Presided over the inaugural meeting. The M. Sc. classes had weekly meetings and discussions.

The Chemistry Association began its activities by the inaugural meeting in August at which Mr. P. Gopinath, Chief Controller of Process Research and Technology, F. A. C. T., Alwaye, spoke. A few meetings were organised and a study tour for the members to the neighbouring factories was conducted.

The Philosophy Association also had a useful year of activity.

The Botany Association held a number of meetings during the year. Two excursions were conducted, one to the Malayattoor Hills and the other to Coimbatore, Coonoor and Ootty.

**The Athletic Association:**

The Association was very active and vigorous as usual, under the able leadership of Mr. C. P. Andrews, Lecturer in Physical Education. During the second and third terms we had matches on our grounds almost every day including University-Interzonal matches. The performances of the women's teams have been outstanding. They have brought great credit to themselves and to the College by coming out in flying colours in Intercollegiate and other tournaments.

They have to their credit the following achievements :—

The Volley-Ball Team won the open tournament held at Trichur and secured the Trophy.

The Hockey-Team was the winners in the quarter-final of the State tournaments held at Kottayam.

The Basket-Ball and Hockey Teams won the University finals.

Seven athletes were selected in the Zonal Sports Meet held at Ernakulam to compete for the final University Meet.

The Association can claim with pride the privilege of sending quite a number of players to the State Team this year. Two in Basket Junior Team, one in Men's Basket-ball, two in Women's Basket-ball, one in Women's Hockey and three in Women's volley-ball teams. We congratulate Miss Aisha Beevi and Miss Ramani P. Joseph who had the distinction of being chosen as State captains in basket-ball and volley- ball respectively.

The Inter-class Sports Meet for the year was conducted successfully. Mr. C. V. Mannadiar, retired Executive Engineer, Alwaye inaugurated the events and Mrs. Leela Mannadiar presented the trophies.

| | |
|---|---|
| Champions — | Class III D. C. |
| Runners-up — | ,, II ,, |

The Intramural games are going on with vigour and enthusiasm and the final event of the year, the Annual Sports, will be held shortly.

**NCC Sub-Units of the College:**

During the year under report three sub-units were functioning in the College, one Senior Division Platoon and two Rifle Coys. The total authorised strength of 466 covered 96% of eligible men students of the College.

2/Lt. David Jayakar Daniel, Commissioned after the pre-Commission course at Madras took charge of the 47 Rifle Coy. at the beginning of the year. The average attendance at parades remained at about 80% and in the case of a good number of cadets it was above 90%.

During the year three cadets attended the All-India Summer Camp. 34 cadets of SD Platoon attended the Annual Training Camp, Kalady. The platoon was awarded second prize in Battle Course, Physical Training and Shooting. Cpl. George Philip attended the Republic Day Parade 1964 at Delhi. The NCC Rifle cadets attended 4 week-end exercises during the year. In the 'B' Certificate examination 1963, 9 cadets passed from the College.

UO M. K. Raghavan and Cadet K. P. Dinakaran joined the I. A. F. as Commissioned Officers. Cadet M. Philip Mathew was selected for Emergency Commission and Cpl. George Philip was selected to the Officers Training Unit. I extend our congratulations and best wishes to all of them.

Independence Day, formal inauguration of compulsory NCC training, NCC Day and National Solidarity Day were marked by ceremonial functions.

One of the important events of this year was the construction of a Short Shooting Range. I am happy to report that the Range was completed with such speed and enthusiasm that it was the second of a series of its kind in Kerala, under the U. G. C. Scheme. The range was formally inaugurated by Commander K. R. Rao, I.N., NCC Headquarters Commander, Ernakulam, at a function presided over by the Principal.

I record with gratitude the encouragement we received from the NCC Head-Quarters Commander and the Officers Commanding and the excellent work done by the permanent army instructional staff attached to the College NCC.

Our NCC Officers 2/ Lt. K. Govindankutty Menon and 2/Lt. David Jayakar Daniel deserve special congratulations for the efficiency and thoroughness with wich they organised the activities.

A short course in Nursing and First Aid was arranged for the women students of Class III. I place on record our gratefulness to Dr. Miss Mary Jacob of the District Hospital, Alwaye, for the kind and valuable help rendered by her in giving a series of lectures to the students for the course.

**The College Library:**

By the addition of 424 books during the year under report the total number of books in the Library is now 14,113. The Library subscribes for 50 periodicals and a few are received gratis. The method of issuing books to the students has been revised and as a result the circulation of books has considerably increased.

**General life of the College:**

All the students of the College have to attend any one of the Scripture, Moral Instruction and Christian Instruction classes. These classes are held between 9.30 and 10 A. M on three days a week.

A special Bible study Course for the Christian staff of the College and their wives was conducted at the beginning of this academic year. We are thankful to the Rev. Geoffrey Paul, Principal, Kerala United Theological College, Trivandrum, who led the course and gave a series of lectures on the various books of the Bible.

The College is grateful to the Rev. Dr. Eugene Ten Brink, Presbyter of the Fort Church, Velloore, who led the College retreat.

The strength of the College this year is 950, 572 being men students and 378 women students. Of this 266 men and 87 women students live in College residences. Let me express our heart-felt thanks to Mrs. R. G. Thomas for her continued help as Honorary Warden of the Women's Hostel. All the Hostels have their own elected Committees, Clubs and Associations. The Day Scholars are organised into three Associations, Senior Day Scholars, Junior Day Scholars and Women Day Scholars. Under the guidance of the staff members these organisations help the students in their social and cultural life. The Non-resident Students' Centre, established with the help of the U. G. C. was thrown open for use mainly for day scholars at the beginning of this academic year. Provision for a reading room, two recreation rooms and a canteen has been made in the Centre,

This has given great relief to the Day Scholars who were handicapped by lack of space for rest and recreation. We are indebted to Mr. Paul Pothen, General Superintendent, F. A. C. T. for preparing a beautiful plan for the building and helping us by technical advice. I may also add that we have been getting technical advice from him regularly in our construction programmes. Thanks are due to Mr. A. B. Nigli, Contractor, who took up the contract with earnestness and finished it in time for use. The water and electricity supply systems of the College have been renovated and improved. I place on record our thanks to Mr. M. C. Varghese Assistant engineer (irrigation) and Mr. K. L. Thomas Assistant engineer (Electrical) for their help and advice in this connection.

The College Hobby workshop established with U. G. C. assistance has been giving training in Electronics, photography, Carpentry and Smithy to 48 students this year.

A new Women's Hostel to accommodate 45 students has almost been completed and it will be ready for use by the beginning of the next academic year. We received a 3/4th grant from the U. G. C. for this building which is estimated to cost Rs. 91,860/—. We are thankful to Mr. M. C. Jacob, Engineer, Indian Aluminium Company, who helped us by a general supervision of the construction. I place on record our gratefulness to the University Grants Commission for giving us generous grants for all these schemes.

We have just begun the construction of a Guest House for the College. I am sure our old students and friends who would like to visit the College and spend some time with us will find this a welcome addition to the College. Special appeals were sent out for raising funds for the scheme and I am happy to say that R.6,835/— have been received so far. While thanking those who have expressed their goodwill towards the College by their generous donations I earnestly hope that more donations will come in before the building is completed. Mr P. K. Kuruvilla, Superintending Engineer, Alwaye, to whom we are indebted in many ways has been kind enough to help us by preparing a suitable plan for the Guest House.

**Grants, Donations and Endowments:**

During the year under review the College received the following financial assistance :—

| | | | |
|---|---|---|---|
| Non-Resident Students' Centre from U. G. C. | ... | Rs. | 15,000 |
| Hobby Workshop–from U. G. C. | ... | ,, | 3,200 |
| New Women's Hostel– from U. G. C. | ... | ,, | 30,000 |
| Grant for Post-Graduate Course in Physics–from State Government | ... | ,, | 13,958.25 |
| Grant for Development of Post-Graduate studies in basic sciences during 3rd Five Year Plan– from U. G. C. | ... | ,, | 12,000 |
| Teaching grant–from the U. G. C. through the University—for enhancement of salary. | ... | ,, | 20,145.45 |
| Hostel Maintenance Grant– from the University. | ... | ,, | 3,975 |
| Donations for College Guest House. | ... | ,, | 1,999.62 |

We have received an endowment of Rs.18,000/— from the Trustees of the Chechamma Memorial Trust for instituting prizes in the names of the following members of the staff, past and present :—

Dr. T. I. Poonnen,
Sri. T. B. Ninan,
,, K. Jacob,
Rev. T. V. John,
Sri. C. P Andrews,
Sri. A. Aravamuda Ayyengar,
,, T. S. Venkataraman,
,, D. P. Unni,
,, P. Krishna Pillai,

On behalf of the College I express my heart-felt thanks to the U. G. C., the University and the State Government, and our many friends and benefactors for their generous help by way of financial contributions and continued interest in the welfare and progress of this Institution.

As the year is coming to a close my heart is filled with gratitude to the staff—teaching and non-teaching—and students of the College for their splendid co-operation in the working of the College during the year. Because of their sense of loyalty and discipline the College could maintain a calm and peaceful atmosphere essential for study and cultural development.

I conclude this report by praising God Almighty for the many blessings showered on this College during the past. Let us, students and staff, past and present, dedicate ourselves for still better service to the Institution.



**A Section of the Alwaye-Parur Road**

*By*

GRACY VARUGHESE,
Class iii, Maths.



"അസതോ മാ സത്ഗമയ
തമസോ മാ ജ്യോതിർഗമയ"

By Miss Mary Jacob, Cl. iii, Philo.



**Plain living and high thinking**

By
K. P. Chandrasekharan Nair, Cl. ii, Chem.



"മാതൃഭൂമിയുടെ മാന്യദീപം"

By
Susan Loo Kuruvilla, Cl. iii, Maths.



**A man who despised narrow domestic walls**

By
K. P. Chandrasekharan Nair, Cl. ii, Chem.



**Thiruvathira**

*By* K. BALACHANDRAN, Cl. iii, Chem.



*By*

K. P. CHANDRASEKHARAN NAIR, Cl. ii, Chem.



**" The longing lingering look."**

*By*

GRACY VARGHESE, Cl. iii, Math.



**The dance**

*By*

K. BALACHANDRAN, Cl. iii, Chem.

# നിന്നെത്തേടി

[Sushila Thampi, Cl. III. Chemistry]



നിന്നെത്തേടിയലഞ്ഞു വലഞ്ഞേൻ
പൊന്നല ചാർത്തിയ വയലുകളിൽ,
മഞ്ഞിൻ മകുടമണിഞ്ഞ മനോഹര-
മാമല ശൃംഗ പരമ്പരയിൽ.
വള്ളിക്കുടിലിന്നൂറിയിറങ്ങും
കളഗാനത്തിൻ ധോരണിയിൽ,
പച്ചവിരിപ്പു പുതച്ചും കുന്നിൽ,
പാലൊളി ചിതറും ചന്ദ്രികയിൽ.
അലരികളായിരമൊപ്പം വിരിയും
മലരണി വാടിയിൽ ഞാൻ തേടി
മാനത്തെങ്ങും താരാവലിയിൽ,
മതിവിട്ടൊഴുകും തടിനികളിൽ,
ഉജ്ജ്വലശോഭം മുത്തുകൾ വിളയും
മഞ്ജുളസാഗര നീലിമയിൽ,
അഴകിൻചാറാൽ വാനമൊരുക്കിയ
മഴവിൽക്കൊടിയിൽത്തേടി ഞാൻ
ഉലകം മുഴുവൻ ചുറ്റിനടന്നെൻ
ഹതമാം ചേതനയുരുകുകയായ്
പാടേയാശ നശിച്ചിട്ടൊടുവിൽ
ഞൊടിയിടയൊന്നു മയങ്ങി ഞാൻ.
ഉപവനതൻ കുളിർമെത്തയിലൊന്നെൻ
വികലം ചേതന തലചായ്ക്കെ.
അരികിലുയർന്നു കങ്കണനാദം
സുമധുര നൂപുരശിഞ്ജിതവും
പതിയെപ്പതിയെപ്പുറകിൽ വന്നെൻ
കണ്ണുകളാരോ പൊത്തുകയായ്
മൃദുലവിമോഹനമക്കരയുഗ്മം
മെല്ലെയകറ്റി വിസ്മിത ഞാൻ

അഹാ ! കൺമുന്നിൽക്കവിതേ ! നിന്നെ-
പ്പാർത്തിട്ടേറെപ്പുളകിതയായ് !
വിരസം മമഹൃൽപഞ്ജരമിതിൽ നീ-
യിതുവരെ വാണോ നിദ്രിതയായ് ?
ഉഴറിപ്പാഞ്ഞു തിരഞ്ഞോ, നമലേ !
നിധിപോലെന്നിലൊളിഞ്ഞു, നീ
കനിയെന്നിൽ ; തല്പദ ദാസിയിവൾ :
ഇനിമേൽ വെടിയൊല്ലോതെ നാളും
വിഹരിച്ചീടാമിനിനിന്നുതി-
നറവാറീടാസരസ്സിൽ ഞാൻ
വിലയിച്ചീടാമിനി നിൻ മോഹന-
മധുരം ഗാനസരിത്തിൽ ഞാൻ
സ്വയമി വിസ്മൃതിയുടെ നിർവൃതിയിൽ
നവമാം സ്മൃതികളുണർത്തീടാൻ...

# പതിനാറാം പേജിൽനിന്ന് അഞ്ചാം പേജിലേയ്ക്ക്

കമലാദേവി ആർ., യു. പി. ബാച്ച്, എം

മണി ഒൻപതു കഴിഞ്ഞിരിക്കുന്നു. വളകിലുക്കങ്ങളും, പൊട്ടിച്ചിരിയും കൊണ്ടു പ്രോത്സാഹിതയായിട്ടെന്നപോലെ മൂടൽമഞ്ഞിലൂടെ ഞങ്ങളുടെ കോളേജ് ബസ്സ് പാഞ്ഞോടിത്തുടങ്ങി. വെറുതെ ജനലിലൂടെ പുറത്തേയ്ക്കു നോക്കി ഇരിക്കുകയായിരുന്നുവെങ്കിലും, കമന്റടിയും, ചിരിയുംകൊണ്ട് ഉല്ലാസഭരിതമായിരുന്ന ആ അന്തരീക്ഷത്തിൽ ഞാനും മനസാ മുഴുകിപ്പോയിരുന്നു. പെട്ടെന്നു ഞാനറിയാതെതന്നെ ഞെട്ടിപ്പോയി. പാറിപ്പറന്ന ചെമ്പൻ തലമുടിയും, മുഷിഞ്ഞുകീറിയ വസ്ത്രവും, പതറുന്ന നോട്ടവുമായി ഒരു മതിലും ചാരിനില്ക്കുന്നു; ഒരു വൃദ്ധപ്പേക്കോലം. എങ്ങ്... ആരാണ്...? ...അതെ...അത് ആ സ്ത്രീ തന്നെ. പ്രഭാതത്തിന്റെ രജതപ്രഭയിൽ ഒട്ടിയ വയറും കണ്ണീർനിറഞ്ഞ കുഴിഞ്ഞ കണ്ണുകളുമായി നില്ക്കുന്ന ആ രൂപത്തെ ഞാൻ തിരിച്ചറിഞ്ഞു.

കുഞ്ഞുപാത്തുമ്മ! ഓ! അതോർക്കുമ്പോൾ ഹൃദയം ആരോ ഞെക്കിപ്പിഴിയുന്നതുപോലെയുള്ള ഒരനുഭവം. കണ്ണുകൾ നിറഞ്ഞു തുളുമ്പിപ്പോകുന്നു. എല്ലാ ദിവസവും സ്കൂളിലേക്കു പോകുമ്പോൾ കാണും. ചിലപ്പോൾ ഞങ്ങളുടെ പുസ്തകസഞ്ചിയും തൂക്കിപ്പിടിച്ചു പാത്തുമ്മ പുറകേയുണ്ടാകും. നാട്ടിൽ അവരെ അറിയാത്തവരാരും ഉണ്ടെന്നെനിക്കു തോന്നുന്നില്ല. സ്കൂളിന്റെ പടിക്കലെത്തിയാൽപ്പിന്നെ പാത്തുമ്മയുടെ ഒരു ലാത്തിയുണ്ട്. ആരോടും ചോദിക്കാതെ പടിക്കു പുറത്തിറങ്ങരുത്, കിണററിന്റെ വക്കത്തൊന്നും പോകരുത്. അങ്ങനെയങ്ങു നീണ്ടുപോകും.

പ്രൈമറി സ്കൂളിൽ പഠിച്ചിരുന്ന ആ കാലം തന്നെ എത്ര സുന്ദരമാണ്! മുററത്തെ പൂഴിമണലിൽ ഇരുന്ന് ഇണ്ണിക്കപ്പങ്ങൾ കൊണ്ടു പാവയെ ഉണ്ണാക്കിക്കളിക്കുകയും സ്ലേററ് പെൻസിലിന്റെ ചെറിയ കഷണങ്ങൾ കൊടുത്തു 'വെള്ളപ്പച്ച' വാങ്ങുകയും ചെയ്തിരുന്ന ആ കാലങ്ങൾ പെട്ടെന്നോടിയകന്നു. സ്കൂളിന്റെ മുററത്തുള്ള പള്ളിയിൽ കയറി മെഴുകുതിരി മോഷ്ടിക്കുകയും, പ്രായശ്ചിത്തമായി മുട്ടുകുത്തി കാലണ നേർച്ചയിടുകയും ചെയ്തിരുന്ന, കൊത്തംകല്ലുകളിയും ഒളിച്ചുകളിയുമായി നടന്നിരുന്ന ആ ദിനങ്ങൾ! അവയിനി തിരിച്ചുവരുമോ! സിസ്റ്റർമാരുടെയും, അദ്ധ്യാപകരുടെയും സ്നേഹപൂർണ്ണമായ പെരുമാററം. ഇണങ്ങലും, പിണങ്ങലും ആ മുററത്ത് എത്രയോ തവണ ഒന്നിച്ചു ചേർന്നിരിക്കുന്നു!

നിഷ്കളങ്കതയുടെ കാലഘട്ടമായിരുന്നു അന്ന്. ചേച്ചിമാരെപ്പോലെ ഗൃഹകാര്യങ്ങളിൽ അധികാരം ചെലുത്തുവാനും സാരി ഉടുത്ത് ബസ്സുകയറി കോളേജിൽ പോകുവാനും വേണ്ടി, ഒന്നു വേഗം വലുതായെങ്കിൽ എന്നൊരായിരംതവണ ആഗ്രഹിച്ചിട്ടുണ്ട്. പക്ഷേ ആ ജീവിതം പലമാതിരി വിഷമതകളിലും വേദനകളിലും പൊതിഞ്ഞതാണെന്ന് അന്നറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും അതിനുവേണ്ടി ആഗ്രഹിക്കുമായിരുന്നില്ല. ആനന്ദസാമ്രാജ്യത്തിലെ രാജകുമാരിയായി വാണിരുന്നതാണക്കാലം. എന്നാൽ ഇന്നതിനനേരെ വിപരീതമല്ലേ...? ആരെങ്കിലും ഒന്നു കളിയാക്കിയാൽ ഉടനെ കുസൃതിനിറഞ്ഞ തക്കുത്തരം പറയുവാനും പിന്നീട് മുഖം വീർപ്പിച്ച് പിറുപിറുക്കുവാനും മാത്രം വശമുണ്ടായിരുന്ന ഒരു കുസൃതിക്കുട്ടി! ഒടുവിലത് അവസാനിക്കുക കണ്ണീരിലാണ്. നാവൊരിക്കലും അടങ്ങിയിരിക്കുമായിരുന്നില്ല. സഞ്ചിയും തൂക്കിപ്പിടിച്ച്, രണ്ടു വയസ്സു മാത്രം പ്രായക്കൂടുതലുള്ള ചേച്ചിയുടെ കഴുത്തിലൂടെ കയ്യുമിട്ടു തെരുതെരെ വർത്തമാനം പറഞ്ഞുകൊണ്ടു നടന്നിരുന്ന ആ കുട്ടി—അതു ഞാൻതന്നെയായിരുന്നുവെന്നു പറയുവാൻ ഇന്നു ലജ്ജ തോന്നുകയാണ്.

സ്കൂൾ വിട്ടാലുടൻ പാത്തുമ്മ വരും, കൂട്ടിക്കൊണ്ടുപോകാൻ. നാലുമണിക്കു സ്കൂൾവിട്ടാൽ തൊട്ടടുത്തുള്ള വീട്ടിൽ എത്തുമ്പോൾ മണി അഞ്ചാകും. വഴിയിൽ കാണുന്നവരോടെല്ലാം പാത്തുമ്മ വർത്തമാനം പറഞ്ഞുനില്ക്കും. അവരുടെ വർത്തമാനത്തിലുള്ള രസം

കൊണ്ടു ഞങ്ങളും അവരുടെ അടുത്തുതന്നെ നില്ക്കും. ഇതിനു വീട്ടിലെത്തുമ്പോൾ അമ്മയുടെ കയ്യിൽനിന്നു മുറയ്ക്കു സമ്മാനം കിട്ടും. എന്നാലെന്താ...? പിററെ ദിവസവും അങ്ങനെതന്നെ.

വഴിയിൽവച്ച് എല്ലാപ്രകാരത്തിലും ഞങ്ങൾക്കുള്ള രക്ഷാകേന്ദ്രം പാത്തുമ്മയായിരുന്നു. മുഷിഞ്ഞുനാറുന്ന ചട്ടയും അതിലും കഷ്ടമായ മുണ്ടും ആയിരുന്നു വേഷമെങ്കിലും എനിക്കെന്തെന്നില്ലാത്ത സ്നേഹമായിരുന്നു അവരോട്. എത്ര കൊടുത്താലും വൃത്തികേടായിട്ടല്ലാതെ അവർ നടക്കില്ല. പറഞ്ഞുപറഞ്ഞ് അമ്മ തോററു. ഒടുവിൽ ഒരു ദിവസം വിളിച്ചു കുറെ ശകാരിച്ചശേഷം, തന്ന തുണികളെല്ലാം എന്തു കാണിച്ചു എന്നു ചോദിച്ചപ്പോഴാണ് സത്യം തുറന്നുപറയുന്നത്.

“അതെല്ലാം ഞമ്മട പുന്നാരമോളക്ക് കൊടുത്ത്. ആ ‘പുന്നാരമോളുടെ’ പക്കൽനിന്നു ദിവസവും കിട്ടുന്നത് അടിയും തൊഴിയുമാണെങ്കിലും തനിക്കു കിട്ടുന്ന സകലതും —ആഹാരംപോലും— പാത്തുമ്മ അവളുടെ കാല്ക്കൽ വയ്ക്കും.

സ്കൂളിൽ സമയം തെററിയെത്തിയാൽ പേടിക്കയേ വേണ്ട. പാത്തുമ്മ സമാധാനം പറഞ്ഞുകൊള്ളും. അവർ സമാധാനം പറയുവാൻ ചെന്നാൽ പിന്നെ ആരും മിണ്ടുകയില്ല. ക്ലാസ്സിൽ ഫസ്റ്റായെന്നറിഞ്ഞപ്പോൾ പൂവൻപഴം വാങ്ങിത്തന്നു പ്രോത്സാഹിപ്പിച്ച ആ സ്നേഹനിധിയെ എങ്ങനെ മറക്കും!

വെറുതെ ഇരുന്നു മുഷിയുന്ന ചില ഞായറാഴ്ച ദിവസങ്ങളിൽ ഞങ്ങൾ പതുക്കെ പാത്തുമ്മയുടെ ചുററും കൂടും. ഉച്ചയ്ക്കു മൂന്നുമണിസമയത്തൊക്കെ പാത്തുമ്മയ്ക്കും കുറച്ചൊക്കെ ഒഴിവായിരിക്കും. ഞങ്ങൾ ചെന്നാൽ തുടങ്ങുകയായി നാട്ടുവർത്തമാനം പറയുവാൻ. ‘ന്യൂസ്പേപ്പറെ’ന്നാണ് ചേട്ടൻ അവരെ വിളിച്ചിരുന്നത്. മുൻപ് നെല്ലുകുത്താൻ വന്നിരുന്ന ബായി മരിച്ചത്, ചന്തമുക്കിൽവച്ച് ഒരു പെൺകുട്ടിയുടെ ദേഹത്തിൽ കാറു കയറിയത്, ഉമ്മയുടെ മൂത്ത മകളുടെ കല്യാണം നടത്തിയത്, ഇങ്ങനെ നീണ്ടുപോകും സംഭാഷണവിഷയങ്ങൾ. കൂട്ടത്തിൽ മുഹമ്മദുനബിയുടെ ജീവചരിത്രവും ഉണ്ടാകും. കാര്യങ്ങൾ പൊടിപ്പും തൊങ്ങലും വച്ചു പറയുവാൻ അവർക്കുള്ള കഴിവൊന്നു വേറെ തന്നെയാണ്. അങ്ങനെ ഒരു ദിവസം ചെന്നപ്പോഴാണ് പാത്തുമ്മ ഏതോ പാട്ടു മൂളുന്നതു കേട്ടത്. പിന്നെ ബഹളമായി.

“ഹോയ്! പാത്തുമ്മക്കു പാട്ടറിയാം. ഒന്നു പാടൂന്നേ...” ഞങ്ങളുടെ നിർബ്ബന്ധം സഹിക്കവയ്യാതായപ്പോൾ പാത്തുമ്മ പതിഞ്ഞ ശബ്ദത്തിൽ പാടിത്തുടങ്ങി.

“ലാ .. ഇല്ലല്ലാ...അല്ലാഹു... അല്ലല്ലാ ... അല്ലാഹു...”

നല്ല രസമായിരുന്നു അതു കേൾക്കുവാൻ. പക്ഷേ അതേതു സിനിമയിലേതാണെന്നെനിക്കു മനസ്സിലായില്ല. ഞാൻ പതുക്കെ പാത്തുമ്മയോടു ചോദിച്ചു. പൊട്ടിച്ചിരിച്ചിട്ട് ഉമ്മ പറഞ്ഞു.

“പുന്നാരക്കുട്ടേ, അതു സിനിമാപ്പാട്ടല്ലാന്നും. അതു ഞമ്മട മുഹമ്മദു നബിന്റെ പാട്ടാ.”

അതിൽപിന്നെ എല്ലാ സമയവും നിർബ്ബന്ധിക്കും അതൊന്നു പാടുവാൻ. അപ്പോഴൊക്കെ പാത്തുമ്മ പറയും.

“അതൊന്നും അങ്ങനൊന്നും പാടാമ്പാടില്ല. പായയൊക്കെ വിരിച്ചു മുട്ടുമടക്കി ഇരുന്നിട്ടു വേണം പാടാൻ.”

കളിയായിട്ടാണെങ്കിലും പാത്തുമ്മ പലപ്പോഴും പറയുമായിരുന്നു.

“നിങ്ങളൊക്കെ ബല്യതായിബന്ന്, ബല്യ കൊട്ടാരത്തില് താമസിക്കണ കാലത്ത് പാത്തുമ്മ ബരും. ബടീം കുത്തിപ്പിടിച്ച്, പല്ലും കൊഴിഞ്ഞ്, അപ്പ, പാത്തുമ്മാക്ക് ബല്ലതും തരോ ബീവീ...? അതോ പാത്തുമ്മാന മറക്കോ...?”

പെട്ടെന്നാണ് ഞങ്ങളാ വീട്ടിൽനിന്നും മാറിയത്. ചേച്ചി മിഡിൽസ്കൂളിലേക്കു പോയി. അതിൽപിന്നെ ഒററയ്ക്കാണ് സ്കൂളിൽ പോയിരുന്നതും വന്നിരുന്നതും. ആദ്യമൊക്കെ കുഞ്ഞുപാത്തുമ്മയില്ലാതെ വഴിയിലൂടെ പോകുവാൻ വലിയ വിഷമമായിരുന്നുവെങ്കിലും കൂട്ടുകാരുടെ സാമീപ്യം മൂലം അതു ക്രമേണ അകന്നു. അതിനുശേഷം വളരെ അപൂർവ്വമായേ ഞാൻ പാത്തുമ്മയെ കണ്ടിട്ടുള്ളു. അങ്ങനെയിരിക്കെ ഞെട്ടിക്കുന്ന

ഒരു വാർത്ത നാട്ടു മുഴുവൻ പരന്നു. വീട്ടിലെ കലഹങ്ങളും കഷ്ടസ്ഥിതിയും പാത്തുമ്മയെ ഒരു ഭ്രാന്തിയാക്കി മാറ്റിയത്രേ. 'പുന്നാര മോൾ' തന്നെയായിരുന്നു പ്രധാന കാരണം. എന്റെ പാത്തുമ്മയ്ക്കു ഭ്രാന്തുവരിക! അതൊന്നു സങ്കല്പിക്കുവാൻപോലും എനിക്കു പ്രയാസമായിരുന്നു. പക്ഷേ സ്വന്തം ദൃഷ്ടികളെ വിശ്വസിക്കേണ്ടിവന്നു. യാതൊരു ഉദ്ദേശ്യവുമില്ലാതെ അവർ വെറുതെ വഴിയിൽ വന്നു നില്ക്കുന്നതു ഞാൻ പല പ്രാവശ്യം കണ്ടിട്ടുണ്ട്. ഇത്രയൊക്കെയായാലും, ഏതു ജനക്കൂട്ടത്തിനിടയിൽ വച്ചും വീട്ടിലെ ആരെയെങ്കിലും കണ്ടാൽ അവർ തിരിച്ചറിയുകയും ബഹുമാനം കാണിക്കുകയും ചെയ്യും. കൂട്ടുകാരോടു കൂടി മെല്ലെ നടന്നുപോകുമ്പോൾ അവർ വിളിച്ചു ചോദിക്കും.

"കമലക്കൊച്ചമ്മേല്ലേന്ന്", പാത്തുമ്മാനെത്ര വേഗം മറന്നോ, ബീവീ?"

(എന്റെ പാത്തുമ്മാ…ജീവിതത്തിലൊരിക്കലും എനിക്കു നിങ്ങളെ മറക്കാനാവില്ല. ഈ ബീവി എത്ര നന്ദിയില്ലാത്തവളാണ്!)

കാലങ്ങൾ ഓടിഓടി മറഞ്ഞു. ജീവിതത്തിന്റെ ഗതിതന്നെ മാറി. ജീവിതത്തിന്റെ കണ്ണു നിറഞ്ഞ വശങ്ങളും ഉണ്ടെന്നു നല്ലവണ്ണം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ദുഃഖത്തിനുവേണ്ടി മാത്രം ഒഴിച്ചിടപ്പെട്ട ഒരു കാലഘട്ടം! കയ്യിനും കാലിനും മാത്രമല്ല മനസ്സിനും കൂടി ചങ്ങല വീഴുന്ന ഈ അവസരത്തിൽ നിഷ്കളങ്കതയുടെ ആ വികൃതിത്തരങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ അയവിറക്കുമ്പോൾ അനുഭവപ്പെടുന്നതു മധുരിക്കുന്ന ഒരു വേദനയാണ്. മറ്റുള്ളവരുടെ സന്തോഷംകൊണ്ടു ഞാനെന്റെ വിഷമതകളെ മറച്ചു. പുഞ്ചിരിയുടെ മൂടുപടമിട്ടുകൊണ്ടു നടന്ന ദിവസങ്ങളും അനേകം കഴിഞ്ഞുപോയി.

* * *

പെട്ടെന്നു പുറത്തൊരു കുലുക്കം അനുഭവപ്പെട്ടപ്പോൾ തിരിഞ്ഞു നോക്കി. ഓ! രമയാണ്. ഇനി നോക്കണ്ട.

"ഹോ! മിസ്സ് കമല എന്താ കിനാവുകാണുന്നതു്. ഈ ബസ്സിൽ നടന്ന കോലാഹലങ്ങളൊന്നും അറിഞ്ഞില്ലേ? പെട്ടെന്നാണല്ലോ ചിന്തയിൽ മുഴുകിപ്പോയതു്; അല്ലാ, ഇതെന്താണ്, കണ്ണുകൾ നിറഞ്ഞു കലങ്ങിയിരിക്കുന്നതു്? "What happened to you? വല്ലതും വിഷമം ഉണ്ടെങ്കിൽ ഞങ്ങളോടു പറയണേ…"

ഉടൻ പൊട്ടിച്ചിരിയും വളകിലുക്കവും.

ദേഷ്യമാണു വന്നതു്: "നാശം! ഒന്നു പോകാമോ?

"വന്നിരിക്കുന്നു. നേരം വെളുത്തപ്പോൾ തന്നെ."

"സ്വപ്നം കാണലൊക്കെ പിന്നെയാകാം. ദേ, കോളേജെത്തി. എണീക്ക്."

കോളേജിന്റെ പടികൾ ഓരോന്നായി ചവിട്ടിക്കയറുമ്പോഴും, ആ കിനാവിലെ ചിത്രങ്ങൾ മനസ്സിൽ നൃത്തം ചവിട്ടുകയായിരുന്നു.

കുഞ്ഞുപാത്തുമ്മ……………പണ്ടത്തെപ്പോലെ ആ തട്ടം പിടിച്ചു വലിയ്ക്കാനും, കാതില എണ്ണിനോക്കാനും, കിടന്നുകൊഞ്ചുവാനും ഒരിക്കൽക്കൂടി കഴിഞ്ഞെങ്കിൽ!

ആ പ്രൈമറി സ്കൂൾ…പള്ളിമുറ്റത്തെ ആ പഞ്ചാരമണലിൽ കൂട്ടംകൂടി കളിക്കുന്ന പിഞ്ചോമനകളുടെ ഒപ്പം ഒരു കൊച്ചുകുഞ്ഞായിച്ചേർന്നു കുത്തിമറിഞ്ഞു ലസിക്കാനും ഉണ്ണിപ്പാവകൾ ഉണ്ടാക്കി കഞ്ഞിയും കറിയും വച്ചു കളിക്കുവാനും ഒരിക്കൽക്കൂടി സാധിച്ചെങ്കിൽ— ! ഒരു നിമിഷ നേരത്തേയ്ക്കെങ്കിലും!

…ഭൂതകാലത്തെ താലോലിച്ചിട്ടെന്തു ഫലം…?

* * *

പുറകിൽനിന്നു് അപ്പോഴും വളകിലുക്കവും, അമർത്തിയ ചിരിയും ഉയർന്നു കേട്ടു.

# ടൂറിസ്റ്റുകളുടെ "സ്വർഗ്ഗ"ത്തിലേക്കു

[ആൻറണി പാറയ്ക്കൽ, Cl. I. Maths.]



നവംബർമാസത്തിലെ പ്രശാന്തസുന്ദരമായ ഒരു സായാഹ്നം. ഞങ്ങളെ നാല്പത്തിയേഴ് വിദ്യാർത്ഥികളേയും നാല് അദ്ധ്യാപകരെയും വഹിച്ചുകൊണ്ട് കെ. എം. എസ്സ്.കാരുടെ പുതിയ ഒരു ബസ്സ് തേക്കടിയെ ലക്ഷ്യമാക്കി പായുവാൻ തുടങ്ങി. മൂകമായ കോളജന്തരീക്ഷവും, കണ്ണു ചിമ്മി നോക്കുന്ന ചില നക്ഷത്രങ്ങളും ആയിരുന്നു അന്നത്തെ ഞങ്ങളുടെ യാത്രയ്ക്ക് ദൃക്സാക്ഷികൾ. മാത്തമാറ്റിക്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ആ ഉല്ലാസയാത്രയെ നയിച്ചത് ശ്രീമാൻ കെ. പി. മാത്യു ആയിരുന്നു. സഹായികളായി, സി. റ്റി. ബഞ്ചമിൻ, എം. മാധവൻകുട്ടി, ജയകർ ഡേവിഡ് എന്നീ അദ്ധ്യാപകരും ഉണ്ടായിരുന്നു, കൂടാതെ ഞങ്ങളുടെ സെക്രട്ടറി വിശ്വംഭരനും.

എന്റെ സഹയാത്രികരെല്ലാവരും തന്നെ 'ഓമർഖയ്യാ'മിന്റെ തത്വത്തെ കാണാതെ പഠിച്ചവരാണെന്ന് അവരുടെ ഒടുങ്ങാത്ത ആഹ്ളാദപ്രകടനങ്ങൾ കണ്ടാൽ അറിയാമായിരുന്നു. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ചില നിമിഷകവിയിത്രികളുടെ അപാര കഴിവുകൊണ്ട് ഫലിതപ്രായമെങ്കിലും, അന്നത്തെ യാത്രയുടെ ചുരുങ്ങിയ രൂപംകൊണ്ട ഒരു വഞ്ചിപ്പാട്ട് രൂപമെടുത്തു. ചുരുക്കിപ്പറഞ്ഞാൽ യാത്ര പൊതുവെ രസകരമായിരുന്നു. അങ്ങനെ, 'മാരത്തോൺ റെയിസ്'നെ ഓർമ്മിപ്പിച്ചുകൊണ്ട് കത്തിയെരിയുന്ന രണ്ടു പന്തവും പിടിച്ച് ഓടിയോടി കോട്ടയത്തെ 'ബെസ്റ്റോട്ടലി'ന്റെ മുമ്പിൽ വന്ന് കിതച്ചുകൊണ്ട് ബസ്സ് നില്പായി. സമയം ശനിയാഴ്ചയിലെ ആദ്യത്തെ മണിക്കൂർ. കാപ്പി കഴിഞ്ഞുണ്ടായ നവോന്മേഷത്തോടുകൂടി വീണ്ടും ഞങ്ങൾ യാത്ര തുടർന്നു. ഇരുവശവും മുറ്റിത്തഴച്ചു നില്ക്കുന്ന വൃക്ഷങ്ങൾകൊണ്ട് കൂട്ടുവരാമെന്നു പറഞ്ഞ ചന്ദ്രികയ്ക്ക് ഞങ്ങളുടെ കൂടെ വരുവാൻ സാധിച്ചില്ല. എങ്കിലും സ്നേഹമതിയായ അവൾ ഇടയ്ക്കിടയ്ക്ക് ചില വൃക്ഷച്ചില്ലകളിൽക്കൂടി ഞങ്ങളെ പാളിനോക്കുന്നുണ്ടായിരുന്നു. കിഴക്ക് വെള്ളകീറിയപ്പോൾ ഞങ്ങൾ കുമളിയിൽ എത്തി. ഹൊ! എന്തൊരു തണുപ്പായിരുന്നു.

കുമളിയിൽ ഞങ്ങൾ അല്പവിരാമമിട്ടിരിക്കയാണ്. പുതുമ തുളുമ്പുന്ന ആ നാടൊന്നു കാണാൻ, ഞാൻ ഇറങ്ങിപ്പുറപ്പെട്ടു. നാം ഇൻഡ്യാക്കാരാണ്, അതിൽ നമ്മളെല്ലാം കേരളീയരും. അതുപോലെ വേറെയും ചിലരുണ്ട്, ആസാമീസെന്നും, മദ്രാസികളെന്നും, ബങ്കാളികളെന്നും മറ്റും മറ്റും. പക്ഷെ ഈ വ്യത്യാസങ്ങളെല്ലാം ചില അതിർത്തികളാണ് നിശ്ചയിക്കുന്നത്. ഇതിനുദാഹരണം കുമളിയിലെ ഒരു കാഴ്ചയാണ്. കുറച്ച് അകലെയായി വലിയൊരു ഇരുമ്പുഗേററ്, അതിൽ വലിയൊരു ആർച്ചിൽ ഇപ്രകാരം എഴുതിയിരിക്കുന്നു, "മദ്രാസ് സ്റ്റേററ്," ഞാനല്പമൊന്നു പകച്ചുപോയി. എന്തോ ഒന്നിന്റെ അവസാനം കണ്ടതുപോലെ. എന്ത്? എന്റെ കേരളം ഇവിടംകൊണ്ട് അവസാനിച്ചുവോ? നിർജ്ജീവമായ ആ പടികൾക്ക് അതിന് എന്തു സമാധാനം പറയുവാൻ സാധിക്കും. അപ്പോഴേ

ജ്ജം മിനുക്കുപണികൾ കഴിഞ്ഞു് ഞങ്ങളുടെ സ്നേഹിതകൾ തിരിച്ചെത്തിയിരുന്നു. എല്ലാവരുംകൂടി തേക്കടിക്കു പുറപ്പെട്ടു. കുളികഴിഞ്ഞു് ഈറൻമാറി ഉണക്കവസ്ത്രങ്ങൾ ധരിച്ചു് അണിഞ്ഞൊരുങ്ങാതെയുള്ള പ്രകൃതിദേവിയുടെ ആ നില്പു കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ ആനന്ദം പറഞ്ഞറിയിക്കാൻ വയ്യ. എന്തു ചെയ്യാൻ പററും. ഉരുണ്ടു വന്ന ആനന്ദം ചവച്ചിറക്കുക തന്നെ ചെയ്തു. അല്പസമയംകൊണ്ടു് തേക്കടിയിലെ രണ്ടാം ക്ലാസ്സ് വിശ്രമകേന്ദ്രത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. അവിടെയും ഉണ്ടു് വലിയൊരു വിഭാജകവേലി. ഒന്നാം ക്ലാസ്സ്, രണ്ടാം ക്ലാസ്സ്, വേലിയുടെ അപ്പുറവും ഇപ്പുറവും. വേറൊരു ഭാഷയിൽ പറയുകയാണെങ്കിൽ പണക്കാരനെന്നും പാവപ്പെട്ടവനെന്നും. എന്തുകൊണ്ടാണെന്നറിഞ്ഞില്ല. അവിടെ ചെല്ലുന്ന ഈ രണ്ടു കൂട്ടരുടേയും ആവശ്യം ഒന്നാണെന്നു് നമ്മുടെ സർക്കാർ അറിഞ്ഞിട്ടില്ലെന്നുവരുമോ? ഞങ്ങൾ പാവങ്ങളുടെ കൂട്ടത്തിലാണു് ചെന്നതു്. ശുചീകരണാവശ്യങ്ങൾ കഴിഞ്ഞു് കാപ്പികുടിയും നടത്തി. "ടൂറിസ്റ്റുകളുടെ സ്വർഗ്ഗം" എന്നു് ലോകപ്രസിദ്ധി നേടിയ തേക്കടിയിലെ ഒളിഞ്ഞുകിടക്കുന്ന ആ സ്വർഗ്ഗീയസൗന്ദര്യം അനുഭവിച്ചറിയാൻ ഞങ്ങൾ പുറപ്പെട്ടു.

അവിടത്തെ ഞങ്ങളുടെ പ്രധാന പരിപാടി ബോട്ടിംഗ് ആയിരുന്നു. "ആരണ്യനിവാസ്" എന്ന പേരുള്ള അവിടത്തെ ഓഫീസിൽ പോയി അഞ്ചു ബോട്ടുകൾ വാടകയ്ക്കെടുത്തു. "ജലഉഷ, ജലകന്യക, കേരളകുമാരി, ഇന്ദിര, ജലദേവത" എന്നിവയായിരുന്നു ആ അഞ്ചു ബോട്ടുകൾ. എഞ്ചിൻ പിടിപ്പിച്ച ആ "കടലാസു" ബോട്ടുകളിൽ, പത്തുപേർ വീതം കയറി ഞങ്ങൾ യാത്ര തുടങ്ങി.

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങി മുങ്ങി,
കരളും മിഴിയും കവർന്നു മിന്നി" എന്ന ചങ്ങമ്പുഴയുടെ വരികൾ അവിടെ ഉടലാർന്നു നില്ക്കുന്നതുപോലെ തോന്നി. വാക്കുകൾകൊണ്ടു വർണ്ണിക്കാൻ കഴിയാത്ത പ്രകൃതിദേവിയുടെ ചിത്രരചനാപാടവം എന്റെ അപക്വമായ ഈ തൂലികകൊണ്ടു് സാധിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. പക്ഷെ പെയിൻറിംഗിൽ ഏർപ്പെട്ടിരുന്ന ദേവിയുടെ കയ്യിൽനിന്നും അബദ്ധത്തിൽ മറിഞ്ഞു വീണ നീലച്ചായമാണു് ആ കാട്ടരുവിയെന്നു് ആരും സമ്മതിക്കും. പണ്ടു് ആ പ്രദേശങ്ങൾ വലിയ കാടുകളായിരുന്നുവെന്നും ദേവിക്കു വന്ന കൈപ്പിഴയാൽ ഒരു അരുവിയായി മാറിയിരിക്കയാണെന്നും, എങ്കിലും ജന്മഭൂമി വിട്ടുപോകുവാൻ മടിച്ചുനില്ക്കുന്ന ചില പ്രേതവൃക്ഷങ്ങൾ ആ അരുവിയിൽ നിൽപ്പുണ്ടെന്നുമുള്ള വസ്തുതകൾ അതിനു തെളിവാണു്.

അങ്ങനെ പോകുമ്പോഴാണതു കണ്ടതു്; വളരെ അടുത്തായി കരയിൽ ഒരു കൂട്ടം ആനകൾ നിന്നു മേയുന്നു. ഞാനെന്റെ ബൈനോക്കുലേഴ്സ് ഒന്നു ഉപയോഗിച്ചു നോക്കി. ആകെ ഒൻപതെണ്ണമുണ്ടു്. അച്ഛനും അമ്മയും ഉൾക്കൊണ്ട ഒരു പൂർണ്ണകുടുംബം തന്നെയായിരുന്നു അതു്. മുൻപിൽ നടക്കുന്ന



"നല്ല യുക്തി." *By* **P. N. Chandran, Class II Phy.**

ഗജവീരന്റെ തല ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ആ നടപ്പുകണ്ടാൽ അറിയാം താൻ തന്നെയാണ് കുടുംബത്തലവനെന്ന്. പുറകിൽക്കൂടി നടന്നിരുന്ന പിടിയാന ഞങ്ങളെ കണ്ടപ്പോൾ തലയൊന്ന് എടുത്തു പിടിച്ചു കുലുക്കി. ഒരുപക്ഷേ അതിഥികളായ ഞങ്ങളെ അവരുടെ രാഷ്ട്രത്തിലേക്ക് ക്ഷണിച്ചതായിരിക്കാം. ഞങ്ങളിൽ ഭൂരിഭാഗത്തിനും വീട്ടിൽ തിരിച്ചെത്താൻ ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ട് ആരും തന്നെ ആ ക്ഷണം സ്വീകരിച്ചില്ല. അങ്ങനെ പോകുമ്പോഴാണ് ആരോ പറഞ്ഞുവിട്ടതുപോലെ ഒരു പെരുമഴ വന്ന് തുറന്ന ബോട്ടിൽ സഞ്ചരിച്ചിരുന്ന ഞങ്ങളെ കുളിപ്പിച്ചത്. തലേദിവസം ഞങ്ങൾമൂലം നിദ്രാഭംഗംവന്ന പ്രകൃതിദേവിതന്നെ നല്കിയ ശിക്ഷയാവാമത്. സഹിക്കവയ്യാതെ ഞങ്ങൾ കരയ്ക്കിറങ്ങി. “പാലസ്” എന്ന പേരുള്ള ഒരു ഹർമ്മ്യത്തിൽ കയറിനിന്നു. തന്റെ പ്രയത്നം ഫലിച്ചില്ല എന്നു കണ്ടപ്പോൾ വൃഷ്ടിദേവത തന്നെ തോൽവി സമ്മതിച്ചു. ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. അപ്പോഴാണ് എങ്ങുനിന്നോ ഒരു കിലുകിലാ ശബ്ദം കേട്ടത്. തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് പല്ലിളിച്ചു കാണിച്ചുകൊണ്ടിരിക്കുന്ന കുരങ്ങച്ചന്മാരെയാണ്. മറ്റൊരു വശത്ത് ചിലർ ഒളിച്ചുകളിക്കുന്നു. ആരെന്നറിയേണ്ടേ! അവരാണ്, തലയിൽ ശാഖോപശാഖകളായി കൊമ്പുകൾ വച്ചു പിടിപ്പിച്ചിട്ടുള്ള കലമാനുകൾ. ഈ സന്ദർഭങ്ങളിലെല്ലാം ചിലരുടെ ക്യാമറകൾ ക്ലിക്ക് എന്ന് ശബ്ദമുണ്ടാക്കി ചില മോഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ചിലവ വിജയിക്കുകയും ചെയ്തു. ചിലത് പരാജിതമായി. ജയിച്ചവരുടെ കളവുമുതലുകൾ നിങ്ങൾക്കിവിടെ കാണാം.

‘ജലഉഷ’ ഞങ്ങളെയും വഹിച്ചുകൊണ്ട് കാററിൽ വിട്ടൊരു യാനപാത്രം കണക്കിന് പായുകയാണ്. അപ്പോഴാണ് എന്റെ ഒരു സുഹൃത്ത് എന്നെ സ്വപ്നലോകത്തിൽനിന്നും പിടിച്ചിറക്കി ഒരു പുരാണകഥ പറഞ്ഞുതന്നത്. “പണ്ട് ശ്രീരാമനും കൂട്ടരുംകൂടി സീതയെ രക്ഷിക്കാൻ ലങ്കയിലേക്കു പുറപ്പെട്ടു. കടൽ തരണം ചെയ്യാൻ അവർക്കൊരു പാലം കെട്ടേണ്ടിയിരുന്നു. അതിന് അവർ ചെളിയും മണ്ണുമാണ് ഉപയോഗിച്ചത്. ഇത് വിശ്വസിക്കാൻ നിങ്ങൾക്ക് വിഷമമുണ്ടല്ലേ? വിഷമിക്കണ്ട. ആ അണക്കെട്ട് കാണുമ്പോൾ ആ മനഃപ്രയാസം തീരും.” ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങൾ ആ അണക്കെട്ടിന്റെ അടുക്കൽ എത്തിയിരുന്നു. ഒപ്പംതന്നെ മററുള്ളവരും. അങ്ങിനെ എല്ലാവരുംകൂടെ തേക്കടിയിലെ അണക്കെട്ട് കാണാൻ പുറപ്പെട്ടു. പ്രകൃതിസൗന്ദര്യലഹരിയിൽ മതിമറന്ന ഞങ്ങൾ രാജ്യത്തിന്റെ ഇന്നത്തെ അടിയന്തിരാവസ്ഥയെപ്പററി പാടേ മറന്നിരുന്നു. “ആരും ക്യാമറ ഉപയോഗിച്ചുകൂടാ” എന്ന ഡാം സെക്യൂരിററി ഓഫീസറുടെ ആജ്ഞ കേട്ടപ്പോഴാണ് അതിനെപ്പററി ഞങ്ങൾ ഓർമ്മിച്ചത്. ക്യാമറകളെല്ലാം അദ്ദേഹത്തെ ഏല്പിച്ചിട്ട് ഞങ്ങൾ പുറപ്പെട്ടു. കൂട്ടുകാരന്റെ വിവരണത്തിൽ മറഞ്ഞുകിടന്ന രഹസ്യം കണ്ടുപിടിക്കുവാനായി അവിടെ കണ്ട ഒരു ഉദ്യോഗസ്ഥനോട് ആ ഡാമിനെക്കുറിച്ചുള്ള ഒരു ചെറിയ വിവരണം ഞാൻ ആവശ്യപ്പെട്ടു. അപ്പോഴാണ് ഞാൻ അത്ഭുതപരവശനായി കണ്ണുമിഴിച്ചുപോയത്. വർഷങ്ങളായി പ്രകൃതിയിലെ വ്യതിയാനങ്ങളെ കൂസാതെ കഴിഞ്ഞുപോയ ശില്പികളുടെ അപാരകഴിവിനു മകുടം ചാർത്തി നില്ക്കുന്ന ആ ജലഭിത്തി വെറും ശർക്കരയും ചുണ്ണാമ്പും കൊണ്ട് നിർമ്മിച്ചതാണെന്ന്! എന്നാൽ യാന്ത്രികയുഗത്തിന്റെ ചില സന്താനങ്ങൾ ഇപ്പോൾ ആ ജലഭിത്തിക്ക് കൂടുതൽ ബലം കൊടുക്കാൻ സിമന്റു ദ്രാവകം ഡ്രില്ല് ചെയ്ത് ഇറക്കുന്നുണ്ട്. ഇക്കൂട്ടർ എത്രകണ്ട് കിണഞ്ഞു ശ്രമിച്ചാലും ഇതുപോലൊന്ന് ഇനി ഉണ്ടാക്കുവാൻ സാധിക്കുന്ന കാര്യം കണ്ടു തന്നെ അറിയണം. അവിടമെല്ലാം ചുററി കണ്ട് തിരിഞ്ഞപ്പോൾ അങ്ങു കുറച്ചു മാറി ചില കല്ലറകൾ കണ്ടു. അതിൽ അന്ത്യവിശ്രമം കൊള്ളുന്ന മരിച്ചിട്ടും മരിക്കാത്ത ചിലരുടെ പേരുകൾ കൊത്തിയിട്ടുണ്ട്. അവർ ഇതിഹാസങ്ങളെ സഫലീകരിച്ച, ആ അണക്കെട്ടിന്റെ ശില്പികളിൽ ചിലരാണ്. ഭാവി തലമുറയ്ക്കുവേണ്ടി ഇത്രയും ചെയ്ത അവരോട് എന്റേതായ കൃതജ്ഞത രേഖപ്പെടുത്തണമെന്നുണ്ടായിരുന്നു എനിക്ക്. പക്ഷെ അതിനു സാധിക്കായ്കയാൽ നിസ്സഹായതയിൽ നിന്നുണ്ടായ രണ്ടുതുള്ളി കണ്ണുനീർ

അവരുടെ കഴിമാടങ്ങളിൽ സമർപ്പിച്ചിട്ട് ഞാൻ യാത്ര പറഞ്ഞു.

ഉടൻതന്നെ എല്ലാവരും അവിടെനിന്നും രാവിലെ ഞങ്ങൾ പുറപ്പെട്ട സ്ഥാനത്തേയ്ക്കു മടങ്ങി. കണ്ടതെല്ലാം ഒന്നുകൂടി അയവിറക്കിക്കൊണ്ട് ഞങ്ങൾ ബോട്ടുകടവിൽ എത്തി. അങ്ങനെ എന്റെ ജീവിതത്തിൽ മായാത്ത ഒരു മുദ്ര പതിപ്പിച്ചുകൊണ്ട് ആ ബോട്ടിംഗ് അവസാനിച്ചു.

റ്റി. ബി. യിലെത്തി ഉച്ചയ്ക്കുള്ള ഊണും കഴിഞ്ഞ് രണ്ടരമണിയോടുകൂടി ഞങ്ങൾ ആ 'വഴിയമ്പലത്തോട്' യാത്ര പറഞ്ഞു. ആഗ്രഹങ്ങൾ മുഴുവനും സഫലീകരിക്കാതെ മടങ്ങേണ്ടി വന്ന ഞങ്ങൾക്ക് നിരാശ തോന്നാതിരിക്കാൻ പ്രകൃതിദേവി നവയൗവനാഢ്യയായ തരുണിയെപ്പോലെ വർണ്ണശബളിമയുള്ള വസ്ത്രങ്ങൾ ധരിച്ച്, 'വേഡ്സ്‌വർത്തി'നെപ്പോലെ ഒരു ലക്ഷം പ്രകൃതിഗായകന്മാർ വർണ്ണിച്ചാലും തീരാത്ത സൗന്ദര്യത്തിന്റെ ഉറവിടമായി നിലകൊണ്ടു. കൂട്ടതലും ഇറക്കപ്രദേശമായതുകൊണ്ട് വണ്ടി വളരെ വേഗത്തിൽ പൊയ്ക്കൊണ്ടിരുന്നു. പെട്ടെന്ന് വലിയൊരാരവം ഞങ്ങൾക്കെതിരെ വരുന്നതു പോലെ തോന്നി. വണ്ടിനിന്നു. എല്ലാവരും ചാടി പുറത്തിറങ്ങി. ഉദ്ദേശം ഇരുനൂറടി ഉയരത്തിൽനിന്നു വരുന്നൊരു വെള്ളച്ചാട്ടം. കരിമ്പാറക്കെട്ടിൽ വിരിച്ച ആ വെള്ളത്തിരശ്ശീലയെ പശ്ചാത്തലമാക്കി ഞങ്ങൾ പല ഫോട്ടോകളും എടുത്തു. ഹാ! എന്തൊരു ഭംഗിയായിരുന്ന ആ കാഴ്ച! അവിടെ അല്പ സമയം വിശ്രമിച്ചിട്ട് ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. അങ്ങനെ പോകുമ്പോഴാണ് എല്ലാവർക്കും നവോന്മേഷം പകർന്നുകൊടുത്ത ചില പാട്ടുകൾ പൊങ്ങിക്കേട്ടത്. മാത്യു സാറും ബഞ്ചമിൻ സാറും പാടാൻ തുടങ്ങിയിരിക്കുന്നു. തലേരാത്രിയിൽ ഉറക്കമിളച്ച് ക്ഷീണിച്ചിരുന്ന ഞങ്ങൾ ക്ഷീണമെല്ലാം മറന്ന് ഉത്സാഹഭരിതരായി. ഈ കൂട്ടർ ഇംഗ്ലീഷ്പാട്ടും, വഞ്ചിപ്പാട്ടും പാടാൻ തുടങ്ങിയപ്പോൾ പുരോഗമനവാദികളായ മാധവൻകുട്ടി സാറും ഡേവിഡ് സാറും സിനിമാപ്പാട്ടുകളാണ് പാടാൻ തുടങ്ങിയത്. ആ പാട്ടുകളൊന്നും ഒരിക്കലും ഞങ്ങൾക്ക് മറക്കുവാൻ സാധിക്കുകയില്ല. അത്രകണ്ട് അവ ഞങ്ങളിൽ സ്വാധീനം ചെലുത്തിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ഒരു സഹയാത്രികയായ വിലാസിനിയുടെ വീടിന്റെ മുന്നിൽ വണ്ടി നിന്നപ്പോഴാണ് എനിക്ക് ഞാൻ വണ്ടിയിലായിരുന്ന എന്നോർമ്മ വന്നത്. എല്ലാവരും ആ വീട്ടിൽ കയറി അല്പം വിശ്രമിച്ച് ഭംഗിയായി കാപ്പിയും കുടിച്ച് അവരോട് നന്ദിപറഞ്ഞു യാത്രതുടർന്നു. കോട്ടയത്ത് വണ്ടി സ്വല്പസമയം നിറുത്തി. അവിടെവച്ച് ചിലരെല്ലാം ഷോപ്പിംഗിനുപോയി ചിലതെല്ലാം വാങ്ങിക്കൊണ്ടുവന്നു. ഓറഞ്ച്, കേക്ക് എന്നുവേണ്ട ഓരോരുത്തരുടെയും പേക്ക് ഓരോന്ന്. അവിടുന്നും വണ്ടി പുറപ്പെട്ടു. കവലകളിൽ നിന്ന് എത്തിനോക്കുന്ന വിളക്കുകാലുകൾ നൂറുകണക്കിന് ഓടി മറഞ്ഞു. ക്രമാതീതമായി വണ്ടിയുടെ വേഗത കൂടുവാൻ തുടങ്ങി. വൈക്കത്ത് എത്തിയപ്പോൾ പെട്ടെന്ന് പുറകിലെ ചക്രങ്ങളിൽനിന്ന് ഒരു ശബ്ദം കേട്ടു. അതുവരെയും ഉറക്കം തൂങ്ങാൻ ഞാനോ നീയോ മിടുക്കി എന്ന് പറഞ്ഞ് തലയിട്ടടിച്ച് മത്സരിച്ചുകൊണ്ടിരുന്ന സ്നേഹിതകളും സ്നേഹിതന്മാരും ഓർക്കാപ്പുറത്തുണ്ടായതായ ഒച്ച കേട്ട് ഒന്നു പകച്ചു. മറ്റൊന്നുമല്ലായിരുന്നു. ഒരു വീൽ പഞ്ചറായതിന്റെ ശബ്ദമായിരുന്നു അത്. ഉടനെതന്നെ വണ്ടി നിറുത്തി. കരുതിവച്ചിരുന്ന ചക്രം പൊട്ടിയ ചക്രത്തിന്റെ സ്ഥാനത്തു സ്ഥാപിച്ച് ബസ്സ് വീണ്ടും ഓട്ടമാരംഭിച്ചു. അങ്ങനെ വൈറ്റില, തമ്മനം, ഇടപ്പള്ളി, ആലുവാ മുതലായ സ്ഥലങ്ങൾ തരണം ചെയ്ത് കോളജ് റോഡിൽ എത്തി. അപ്പോൾ കെടാൻ പോകുന്ന ദീപം ആളിക്കത്തുന്നതുപോലെ എല്ലാവരുംകൂടി "മാത്തമാറ്റിക്സ് അസോസിയേഷൻ 'കീ'ജയ്'" എന്ന് ഉറക്കെ ആർത്തുവിളിച്ച് ഞങ്ങളുടെ പ്രത്യാഗമനവാർത്ത പ്രസിദ്ധമാക്കി. കൃത്യം പത്തരമണിക്ക് പടിഞ്ഞാറെ പടിക്കടുത്ത് ബസ്സ് വന്നു നിന്നു. അപ്പോഴും തലേന്ന് ഞങ്ങളെ "ടൂറിസ്റ്റുകളുടെ സ്വർഗ്ഗ" ത്തിലേയ്ക്ക് യാത്രയാക്കിയ നക്ഷത്രങ്ങളും ചന്ദ്രികയും അവിടെ, ഞങ്ങളുടെ വരവിനെയും പ്രതീക്ഷിച്ചുകൊണ്ട് നില്പുണ്ടായിരുന്നു.

## THE COLLEGE CAPTAINS (MEN) 1963–'64

Sitting (L. to R): Muthukrishnan Nair (Badminton); K. J. Paul (Football) and K. V. Abraham (Basket-ball).

Second Row (L. to R): T. G. George (Cricket); K. Jacob John (Tennis); V. K. Skariah (Volley-ball); Boobily Oommen (Hockey) and K. Sasidharan Nair (Athletics).

## THE COLLEGE CAPTAINS (WOMEN) 1963–'64

(R. to L): Misses Daisy Verghese (Basket-ball); Jameela M. M. (Badminton); Ramani P. Joseph (Volley-ball); Alice Verghese (Tennikoit) and Mrs. Anna Mathew (Hockey).

THE COLLEGE CAPTAINS (MEN) 1963–'64



THE COLLEGE CAPTAINS (WOMEN) 1963–'64



STATE HOCKEY PLAYER
1963–'64.



Miss Mini Andrews.

STATE BASKET-BALL PLAYERS
1963–'64.




(L. to R.): Miss Kusum Annie Abraham & Miss M. V. Aishabeevi (Captain).

WOMEN'S VOLLEY-BALL TEAM (District Winners)



WOMEN'S VOLLEY-BALL TEAM (District Winners)

On the Floor (R. to L): Muhamad & Supran (Games boys).

Sitting (R. to L): Mr. C. P. Andrews (Lecturer in Physical Education); Ramani P. Joseph (Captain); Dr. P. M. Mathai (Principal); Saramma Mathai; Miss Bava Mani (Lecturer in Physical Education).

Standing (R. to L): Sissy P. Mani; Susan Loo Kuruvilla; Lalithamma K. Joseph; Annie Bessy John; Saramma C. I. and Mary N. V.

കവിത:—

# എന്റെ നാട്

[ജഗൻ ചെറിയനാട്, പൂർവ്വവിദ്യാർത്ഥി]

മരതകാഭവീശിടുന്ന മലകളുള്ള നാട്
രജതഭംഗി കവിയുമോമൽ പുഴകളുള്ള നാട്

കടലിലാട്ടം തിരകൾവന്നു കുമ്പിടുന്ന നാട്
കവിതപോലെ പെൺകിടാങ്ങൾ വിലസിടുന്ന നാട്

പുളകദമാം പരിമളങ്ങൾ കാറ്റിലാട്ടും നാട്
കിളികലങ്ങൾ കളകളങ്ങൾ ചൊരിയുമെന്റെനാട്

കരൾ കുളിരെ പൂനിലാവു പെയ്തിടുന്ന നാട്
കനക ചിങ്ങമോണമൂട്ടാൻ വന്നിടുന്ന നാട്

മഴമുകിലുമദ്ദളം മുഴക്കിടുന്ന നാട്
മയിലുതുള്ളും കുയിലുപാട്ടും കാടിയന്ന നാട്

കർഷക ശ്രീനൃത്യകേളിയാടിടുന്ന നാട്
ഹർഷമാർന്ന കൊയ്ത്തു കാലം പാടിയെത്തും നാട്

പ്രകൃതിയാലനുഗ്രഹീതമാകുമെന്റെ നാട്
സുകൃതികൾക്ക പണ്ടുപണ്ടേയുള്ള നല്ല വീട്

---



"അപ്പോൾ, നീ എന്നോടുകൂടെ മരിക്കാൻ തയ്യാറല്ല, അല്ലേ? സുല്ല്! ഞാൻ തന്ന ഫോട്ടോയും കർച്ചീഫും തിരികെ തരണം."

"കർച്ചീഫു ഞാൻ, മോൾക്കു കൊടുത്തു. പിന്നെ ഫോട്ടോ, അതു പോലത്തെ ഒരു പത്തിരുപതെണ്ണം പെട്ടിയിൽ കെടപ്പുണ്ട്. അതിലേതാണെന്നു നോക്കിയെടുത്തിട്ടു വേണ്ടേ!"

# "കുട്ടികളെ, പൂ തരോ?"

[സാറാമ്മ ജേക്കബ്, ക്ലാസ്സ് III ഫിസിക്സ്]

കൂട്ടിയിട്ടിരിക്കുന്ന ആ ജമന്തിപ്പൂക്കളിലേക്കു ഞാൻ ഒന്നുകൂടി നോക്കി. ഇന്നു ഞങ്ങളുടെ ഹോസ്റ്റലിന്റെ സോഷ്യലാണ്. എങ്ങും ആഹ്ലാദം തിര തല്ലുകയാണ്. പൊട്ടിച്ചിരികളും ആഹ്ലാദപ്രകടനങ്ങളും തിങ്ങിയ ആ അന്തരീക്ഷത്തിൽ എനിക്കു വീർപ്പുമുട്ടുന്നതുപോലെ തോന്നി. എല്ലാവർക്കും തലയിലണിയാനുള്ള ജമന്തിപ്പൂക്കൾ കോർത്തുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. പകുതി കോർത്ത ആ മാലയിലേക്കു ഞാൻ നോക്കി. കൂടെ ആ ജമന്തിപ്പൂക്കളുടെ കൂമ്പാരത്തിലേക്കും! ജമന്തിപ്പൂക്കൾ...! ജമന്തിപ്പൂക്കൾ...! ഞാൻ ചുറ്റും നോക്കി. എന്റെ കണ്ണിനു മുമ്പിൽ ജമന്തിപ്പൂക്കൾ മാത്രം!

ഞാൻ കടിച്ചമർത്തിയിട്ടും ഓർമ്മകൾ തികട്ടിതികട്ടി വരികയാണ്. മൃതകാലത്തിന്റെ പഞ്ജരം വിട്ട് ശോകാത്മകമായ ആ ജീവിതത്തെ വിടർത്തിക്കാട്ടുന്ന സ്മരണകൾ എന്റെ മുമ്പിൽ വന്നു നിരക്കുകയാണ്.... എല്ലാം ഒരു കിനാവുപോലെ....

അന്നൊരു ശനിയാഴ്ചയായിരുന്നു. ഞങ്ങൾ നടക്കാൻ പോയിട്ട് മടങ്ങുകയായിരുന്നു. സൂര്യൻ പശ്ചിമാബ്ധിയിൽ തല ചായിച്ചു കഴിഞ്ഞിരുന്നെങ്കിലും അന്തിവെളിച്ചം വാടിക്കൊണ്ടു നിന്നു—അടർന്നു വീഴാറായ ഒരു പൂവു പോലെ. ആ അന്തിവെളിച്ചത്തിൽ മുങ്ങിക്കുളിച്ചു നിന്ന പച്ചിലപ്പടർപ്പുകളോട് കിന്നാരം പറഞ്ഞുകൊണ്ടു കുസൃതിക്കാറ്റ് ഓടിനടന്നു. അങ്ങ് അകലെ, കുങ്കുമച്ഛായ കലർന്ന ആകാശത്തെ പശ്ചാത്തലമാക്കി തെങ്ങോലകൾ നിശ്ചലമായി നില്ക്കുകയാണ്. ഹോസ്റ്റലിന്റെ സമീപത്തുകൂടി ഒഴുകുന്ന സ്വച്ഛവും നിർമ്മലവുമായ അരുവി, അസ്തമനാർക്കന്റെ ചെങ്കനൽ പ്രഭയെ തന്റെ ദർപ്പണത്തിൽ പകർത്തിയെടുത്തുകൊണ്ടിരുന്നു.

ചുറ്റുപാടുമുള്ള പ്രകൃതിയുടെ മായാവിലാസങ്ങളെ നോക്കിക്കൊണ്ട് അമ്പരന്നു നടന്നിരുന്ന ഞാൻ ആ വഴിവക്കിൽ നിന്ന് ഒരു കുട്ടി എന്തോ വിളിച്ചുചോദിച്ചതു കേട്ടില്ല. കുട്ടി വീണ്ടും ചോദ്യം ആവർത്തിച്ചു.

"കുട്ടികളെ, പൂ തരോ?"

ഞാൻ ഞെട്ടിത്തിരിഞ്ഞു നോക്കി. നാലഞ്ചുവയസ്സു പ്രായമുള്ള ഒരു ചെറിയ പെൺകുട്ടി. പാദത്തിനു മുകളിൽ നില്ക്കുന്ന ഒരു പാവാട മാത്രമായിരുന്നു വേഷം. നെറ്റിത്തടത്തിൽ അധികം നീളമില്ലാത്ത ആ മുടി ചിന്നിച്ചിതറിക്കിടന്നിരുന്നു. വെളുത്തു മെലിഞ്ഞ ആ കുട്ടിയെ ഞാൻ അത്ഭുതത്തോടെ നോക്കി. ഒറ്റനോട്ടത്തിൽ ആരെയും പിടിച്ചുകുലുക്കുന്ന, കത്തിജ്വലിക്കുന്ന ആകാരസൗഷ്ഠവം ഒന്നുമില്ലായിരുന്നെങ്കിലും, ആരെയും ആകർഷിക്കത്തക്ക ഒരു പ്രത്യേക വശ്യത ആ മുഖത്തിനുണ്ടായിരുന്നു. പ്രത്യേകിച്ചും ആ കണ്ണുകൾ! അത്ഭുതം സ്ഫുരിക്കുന്ന ആ നോട്ടം എന്റെ ഹൃദയത്തിൽ ആഞ്ഞുതറച്ചു.

എന്റെ മിഴിച്ചുള്ള നോട്ടം കണ്ടിട്ടാവണം, കുട്ടിയുടെ അമ്പരപ്പ് ഒന്നുകൂടെ വർദ്ധിച്ചു. എങ്കിലും ആശയോടെ എന്റെ തലയിൽ ചൂടിയിരുന്ന ആ പൂവിലേക്കു നോക്കി, കുട്ടി വീണ്ടും ചോദിച്ചു.

"കുട്ടികളെ, പൂ തരോ?"

ഞാൻ എന്റെ കൂട്ടുകാരെ നോക്കി. അവരുടെ ആരുടെ തലയിലും പൂവില്ല. ഞാൻ മന്ദസ്വരത്തിൽ പറഞ്ഞു.

"എന്റെ കയ്യിൽ മാത്രമല്ലേ പൂവുള്ളൂ. പിന്നെ എന്തിനു 'കുട്ടികളേ' എന്നു വിളിക്കുന്നു. 'കുട്ടി, പൂ തരോ?' എന്നു ചോദിക്കൂ. എങ്കിൽ തരാം"

കുട്ടി താഴോട്ടു നോക്കി ലജ്ജാപൂർവ്വം മന്ദഹസിച്ചുകൊണ്ടു മധുരസ്വരത്തിൽ പറഞ്ഞു,

"കുട്ടി...കുട്ടികളെ, പൂ തരോ?"

ഉയർന്നുവന്ന ചിരി കടിച്ചമർത്തി ഞാൻ മൃദുലസ്വരത്തിൽ ചോദിച്ചു.

"കുട്ടിയുടെ പേരെന്താണ്?"

"നന്ദു"

"നന്ദു" ഞാൻ മെല്ലെ പിറുപിറുത്തു.

കേൾക്കാൻ നല്ല ഇമ്പമുള്ള പേര്.

സമയം വളരെ അതിക്രമിച്ചതിനാൽ പൂവ് നസ്രുവിനു കൊടുത്തിട്ട് ഞാൻ ഹോസ്റ്റലിലേക്കു തിരിച്ചു. ഇടയ്ക്കു ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ നസ്രു ആ പനിനീർപുഷ്പം കവിളോടു ചേർത്തു പുഞ്ചിരി പൊഴിച്ചുകൊണ്ട് നില്ക്കുന്നതാണ് കണ്ടത്. പനിനീർപ്പൂവുപോലെതന്നെ ആ കവിളുകളും തുടുത്തിരുന്നു. നസ്രുവിന്റെ ആ മനോഹരമായ ചിത്രം മായാത്ത ചായംകൊണ്ട് എന്റെ ഹൃദയഭിത്തിയിൽ ഞാൻ പകർത്തിക്കഴിഞ്ഞിരുന്നു. നിർമ്മലമായ ഒരു സ്നേഹബന്ധത്തിന്റെ നാന്ദിയായിരുന്നു ആ സംഭവം.

അടുത്തദിവസം കോളേജിലേക്കു പോകുവാനായി ഇറങ്ങിയപ്പോൾ, എന്റെ കണ്ണുകൾ ആശാപൂർവ്വം, ഇടവഴിയുടെ അരികിലുള്ള നസ്രുവിന്റെ വീട്ടിലേക്കു പാഞ്ഞു. നസ്രു വാതില്ക്കൽത്തന്നെ നില്പുണ്ടായിരുന്നു. ഗേറ്റിങ്കൽ കുറുകെ വച്ചിട്ടുള്ള മുളങ്കാലിൽ മുട്ടുംകുത്തി തല പുറത്തേക്കു നീട്ടി നസ്രു വിളിച്ചു ചോദിച്ചു.

"കുട്ടികളെ, പൂ തരോ?"

"ഇത്താത്താ, പൂ തരോ? എന്നു ചോദിച്ചെങ്കിലേ ഇന്നു പൂ തരൂ."

ഞാൻ വാശിപിടിച്ചു. എന്നിട്ട് ഗമവിടാതെ ഒരു നടയും!

ഉടനെ ആ കണ്ഠശബ്ദം വീണ്ടും ഉയർന്നു,

"ഇത്താത്താ"

ഞാൻ സർവ്വവും മറന്ന്, നസ്രുവിന്റെ അടുത്തേക്ക് ഓടിയെത്തി. ആ തുടുത്ത കവിൾത്തടത്തിൽ ഒരുമ്മയും കൊടുത്ത്, ആ കുഞ്ഞിക്കൈകളിൽ പൂവുംവച്ചു നടന്നു.

കോളേജിൽനിന്നും മടങ്ങുമ്പോഴും നസ്രു ഗേറ്റിങ്കൽ നില്പുണ്ടായിരുന്നു.

"കുട്ടികളെ, പൂ തരോ?"

വീണ്ടും അതേ ചോദ്യം. ഞാൻ കേൾക്കാത്ത മട്ടിൽ നടന്നു. അല്പം സങ്കോചത്തോടെ നസ്രു ചോദിച്ചു.

"ഇത്താത്താ പൂ തരോ?"

എന്റെ കയ്യിൽ നസ്രുവിനു കൊടുക്കുവാൻ പൂവൊന്നുമുണ്ടായിരുന്നില്ല. ഞാൻ നസ്രുവിനെ ഹോസ്റ്റലിലേക്കു ക്ഷണിച്ചു.

"ഹോസ്റ്റലിലേക്കു വന്നാൽ ഞാൻ കൈനിറയെ പൂ പറിച്ചുതരാം. പിന്നെ എത്രയോ കഥ പറയാമെന്നോ? നസ്രു വരില്ലേ?"

"ഞാൻ ഉമ്മാനോടു ചോദിക്കട്ടെ."

നസ്രു ഓടിക്കഴിഞ്ഞിരുന്നു. സന്തോഷംകൊണ്ടു ചുവന്നു തുടുത്ത മുഖവുമായിട്ടാണ് നസ്രു മടങ്ങിയെത്തിയത്. നസ്രുവിന്റെ കയ്യും പിടിച്ചു ഞാൻ വേഗം ഹോസ്റ്റലിലേക്കു നടന്നു.

ആ അരുവിയുടെ തീരത്തുചെന്നു പുസ്തകവും താഴെയിട്ട് ഞാനിരുന്നു. നസ്രുവിനെ പിടിച്ച് അരികിലിരുത്തി. നസ്രുവിന്റെ കൊഞ്ചിക്കൊഞ്ചിയുള്ള വർത്തമാനം കേൾക്കാനായി ഞാൻ ചോദിച്ചു.

"നസ്രുവിന് ഉമ്മായെയാണോ, ഉപ്പായെയാണോ കൂടുതൽ ഇഷ്ടം?"

"ഉടുപ്പുവാങ്ങിത്തരുമ്പം ഉപ്പാനേയും, കഥ പറയുമ്പം ഉമ്മാനേയും."

"നസ്രുവിനെ ഉമ്മായ്ക്കാണോ ഉപ്പായ്ക്കാണോ കൂടുതൽ ഇഷ്ടം?"

"ഉപ്പായ്ക്കും ഏറ്റവും ഇഷ്ടം നസ്രുനെയാ. ഉമ്മായ്ക്കും ഏറ്റവും ഇഷ്ടം നസ്രുനെയാ. ഇത്താത്താ: ഇത്താത്തായ്ക്കും എന്നെയല്ലേ ഏറ്റവും ഇഷ്ടം?"

"ഹും, ആര്, ഈ എനിക്കോ? ഹേ, എനിക്കൊട്ടുമല്ല."

നസ്രുവിനെ ശുണ്ഠിപിടിപ്പിക്കുവാനായി ഞാൻ ഗൗരവത്തിൽ പറഞ്ഞു. നസ്രുവിന്റെ മുഖം കാറുകൊണ്ട ആകാശം പോലെ മങ്ങി. പെട്ടെന്ന് എന്തോ ചിന്തിച്ച് ആ മുഖം വീണ്ടും പ്രകാശമാനമായി.

"ഇത്താത്ത നൊണ പറയണ. ഇത്താത്തായ്ക്കും എന്നെയാ ഇഷ്ടം. ഇന്ന് നാസ്സു ചോദിച്ചിട്ടും, നാസ്സൂന് കൊടുക്കാതെ എനിക്കല്ലേ ഇത്താത്ത പൂ തന്നത്. അപ്പം ഇത്താത്തായ്ക്കും എന്നയാ ഇഷ്ടം."

വിജയഭാവത്തിൽ നസ്രു പറഞ്ഞു.

ഞാൻ മെല്ലെ ചിരിച്ചുകൊണ്ടു തലയുയർത്തി, ആ കുഞ്ഞു മുഖത്തെ സകൗതുകം വീക്ഷിച്ചു. സന്ധ്യയുടെ സുവർണ്ണകിരണങ്ങൾ ആ മുഖത്തു നൃത്തം ചെയ്യുകൊണ്ടിരുന്നു.

ഞാൻ തിരിഞ്ഞു മുന്നിലൂടെ മന്ദഗതിയിലൊഴുകുന്ന അരുവിയെ നോക്കി. ഇരുവശത്തുമുള്ള വൃക്ഷങ്ങളുടെ പ്രതിബിംബങ്ങൾ അതിൽ നിഴലിച്ചുകാണാം. സന്ധ്യാപ്രകാശം അതിൽ കനകപ്രഭ വാരിച്ചൊരിഞ്ഞുകൊണ്ടിരുന്നു. കുഞ്ഞലകൾ പൊട്ടിച്ചിരിച്ചുകൊണ്ടു് അകന്നകന്നു പോയി. അവയുടെ ചിരിയിൽ എന്തോ ഒരു പരിഹാസഛായ വ്യാപരിക്കുന്നതുപോലെ എനിക്കു തോന്നി. ഇതുപോലെയുള്ള എത്രയെത്ര ബന്ധങ്ങൾ പൊട്ടി വിടരുന്നതും, വാടി ഞെട്ടററു വീഴുന്നതും താൻ കണ്ടിരിക്കുന്നു. എന്നാവാം ഭാവം!

പക്ഷെ ഞാനും നസുവുമായുള്ള ബന്ധം, അതു് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. വർഷങ്ങൾക്കും അപ്പുറത്തു്. ഈ ഭൂമിയൊക്കെ സൃഷ്ടിക്കപ്പെടുന്നതിനു മുമ്പു തുടങ്ങിയതാണു്.

"ഇത്താത്താ, ഞാന് പോട്ടെ? താമസിച്ചാൽ ഉമ്മാ തല്ലും."

നസുവിൻെറ ശബ്ദം എന്നെ ചിന്തയിൽ നിന്നും ഉണർത്തി. ഞാൻ മെല്ലെ എണീററു നസുവിനോടൊപ്പം നടന്നു. കുഞ്ഞലകൾ ഞങ്ങൾക്കു പുറകിൽ വീണ്ടും പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു. ആ പരിഹാസച്ചിരി എൻെറ ഹൃദയത്തിൽ വീണ്ടും വീണ്ടും മുഴങ്ങിക്കൊണ്ടിരുന്നു.

ഒരു പൂവു് വിടരുന്നതുപോലെ സ്വാഭാവികമായിട്ടായിരുന്നു ഞങ്ങളുടെ ബന്ധം ഉടലെടുത്തതു്. എന്നും വൈകിട്ടു് ആ അരുവിയുടെ തീരത്തു ഞങ്ങൾ ഒന്നിച്ചു കൂടുമായിരുന്നു. ഒരു ദിവസം, ഞാനുണ്ടാക്കിക്കൊടുത്ത കടലാസുകപ്പൽ അരുവിയിലേക്കു് ഒഴുക്കിക്കൊണ്ടു്, നസു എന്നെ തിരിഞ്ഞുനോക്കി പുഞ്ചിരിച്ചു. സന്തോഷം ഓളംവെട്ടുന്ന ആ കണ്ണുകളിലേക്കും നിഷ്കളങ്കമായ ആ മുഖത്തേക്കും ഞാൻ വീണ്ടും വീണ്ടും നോക്കി.

"ഇത്താത്താ, ഇന്നലെ പറയാമെന്നു പറഞ്ഞ കഥ പറയിത്താത്താ. ഞാനുമ്മാനോടു ചോദിച്ചിട്ടു്, ഉമ്മാനും അറിഞ്ഞുകൂടെന്നു പറഞ്ഞു. ഒന്നു പറയിത്താത്താ." കഥ കേൾക്കാനുള്ള ആഗ്രഹം മുഴുക്കെ കണ്ണിൽ പ്രതിഫലിപ്പിച്ചുകൊണ്ടു നസു ഓടിവന്നു. നസുവിനെ മടിയിൽ പിടിച്ചിരുത്തി, ഓമനത്വം തുളുമ്പുന്ന ആ മുഖത്തേക്കു നോക്കി ഞാൻ കഥ പറഞ്ഞു തുടങ്ങി എന്നുമുള്ള പതിവാണതു്. കഥ കേൾക്കുമ്പോഴത്തെ, നസുവിൻെറ മുഖത്തിലെ ഭാവഭേദങ്ങൾ ശ്രദ്ധിക്കുന്നതിനുള്ള കൗതുകം മൂലം, കഥ പറയുന്ന കാര്യത്തിൽ എനിക്കും ഉത്സാഹമായിരുന്നു. നസുവിൻെറ ആകാംക്ഷയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി, ഇടയ്ക്കിടയ്ക്കു ഞാൻ അതുമിതും പറയുമ്പോൾ ആ മുഖം ഒന്നു കാണേണ്ടതാണു്. കോപംകൊണ്ടു് ആ മുഖം ചുവന്നിരിക്കും. ചുണ്ടുകൾ കൂർപ്പിച്ചു് അല്പനേരം ഇരുന്നിട്ടു വീണ്ടും ചോദിക്കും.

"ഓ, ഇത്താത്താ, എന്നിട്ടു് ?"

"എന്നിട്ടെന്താ ആ രാജകുമാരനങ്ങു ചത്തുപോം."

"പോ ഇത്താത്താ, ഒന്നു പറയിത്താത്താ. എന്നിട്ടു് ?"

"എന്നിട്ടൊന്നുമില്ല."

ഹോ, ആ ദേഷ്യം ഒന്നു കാണണം!

"എന്നാ ഞാൻ പോവ്വാട്ടോ? ഇനീം നസുവിനെ വിളിക്കണ്ടെ. അന്നേരമാവട്ടെ."

നസു കടിച്ചമർത്തി പറയും.

"എന്നിട്ടു് ആ രാജകുമാരൻ ഒരു വാളുമെടുത്തു മുന്നോട്ടു ചാടി. എന്നിട്ടു് ആ സിംഹത്തിനെ…"

ഞാൻ നോക്കുമ്പോൾ നസു അവിടെ വിണ്ടും ഇരുന്നിട്ടുണ്ടാവും. കഥ മുഴുമിപ്പിക്കുമ്പോഴായിരിക്കും നസു ശ്വാസം നേരെ വിടുക.

ആഴ്ചകളും മാസങ്ങളും കടന്നുപോയി. എത്ര പെട്ടെന്നാണു് ഒരു വർഷം കഴിഞ്ഞുപോയതു്! തേന്മാവുകൾ വീണ്ടും പൂത്തു. പറങ്കിമാവുകളിൽ ചുവന്ന തേനൂറുന്ന പഴങ്ങൾ നിറഞ്ഞുകഴിഞ്ഞു. ഞങ്ങളുടെ ഹോസ്റ്റലിൻെറ സോഷ്യലുമായി. സോഷ്യലായപ്പോൾ ഞങ്ങളേക്കാൾ സന്തോഷം നസുവിനായിരുന്നു. അവിടുത്തെ കോലാഹലങ്ങൾ നോക്കിനിന്നു രസിക്കുന്നതു നസുവിനു വളരെ ഇഷ്ടമായിരുന്നു. പൂ കോർക്കുകയും മററും ചെയ്തിരുന്നതു ഞാനും നസുവും കൂടെയായിരുന്നു. സോഷ്യലൊക്കെ കേമമായി കൊണ്ടാ

ടി. പിറേറ ദിവസമാണ് ആ നശിച്ച സംഭവം നടന്നതു്.

ഞങ്ങൾ കോളജിലേക്കു പോകുകയായിരുന്നു. എല്ലാവരും യൂണിഫോം സാരിയുമൊക്കെ ധരിച്ചു് ജമന്തിപ്പൂവും ചൂടി, തിടുക്കത്തിൽ നടക്കുകയായിരുന്നു. മഴയാണെങ്കിൽ ഇടതോരാതെ പെയ്യുകയും! ഒരു ഉള്ളിക്കു് ഒരു കുടംവീതം! ആകാശം കറുത്തിരുണ്ടിരുന്നു. നനഞ്ഞ സാരിയും ചുരുട്ടിക്കൂട്ടിപ്പിടിച്ചു് ഞാൻ ഓടുകയായിരുന്നു. ബെല്ലടിക്കാൻ പിന്നെ അഞ്ചു മിനിട്ടേ ഉണ്ടായിരുന്നുള്ളൂ. വേഗത്തിലായിരുന്നെങ്കിലും നസ്സുവിൻെറ വീടിൻെറ അവിടെ എത്തിയപ്പോൾ അങ്ങോട്ടു തിരിഞ്ഞുനോക്കാതിരിക്കുവാൻ എനിക്കു കഴിഞ്ഞില്ല. മഴകാരണം ഗേററിങ്കലേക്കു വരാതെ നസ്സു തിണ്ണയിലിരിക്കുകയായിരുന്നു.

എന്നെയും എൻെറ തലയിലെ ജമന്തിപ്പൂമാലയിലേക്കും നോക്കി നസ്സു മഴനനഞ്ഞോടി ഗേററുങ്കലെത്തി. അപ്പോഴേക്കും ഞാൻ കുറെ മുന്നോട്ടു നടന്നിരുന്നു.

"ഇത്താത്താ, പൂ തരോ?"

നസ്സു വിളിച്ചുചോദിച്ചു. മഴ കാരണം നസ്സുവിൻെറ ശബ്ദം കേട്ടില്ല. നസ്സു എൻെറ പുറകെ ഓടിവന്നു വീണ്ടും ചോദിച്ചു.

"ഇത്താത്താ, പൂ തരോ?"

ഞാൻ തിരിഞ്ഞുനോക്കി. മഴ നനഞ്ഞു കുളിച്ചുനില്ക്കുകയാണു് നസ്സു.

"നസ്സു വീട്ടിലേക്കു് ഓടിപ്പോകൂ, മഴ നനയാതെ. ഞാൻ തിരിച്ചു വരുമ്പോൾ പൂ തരാം."

ഞാൻ ധൃതിയിൽ പറഞ്ഞു.

"അല്ല, ഇതെന്തൊന്നാ? ഇപ്പം മണിയടിക്കും. ഒന്നോടി വന്നേ."

എന്നെക്കാൾ വളരെ അധികം മുന്നിലെത്തിയിരുന്ന എൻെറ കൂട്ടുകാരി വിളിച്ചു പറഞ്ഞു. ഞാൻ വേഗം ഓടി. മെയിൻറോഡിലേക്കു്. ഇറങ്ങാൻനേരത്തു ഞാൻ തിരിഞ്ഞുനോക്കി. നസ്സു ആശയോടെ എൻെറ പുറകെ വീണ്ടും ഓടിവരികയാണു്. തിരികെപ്പോകാൻ കൈകാണിച്ചിട്ടു് ഞാൻ വേഗം നടന്നു. ക്ലാസ്സിൽ ചെന്നിരുന്നിട്ടും എൻെറ ശ്രദ്ധ അവിടെയെങ്ങുമല്ലായിരുന്നു. നസ്സുവിൻെറ ആശാപൂർവ്വമുള്ള ആ നോട്ടം എന്നെ അലട്ടിക്കൊണ്ടിരുന്നു.

ക്ലാസ്സുവിട്ടപ്പോൾ, ഞാൻ ഓടുകയായിരുന്നു. നസ്സുവിൻെറ വീടിൻെറ അടുത്തെത്തിയപ്പോൾ ഞാൻ ആകാംക്ഷാപൂർവ്വം നോക്കി. ആ ജമന്തിപ്പൂമാല ഞാൻ കയ്യിലെടുത്തുപിടിച്ചിരുന്നു. നസ്സുവിനെ ഞാനവിടെയൊക്കെ നോക്കി. രണ്ടുമൂന്നു പ്രാവശ്യം ഞാൻ വിളിച്ചു നോക്കി. യാതൊരനക്കവുമില്ല. ഞാൻ നിരാശയോടെ മടങ്ങി. എൻെറ കയ്യിലിരുന്ന പൂക്കൾ ഞാൻ പിച്ചിച്ചീന്തി ദൂരെയെറിഞ്ഞു.

പാവം നസ്സു അതിനെത്രമാത്രം ആഗ്രഹിച്ചതാണു്.

ദിവസങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. നസ്സുവിനെ ഞാൻ പുറത്തെങ്ങും കണ്ടില്ല. എന്നും ആശാപൂർവ്വം ആ വീട്ടിലേക്കു നോക്കും, എന്നും നിരാശയോടെ മടങ്ങും. അന്നു പൂവു് കൊടുക്കാഞ്ഞതിനു് എന്നോടു പിണക്കമായിട്ടു പുറത്തു വരാത്തതായിരിക്കുമെന്നു ഞാൻ കരുതി. എന്നാലും എത്ര നാളത്തേക്കു ഈ പിണക്കം വച്ചുകൊണ്ടിരിക്കും? രണ്ടു ദിവസം കഴിയുമ്പോൾ വീണ്ടും വന്നു് 'ഇത്താത്താ'യെ കഥ പറയാൻ വിളിക്കും. ഞാൻ സമാധാനിച്ചു.

പേടിപ്പെടുത്തുന്ന എന്തോ സ്വപ്നം കണ്ടുകൊണ്ടാണു ഞാൻ അടുത്ത ദിവസം ഉണർന്നതു്. പേമാരിയുടെ ഇരമ്പലാണു് എന്നെ സ്വാഗതം ചെയ്തതു്. ഞാൻ ജനാലയിലൂടെ പുറത്തേക്കു നോക്കി. കോരിച്ചൊരിയുന്ന മഴ. അങ്ങു്, ആ അരുവി കുത്തി ഒലിച്ചുപായുകയാണു്. അതിലെ വെണ്മയേറിയ ജലത്തിനു പകരം കലങ്ങി മറിഞ്ഞ വെള്ളം ഒഴുകുകയാണു്. ഒരു ദീർഘനിശ്വാസത്തോടെ ഞാൻ കട്ടിലിലേക്കു ചാഞ്ഞു. പുറത്തെന്തോ ബഹളം കേട്ടു ഞാൻ ചാടി എണീററു പുറത്തേക്കു ചെന്നു. "നസ്സുവിനു ന്യുമോണിയാ ആണു്" ആരോ തമ്മിൽ പറയുന്നതു ഞാൻ കേട്ടവെന്നു മാത്രം എനിക്കോർമ്മയുണ്ടു്. ഒരു അര മണിക്കൂറു കഴിഞ്ഞാണു് എനിക്കു പരിസരബോധം ഉണ്ടായതു്. ഞാനൊരു തൂണിൽ ചാരി നില്ക്കുകയായിരുന്നു. ഞാൻ സാവധാനത്തിൽ ഇറങ്ങി നടന്നു. നസ്സുവിൻെറ കട്ടിലിനടുത്തെത്തിയപ്പോൾ ക

ടിച്ചമർത്തിയിരുന്ന എന്റെ ദുഃഖമെല്ലാം അണപൊട്ടിയൊഴുകി. ആ ഇളംമേനിയിൽ തൊട്ടാൽ പൊള്ളുന്ന ചൂടാണ്. ആ കൺപോളകൾ വീങ്ങിയിരുന്നു. വിളറി വെളുത്ത ആ മുഖത്തെ ദയനീയ നോട്ടം നേരിടാൻ ത്രാണിയില്ലാതെ ഞാൻ മുഖം കുനിച്ചിരുന്നു പൊട്ടിക്കരഞ്ഞു.

നസ്റുവിനെ സന്തോഷിപ്പിക്കുവാനായി നസ്റുവിന്റെ ഉമ്മാ പറഞ്ഞു. "മോളെ നോക്ക്, ദേ ആരാണെന്നു, ദേ നിന്റെ ഇത്താത്ത." ഞാൻ നിറമിഴികളോടെ നസ്റുവിനെ നോക്കി. ആ തളർന്ന കണ്ണുകൾ എന്റെ മുഖത്തു ഉറച്ചിരുന്നു. ആ ചുണ്ടുകളിൽ ഒരു മന്ദഹാസം വിടരുകയാണോ ? ഓ ആ ചുണ്ടുകൾ ക്രന്യുകയാണ്. കോമളങ്ങളായ ആ കവിൾത്തടങ്ങളിലൂടെ ചൂടുള്ള രണ്ടുമൂന്നശ്രുകണങ്ങൾ ഉരുണ്ടൊഴുകി. ആ മുഖം ഒന്നാകെ വാടിമങ്ങി. ശേഷം കാണാൻ ശക്തിയില്ലാതെ, ചുണ്ടുകൾ കടിച്ചമർത്തിക്കൊണ്ടു ഞാൻ പുറത്തേയ്ക്കിറങ്ങി.

ആ കണ്ണുകൾ ജമന്തിപ്പൂക്കൾക്കുവേണ്ടി എന്നോടു ദയനീയമായി അപേക്ഷിക്കുകയായിരുന്നില്ലേ ?

"നിറവേററപ്പെടാത്ത ഒരു ആശയുമായി എന്റെ നസ്റു പോവുകയോ ? ഒരിക്കലും പാടില്ല" ഞാൻ ഭ്രാന്തിയെപ്പോലെ പുലമ്പിക്കൊണ്ടു ഓടി. ഹോസ്റ്റലിലെല്ലാം ഞാൻ ജമന്തിപ്പൂ തിരക്കി നടന്നു. എവിടെ കിട്ടാനാണ് ? കരയുന്നവന്റെ കഴുത്തിൽ ഞെക്കിപ്പിടിക്കുകയും ചിരിക്കുന്നവനെ ഇക്കിളിയിടുകയും ചെയ്യുന്നതു ക്രൂരമായ പ്രകൃതിയുടെ വിനോദമാണ്. ഞാൻ വൈരാഗ്യത്തോടെ അനുസ്മരിച്ചു. പൂവില്ലാതെ ഞാനെങ്ങനെ നസ്റുവിനെ അഭിമുഖീകരിക്കും ? ആ കണ്ണുകളിലെ ദയനീയമായ നോട്ടം എന്റെ ഹൃദയം നുറുക്കിക്കളയുകയില്ലേ ?

രണ്ടുമൂന്നു വീടുകളിൽ കയറിയിറങ്ങിക്കഴിഞ്ഞപ്പോൾ എന്റെ ആഗ്രഹം സാധിച്ചു. ജമന്തിപ്പൂക്കളുമായി മടങ്ങുമ്പോൾ എനിക്കു ചാരിതാർത്ഥ്യം ഉണ്ടായി. ഈ പൂക്കൾ കാണുമ്പോൾ ആ മനോഹരമായ നേത്രങ്ങൾ വിടരും. ആ ചുണ്ടുകളിൽ മന്ദഹാസത്തിന്റെ പൂനിലാവു പരക്കും. ആ കവിളുകളിൽ കുങ്കുമച്ഛായ വ്യാപരിക്കും. ജമന്തിപ്പൂക്കൾ കവിളുകളോടു ചേർത്തിട്ടു നസ്റു മന്ത്രിക്കും,

"ഇത്താത്താ, ഒരു കഥ പറ. ഓ പറയിത്താത്താ."

അപ്പോൾ നസ്റുവിനെ പൊട്ടിപ്പൊട്ടിച്ചിരിപ്പിക്കുന്ന ആ കഥ പറയണം. പകുതി പറഞ്ഞിട്ടു നിർത്തണം. അപ്പോൾ ആ മുഖം കോപംകൊണ്ടു തുടുക്കും.

"ഇത്താത്താ, എന്നിട്ട് ? "

" എന്നിട്ടെന്നാ, ആ ഭ്രാന്തനങ്ങു ചത്തുപോം."

"ഹോ ഇത്താത്താ, ഒന്നു പറയിത്താത്താ. എന്നിട്ട് ? "

"എന്നിട്ടൊന്നുമില്ല."

ഒരു കൂട്ടനിലവിളി കേട്ടു ഞാൻ ചുററും നോക്കി. നസ്റുവിന്റെ വീട്ടിലാണതു്. ഞാൻ വീണുപോകുമെന്നു് എനിക്കു തോന്നി. വിറയ്ക്കുന്ന എന്റെ കാലുകൾ ഞാൻ നീട്ടിവച്ചു. എന്റെ കൈകളിലിരുന്ന ജമന്തിപ്പൂക്കളിലേക്കു ഞാൻ നോക്കി.

"ഇല്ല. ഈ പൂക്കൾ കാണാതെ എന്റെ നസ്റുവിന്റെ ആത്മാവിനു പോകാൻ പററുകയില്ല." ഞാൻ സമാധാനിച്ചു.

"എന്റെ മോളെ, നസ്റു…" നസ്റുവിന്റെ അമ്മയുടെ ആർത്തനാദം എന്റെ കാതുകളിൽ കൂരമ്പുപോലെ തറച്ചു. ആവുംവിധം ധൈര്യമവലംബിച്ചു ഞാൻ ആ വീട്ടിലേക്കു നടന്നു.

നസ്റുവിന്റെ വിറങ്ങലിച്ച മുഖത്തേക്ക് ഞാൻ ഒന്നേ നോക്കിയുള്ളു. ആ തണുത്ത ജഡം കെട്ടിപ്പുണർന്നു വാവിട്ടു നിലവിളിക്കുന്ന നസ്റുവിന്റെ ഉമ്മാ ! പുറം തിരിഞ്ഞുനിന്നു കണ്ണുനീരു തുടയ്ക്കുന്ന ഉപ്പാ.

"ഹോ ദൈവമേ ! " ഞാൻ ഭിത്തിയിലേക്കു ചാരി.

"ഞാനാണ് എന്റെ നസ്റുവിനെ നശിപ്പിച്ചതു്. ഞാനാണ് അപരാധി. എല്ലാത്തിനും കാരണം ഈ ഞാനാണ്."

വേദനകൊണ്ടു് എന്റെ ഹൃദയം നുറുങ്ങി. ആ പൂക്കൾ ആ കൈകളിലർപ്പിച്ചിട്ടു ക്ഷമായാചനം ചെയ്യാൻ കഴിഞ്ഞിരുന്നെ

കിൽ! ഇല്ല. ഇന്നാത്തയുടെ വിറയ്ക്കുന്ന കൈകളിൽ നിന്നു പൂക്കൾ വാങ്ങുവാൻ ആ മരവിച്ച കൈകൾ ഇനി ഒരിക്കലും നീളുകയില്ല. നസ്സുവിന്റെ മുഖത്തേക്ക നോക്കാതെ, ആ പൂക്കൾ ആ പാദത്തിങ്കലർപ്പിച്ചിട്ട ഞാൻ മെല്ലെ ഇറങ്ങി നടന്നു.

* * * *

"ഹോയ്", ഇവിടെന്താ ? ദിവാസ്വപ്നം കാണുകയാണോ ? പൂ കൊണ്ടു തീർന്നോ ?" കൂട്ടുകാരിയുടെ ശബ്ദം കേട്ട് ഞാൻ ഞെട്ടിത്തിരിഞ്ഞു. എന്റെ മുമ്പിൽ കൊണ്ടുതീർക്കാൻ ഒരു കുമ്പാരം ജമന്തിപ്പൂക്കൾ കിടക്കുന്നു. ഞാൻ അതിലേക്ക നിർന്നിമേഷയായി നോക്കി. എന്റെ കൂടെ ഇതന്നു ഈ പൂക്കൾ കോർക്കേണ്ട ആ കിളി, പഞ്ജരം വിട്ട പറന്നുപോയി.

ഒരു കൈ നിറയെ ജമന്തിപ്പൂക്കൾ എന്റെ വിറയ്ക്കുന്ന കൈകളിലെടുത്തു ഞാൻ മെല്ലെ ഇറങ്ങി നടന്നു......

എന്റെ നസ്സുവിന്റെ കുഴിമാടത്തിലേക്ക്......



# ഒലിവർ ഗോൾഡ്സ്മിത്തു്

[സി. വേണുഗോപാൽ, ക്ലാസ്സ് I ഇക്കണോമിക്സ്]

'വേക്ഫീൽഡിലെ വികാരി' എന്ന പ്രസിദ്ധ നോവലിന്റെ കർത്താവായ ഗോൾഡ്സ്മിത്തിനെപ്പററി കേട്ടിട്ടില്ലാത്തവർ വളരെ ഉണ്ടായിരിക്കയില്ല. ആ പ്രതിഭാശാലിയുടെ ക്ലേശഭൂയിഷ്ഠമായ ജീവിതത്തിലേയ്ക്കു പ്രകാശം വീശുന്നതിനുള്ള ഒരു ഉദ്യമമാണു് ഈ ലേഖനം.

1728 നവംബർ പത്താം തിയതി അയർലണ്ടിലുള്ള ഒരു ഗ്രാമത്തിൽ ഗോൾഡ്സ്മിത്തു് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ ചാറത്സ് ഗോൾഡ്സ്മിത്തു് ആ ഗ്രാമത്തിലെ ഒരു പള്ളിയുദ്യോഗസ്ഥനായിരുന്നു. പിതാവു് ധനകാര്യങ്ങളിൽ പിടിപ്പില്ലാത്ത ഒരാളായിരുന്നതിനാൽ ഒലിവറിന്റെയും, സഹോദരന്മാരുടെയും ബാല്യകാലം കരൊ അരിഷ്ടതയിലാണു കഴിഞ്ഞതു്. ഗോൾഡ്സ്മിത്തിന്റെ ജനനശേഷം, ആ കുടുംബം 'വെസ്റ്റുമിത്തു്' എന്ന പട്ടണത്തിലുള്ള 'ലിസ്സോയ്' എന്ന ഗ്രാമത്തിലേക്കു താമസം മാററി.

പിതാവിന്റെ ആഗ്രഹം, തന്നെപ്പോലെ പുത്രനായ ഒലിവറും പള്ളിയിലെ ഒരുദ്യോഗം സ്വീകരിക്കണമെന്നായിരുന്നു. പക്ഷേ അതൊരിക്കലും സാധിച്ചില്ല. ഗോൾഡ്സ്മിത്തിന്റെ വിദ്യാഭ്യാസം ആറാംവയസ്സിൽതന്നെ ആരംഭിച്ചു. അക്കാലത്തു് മസൂരിബാധയിൽനിന്നു കിട്ടിയ പാടുകൾ ആ ബാലന്റെ മുഖത്തെ ഏറെക്കുറെ വൈരൂപ്യമുള്ളതാക്കിത്തീർത്തു. ഗോൾഡ്സ്മിത്തിന്റെ വിദ്യാലയജീവിതം ഒട്ടുംതന്നെ സന്തോഷപ്രദമായിരുന്നില്ല. സഹപാഠികളെല്ലാം അദ്ദേഹത്തെ കഠിനമായി പരിഹസിക്കുവാൻ തെല്ലും മടി കാണിച്ചിരുന്നില്ല. പക്ഷേ ഇവർ തന്നെ ആ പ്രതിഭാശാലിയെ പില്ക്കാലത്തു് വാനോളം പുകഴ്ത്തിയിട്ടുമുണ്ടു്.

കുട്ടിക്കാലത്തു് ഗോൾഡ്സ്മിത്തു് കവിതയെഴുതുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. പക്ഷേ അക്കാലത്തു് അദ്ദേഹമെഴുതിയിട്ടുള്ള കവിതകളൊന്നും തന്നെ ഇന്നവശേഷിക്കുന്നില്ല. എഴുതിക്കഴിഞ്ഞയുടനെതന്നെ അദ്ദേഹം അതെല്ലാം അഗ്നിക്കിരയാക്കിയത്രെ!

1745-ൽ, തന്റെ പതിനേഴാമത്തെ വയസ്സിൽ ഗോൾഡ്സ്മിത്തു് 'ട്രിനിററി' കോളജിൽ ചേർന്നു. അവിടെ തറ തൂക്കുക, പാത്രം വൃത്തിയാക്കുക മുതലായ താണതരത്തിലുള്ള ജോലികൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കു് ഫീസ്സൗജന്യമുണ്ടായിരുന്നതിനാൽ നിർദ്ധനനായ ഒലിവറും അക്കൂട്ടത്തിൽ ചേർന്നു് ഫീസ്സു കൊടുക്കേണ്ട ബാദ്ധ്യതയിൽനിന്നും വിമുക്തി നേടി. എങ്കിലും മററു വിദ്യാർത്ഥികളുടെ പരിഹാസശരങ്ങളുടെ കാഠിന്യവും, അദ്ധ്യാപകരുടെ ക്രൂരതയും അദ്ദേഹത്തെ നിരാശനാക്കിത്തീർത്തു. ഒരിക്കൽ സഹപാഠികളുടെ മദ്ധ്യത്തിൽവച്ചു് ക്രൂരനായ ഒരദ്ധ്യാപകന്റെ ഭർത്സനങ്ങൾക്കു പാത്രീഭൂതനായതിൽ പ്രതിഷേധിച്ചു്, തന്റെ പുസ്തകങ്ങളെല്ലാം കിട്ടിയ വിലയ്ക്കു് ആർക്കോ കൊടുത്തതിനുശേഷം ഒലിവർ സ്വന്തം വീട്ടിലേക്കു തിരിച്ചു. എങ്കിലും സ്വസഹോദരന്റെ സാന്ത്വനോക്തികൾക്കു വശംവദനായി അദ്ദേഹം വീണ്ടും കോളജിലേക്കു മടങ്ങുകയാണുണ്ടായതു്.

തന്റെ പത്തൊൻപതാമത്തെ വയസ്സിൽ പിതാവു മരിച്ചതോടുകൂടി ഗോൾഡ്സ്മിത്തു് കേവലം നിരാശ്രയനായിത്തീർന്നു. ഒരു യാചകനു് തെരുവുനീളെ പാടുന്നതിനായി ഗാനങ്ങളെഴുതിക്കൊടുത്തു് അതിൽനിന്നു കിട്ടുന്ന തുച്ഛമായപ്രതിഫലം വാങ്ങിപ്പോലും അദ്ദേഹം അക്കാലത്തു തന്റെ ജീവിതാവശ്യങ്ങൾ നിറവേററിപ്പോന്നു. യാചകൻ ആ പാട്ടുകൾ പാടുന്നതു കേട്ടാനന്ദിക്കുവാൻ വേണ്ടി ഒലിവർ, കോളജിൽനിന്നും രാത്രികാലങ്ങളിൽ ഒളിച്ചുപോകാറുണ്ടായിരുന്നുവത്രെ. ഇരുപത്തൊന്നാം വയസ്സിൽ ബി. എ. ഡിഗ്രി സമ്പാദിക്കുന്നതുവരെ അദ്ദേഹം ട്രിനിററി കോളജിൽത്തന്നെ കഴിച്ചുകൂട്ടി. അതിനുശേഷം നിയമപഠനത്തിനായി ഒരു തുക അമ്മാവൻ കൊടുത്തെങ്കിലും, അതെല്ലാം

ചിട്ടകളിയിലേർപ്പെട്ടും മററും ആ യുവാവ് നശിപ്പിച്ചുകളയുകയാണുണ്ടായതു്.

1775-ൽ ഗോൾഡ്സ്മിത്ത് നടത്തിയ ഒരു വിദേശസഞ്ചാരം അദ്ദേഹത്തിൻെറ ജീവിതത്തിലെ ഒരു സുപ്രധാന സംഭവമാണ്. യൂറോപ്യൻരാജ്യങ്ങൾ ഒട്ടു മുക്കാലും അദ്ദേഹം കാൽനടയായി പര്യടനം നടത്തി. ഈ സഞ്ചാരം മൂലം അദ്ദേഹത്തിനു ലഭിച്ച അറിവും, അനുഭവങ്ങളും തൻെറ സാഹിത്യപ്രവർത്തനങ്ങളെ വളരെയധികം സഹായിച്ചിട്ടുണ്ടെന്നദ്ദേഹം തന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ പല കൃതികൾക്കും പ്രചോദനം നൽകിയതു് ഈ വിദേശസഞ്ചാരമാണ്. 'വേക്ഫീൽഡിലെ വികാരി' എന്ന നോവലിലെ ഒരു കഥാപാത്രമായ ജോർജ്ജ്, തൻെറ യൂറോപ്യൻ യാത്ര വർണ്ണിച്ചിരിക്കുന്നതു് മിക്കവാറും ഗോൾഡ്സ്മിത്ത് അന്നു നടത്തിയ സഞ്ചാരത്തിൻെറ ഒരു വിവരണംതന്നെയാണ്. ഈ വിദേശസഞ്ചാരത്തിനുശേഷം ഏതാനും കൊല്ലത്തേക്ക് അദ്ദേഹം പല തൊഴിലിലും ഏർപ്പെട്ടു. അക്കാലത്തുതന്നെ ഗോൾഡ്സ്മിത്ത് സാഹിത്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. ഉപന്യാസങ്ങൾ, നോവലുകൾ, നാടകങ്ങൾ എന്നിവയുടെ കർത്താവെന്ന നിലയിലും പ്രശസ്തനായ കവിയെന്ന നിലയിലും അക്കാലത്തെ സാഹിത്യകാരന്മാരുടെ ഇടയിൽ അദ്വിതീയമായ ഒരു സ്ഥാനം കരസ്ഥമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

'ക്രിട്ടിക്കൽ റിവ്യൂ' എന്ന മാസികയിലാണ് ഗോൾഡ്സ്മിത്തിൻെറ ലേഖനങ്ങൾ ആദ്യമായി പ്രസിദ്ധീകരിച്ചുതുടങ്ങിയതു്. ആദ്യകാലത്തെ അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ പലതും ആത്മകഥാപരമായ വർണ്ണനങ്ങളാണ്. ഇക്കാലത്താണ് ഡോക്ടർ ജോൺസൺ, ബോസ്‌വെൽ, ബർക്ക് മുതലായ സാഹിത്യനായകന്മാരുമായി ഗോൾഡ്സ്മിത്ത് പരിചയപ്പെട്ടതു്. ജോൺസൻെറയും, ഗോൾഡ്സ്മിത്തിൻെറയും ആദ്യസന്ദർശനം എന്നായിരുന്നുവെന്നു കൃത്യമായി പറയുക സാദ്ധ്യമല്ല. ജോൺസനു്, ഗോൾഡ്സ്മിത്തിൻെറ വ്യക്തിജീവിതത്തിൽ നല്ലൊരു സ്വാധീനമുണ്ടായിരുന്നുവെന്നു് ഇരുവരുടെയും കത്തുകളിലൂടെ മനസ്സിലാക്കാം. ഗോൾഡ്സ്മിത്തിൻെറ ഉററ സുഹൃത്തുക്കളിലൊരാളായിരുന്ന



ഡോക്ടർ ജോൺസൺ എന്നു് അദ്ദേഹത്തിൻെറ ജീവചരിത്രകാരനായ ബോസ്‌വെൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലോകപൗരൻ (Citizen of the world) എന്ന കൃതി, ഗോൾഡ്സ്മിത്തിൻെറ ഉപന്യാസപരമ്പരകളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇവയിലധികവും അക്കാലത്തെ പ്രസിദ്ധീകരണങ്ങൾ വഴിയാണ് ആദ്യമായി വെളിച്ചം കണ്ടതു്. 'ലോകപൗരൻ' ഒരു നല്ല ഉപന്യാസഗ്രന്ഥത്തിൻെറ ഉത്തമമാതൃകയായി ഇന്നും പരിലസിക്കുകയാണ്. ഇംഗ്ലണ്ടിൽ അന്നു നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥയുടെ ദുഷിച്ച വശങ്ങളെക്കുറിച്ച് സുഹൃത്തിനയക്കുന്ന കത്തുകളുടെ രൂപത്തിലാണ് ഇതെഴുതിയിരിക്കുന്നതു്. സൂക്ഷ്മമായി ചിന്തിച്ചാൽ ഈ ചീനക്കാരനിലൂടെ പ്രബന്ധകാരനായ ഗോൾഡ്സ്മിത്തിനെ കാണുവാൻ കഴിഞ്ഞേക്കും. അന്നത്തെ സാമൂഹ്യനീതിയുടെ ഇരുളടഞ്ഞ വശങ്ങളെക്കുറിച്ച് നിശിതമായി വിമർശിക്കുന്ന ഒരു നിരൂപകനെ ഈ കത്തുകളിലുടനീളം കാണാം.

'സഞ്ചാരി' (Traveller) ഗോൾഡ്സ്മിത്തിൻെറ കവിതകളിൽവച്ചേററവും മെച്ചപ്പെട്ട ഒന്നാണ്. ഡോക്ടർ ജോൺസൻെറ നിർബ്ബന്ധപൂർവ്വമായ പിൻതുണയാണ് ഈ കൃതിയുടെ പ്രസിദ്ധീകരണത്തിനു കാരണം. സഹൃദയർ 'സഞ്ചാരി'യെ സഹർഷം സ്വാ

ഗ്രഹം ചെയ്തു. പൊതുജനമദ്ധ്യത്തിൽ വളരെയേറെ കോളിളക്കം സൃഷ്ടിക്കാൻ ആ കൊച്ചുകൃതിക്കു കഴിഞ്ഞു.

'വേക്ക്ഫീൽഡിലെ വികാരി' (Vicar of Wakefield)യാണു് ഗോൾഡ്സ്മിത്തിന്റെ നാമം വിശ്വസാഹിത്യത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുവാൻ ഇടയാക്കിയതു്. ഈ ഗ്രന്ഥത്തിന്റെ ജനനത്തെക്കുറിച്ചു രസകരമായ ഒരു കഥയുണ്ടു്. ഒരു ദിവസം ഡോക്ടർ ജോൺസനു്, ഗോൾഡ്സ്മിത്തിന്റെ ഒരു കത്തു കിട്ടി. പ്രസ്തുത കത്തിൽ, താൻ വീട്ടുവാടക കൊടുക്കാത്തതിനാൽ അറസ്റ്റുചെയ്യപ്പെട്ടിരിക്കയാണെന്നും, ഉടനെ സഹായത്തിനെത്തിച്ചേരണമെന്നും എഴുതിയിരുന്നു. ജോൺസൺ, സ്നേഹിതനു് ഒരു ഗിനി (ഇരുപത്തൊന്നുരൂപ) അയച്ചുകൊടുത്തശേഷം താനൊട്ടു പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ, താൻ കൊടുത്ത പണംകൊണ്ടു് ഒരു കുപ്പി വീഞ്ഞു വാങ്ങി കുടിച്ചുകൊണ്ടിരിക്കയാണു് ഗോൾഡ്സ്മിത്തു്. ജോൺസൺ തന്റെ സ്നേഹിതനെപ്പറഞ്ഞു ശാന്തനാക്കിയശേഷം അദ്ദേഹം, ഗോൾഡ്സ്മിത്തിനെ വാറണ്ടിൽനിന്നു് രക്ഷപ്പെടുത്തുവാനുള്ള മാർഗ്ഗമെന്താണെന്നാലോചിച്ചു. അപ്പോഴാണു് 'പൂർത്തി'യായ ഒരു നോവൽ തന്റെ കയ്യിലുണ്ടെന്നു് പറഞ്ഞു് ഗോൾഡ്സ്മിത്തു് ഒരു കയ്യെഴുത്തുപ്രതി ഹാജരാക്കിയതു്. ഡോക്ടർ ജോൺസൻ ഉടനെ പട്ടണത്തിലെ ഒരു പുസ്തകവ്യാപാരിയെ സമീപിച്ചു് പ്രസ്തുതഗ്രന്ഥം വില്പന നടത്തി, പണം കൊണ്ടുവന്നു കൊടുത്തു് ഗോൾഡ്സ്മിത്തിനെ രക്ഷിക്കയുംചെയ്തു. ആ നോവലാണു് ലോകപ്രശസ്തിയാർജ്ജിച്ച 'വേക്ക്ഫീൽഡിലെ വികാരി'. ഈ പുസ്തകത്തിന്റെ പ്രധാന മേന്മ കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ ഗ്രന്ഥകർത്താവു കാണിച്ചിട്ടുള്ള ഔചിത്യമാണു്. അപ്രധാനങ്ങളായ കഥാപാത്രങ്ങളെപ്പോലും, തന്റെ പ്രതിപാദനരീതിയിലൂടെ സജീവമാക്കിക്കാണിക്കുന്നതിനു് ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്.

അവസാനംവരെ ദാരിദ്ര്യം, ഗോൾഡ്സ്മിത്തിനെ വിട്ടുപിരിഞ്ഞില്ല. ഒരു പെനിയെങ്കിലും കയ്യിലുണ്ടെങ്കിൽ, സ്വന്തം ആവശ്യം ത്യജിച്ചുപോലും അദ്ദേഹം യാചകന്മാരെ സഹായിച്ചിരുന്നു. അവസാനകാലത്തുപോലും സമ്പാദ്യമായി അദ്ദേഹത്തിനു് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കിട്ടിയ പണം മുഴുവനും എങ്ങനെയെങ്കിലും ചെലവാക്കിയില്ലെങ്കിൽ അദ്ദേഹത്തിനു മനോസുഖമുണ്ടാകുമായിരുന്നില്ല. ഇത്തരത്തിലുള്ള ക്രമരഹിതമായ ജീവിതംമൂലം കടത്തിൽ മുങ്ങി അദ്ദേഹം കഷ്ടപ്പെട്ടു. പ്രസ്തുത ബാദ്ധ്യതകളിൽനിന്നു രക്ഷ നേടുന്നതിനായി തന്റെ ശക്തിയിൽക്കവിഞ്ഞു് ജോലിചെയ്തതിന്റെ ഫലമായി ആരോഗ്യം ക്ഷയിച്ചു് 1774 മാർച്ചുമാസം നാലാം തീയതി കേവലം നാല്പത്തിയാറുവയസ്സുമാത്രം പ്രായമുള്ളപ്പോൾ അദ്ദേഹം മരണമടഞ്ഞു. ഗോൾഡ്സ്മിത്തിന്റെ നിര്യാണവാർത്തയറിഞ്ഞു് അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ പലരും പൊട്ടിക്കരഞ്ഞു. എന്നാൽ അവരിലാരുംതന്നെ മരണശയ്യയിൽവച്ചു് അദ്ദേഹത്തെ സന്ദർശിച്ചതായോ, മരണാനന്തരം ശവസംസ്കാരകർമ്മത്തിൽ പങ്കുകൊണ്ടതായോ അറിയുന്നില്ല. ഏപ്രിൽ ഒൻപതാം തീയതി ആ സാഹിത്യജേതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ 'ടെമ്പിൾചർച്ച്' ശ്മശാനത്തിൽ അടക്കംചെയ്തു. ക്ലേശഭൂയിഷ്ഠവും, അലസവുമായ ആ ജീവിതം എന്നന്നേക്കുമായി അവസാനിച്ചെങ്കിലും, അദ്ദേഹത്തിന്റെ കൃതികൾ ഇന്നും അനശ്വരങ്ങളായി സാഹിത്യലോകത്തിൽ നിലകൊള്ളുന്നു.

# ദീപത്തിലേക്ക്

[സീത, ചേന്ദമംഗലം]

തിരെയമ്പലത്താണെങ്കിലും രാഗത്തിൻ
ചെന്തിപ്പൊരികൾ ചിതറിടുമ്പോൾ,
ജ്വാലകൾ നാവുകൾ നീട്ടുമ്പോൾ,
ദീപത്തിൻ
ചുറ്റും വെളിച്ചം തുടിച്ചിടുമ്പോൾ.
ഇക്കരൾക്കമ്പിളിൽ ഉൾവെളിച്ചം വാങ്ങി
നിർവൃതിക്കൊള്ളുവാൻ കൊതിക്കുന്ന ഞാൻ...
ചെന്തിയലരിനെ വാരിപ്പുണരുവാൻ
അന്തരംഗം കൊതി തൂകിടുന്നു.

(എങ്കിലും മണ്ണുപിടിച്ചുള്ള മാതിരി
യെന്തിനീ നാളമുലഞ്ഞിടുന്നു?
പുഞ്ചിരിയുമുതിർത്തിടും വഞ്ചക-
നെഞ്ചകമാണോ? ചതിച്ചിടുമോ?)

ആലിലപോലെ വിറച്ചുയരുന്ന ലോല-
ലോലമിക്കുഞ്ഞിച്ചിറകുരണ്ടും
അവ്യക്ത ഭീതികളുൾനട്ടങ്ങളാ-
യെന്നുള്ളിൽ താളം ചവുട്ടി നില്പൂ.
നിത്യനിരാശ തൻ നീണ്ട നിഴലുകൾ
നിത്യമെൻ കണ്ണുകൾ പൊത്തിടുന്നു.
ആയിരം കൂട്ടുകാർ നിറയടങ്ങിയാ
നെയ് വിളക്കിൽ : ഹാ! പതറുമോ ഞാൻ?

..........................................

എങ്കിലും എന്തിൻ മിടിപ്പുകൾ തേങ്ങുന്നു :-
"എന്തിനമാന്തിപ്പു? പോയ്പ്പതിക്കൂ ......
പ്രേമത്തിൻ ജ്വാലയിലാഹുതി ചെയ്യില്ലേ-
മാനിനും വേദന ഹൃദ്യമല്ലേ?
എൻ ചിത്രസ്വപ്നങ്ങളാകെയാനാളത്തിൽ
വീണെരിഞ്ഞാലെന്തെരിഞ്ഞിടട്ടെ .........
അത്തിവലയത്തിൽ, നിത്യസുഷുപ്തിയിൽ
സത്യസൗന്ദര്യം നുകരില്ലേ ഞാൻ?
നിശ്ചലംനിന്നു ജ്വലിക്കാതെ ചാഞ്ചാടി
നൃത്തം തുടരുന്ന ദീപനാളം!
നിശ്ചലമാനത്തിലെല്ലാം പകരുവാൻ
കൊച്ചുപതംഗത്തിരി തെരുക്കുന്നു?
സ്വച്ഛമാം വാനിൻ്റെയമ്പലമുറ്റത്തു
കാർത്തികാ ദേവിയണിഞ്ഞൊരുങ്ങി.
താലങ്ങളേന്തിയൊരായിരം താരകൾ
താമരക്കൺകളിറുക്കി നില്പൂ.



രാവിൻ്റെ വാർമുടിക്കെട്ടിൻ ചുരുളിൽനി-
ന്നമ്പിളിപ്പൂവൊന്നു പുഞ്ചിരിക്കെ,
വെണ്ണിലാവിൻ മധുമോന്തിക്കുടിച്ചുകൊ-
ണ്ടാമ്പൽപ്പൂവാനന്ദമത്തയാകെ,
നിത്യവും ഇരുൾക്കൂട്ടിലൊളി ചിന്നി
നൃത്തം തുടരുന്ന ദീപനാളം!!
ആനമ്രമാകും ശിരസ്സോടെ സന്ധ്യ, തൻ
സൗവർണ്ണകാന്തിയിലമ്പരക്കെ,
കത്തിജ്ജ്വലിച്ചു പകൽക്കിനാവത്രയും
മങ്ങിപ്പൊലിഞ്ഞതിൽ കൺനിറയെ,
എത്തി നോക്കീടുമാരാവിൻ്റെ മേചക-
വർണ്ണത്തിലുള്ളം പിടഞ്ഞുനില്ലേ,
വെമ്പിക്കിതിക്കുമീ സന്ധ്യ തന്നാൾത്തുടി-
പ്പൊന്നുമോർക്കാതെ പകച്ചു നില്ലേ,
താരോപകന്തിൽത്തൂവെളിച്ചം, തിരി
നീട്ടിയ നീണ്ടവിരലിതേതോ!
(ഉള്ളിക്കളിച്ചു ചിരിച്ചുകൊണ്ടാനാള
മെന്നെക്കളിക്കാൻ വിളിക്കയാണോ?)

..........................................

മിന്നൽപ്പിണരുകൾ ചുറ്റിത്തിരിഞ്ഞുകൊ-
ണ്ടെന്നരികിൽ വന്നു കൊഞ്ചിമന്ദം :—
"പോകല്ലെ, വഞ്ചന തേച്ചു തേച്ചാട്ടിച്ചു
പൊട്ടിച്ചിരിയിൽ ഭ്രമിച്ചിടല്ലെ......

ഏതിനോ വീണതൻ തന്ത്രിമൊഴിഞ്ഞു
"ഹാ !
പോകുന്നി, യേഷണി കൂട്ടമിവർ......"

സ്നേഹത്തിൻ ജ്വാലാകുസുമങ്ങൾ ചൂടുവാൻ
മോഹമുണരെ, അടുക്കുന്ന താർ ?
എങ്കിലുമിത്തൂലനസൂയയോ, രാഗിണി
യാമിവൾക്കാവില്ല ഹാ ! സഹിപ്പാൻ.. ...

താളത്തിൽ പൂങ്കിനാക്കളും വിടരാതി ഞാൻ
ഉള്ളിക്കുളിക്കുമാറിപ്പാതിക....
സ്വാന്ത ശരീരത്തിൽ ഇന്നും കത്തിപ്പുകൊ-
ണ്ടതാണം മിന്നാമിനുങ്ങു വന്നു.

ഹൃദ്യമായ് കൊഞ്ചിക്കുഴഞ്ഞുമൊഴി
ഞ്ഞവർ
"പോകല്ലെ നീറിട്ടുഹിച്ചിടം നീ"
ഇല്ല ഞാൻ കേൾക്കില്ല മൽപ്രിയ ദുഃഖണം
തെല്ലുമേയാവില്ല മേ സഹിപ്പാൻ

ഈ ദിവ്യസ്നേഹത്തിൻ മുത്തണിവാകില്ലു-
മാറില്ലെനിക്കപകച്ചു നില്പാൻ.

നിസ്സാരമാം വിലപേശൽ വേണ്ടെന്റെ പ്രിയ
നിർമ്മല ചിത്തമെടുത്തുകൊള്ളൂ......

കണ്ണിലും ചുണ്ടിലുമാത്മ സംതൃപ്തി തൻ
വിൺപൂക്കൾ ചെണ്ടണിഞ്ഞിട്ടുമെങ്കിൽ,
നീറിദ്ദഹിച്ചോട്ടെ ഞാനാകെ യാനീറും
വേദനയെല്ലാമെനിക്കമൃതം
(ഇത്തുണ്ട മാത്രം മധുരിമയുറുന്ന-
താവില്ല ജീവിതം സ്നേഹശൂന്യം !)
നിത്യമെന്നുള്ളിന്റെയുള്ളിലുയരുന്ന
നിത്യസുഷുപ്തിക്കുള്ളാഹ്വാനങ്ങൾ
ഓമൽപ്രതീക്ഷകൾ മുന്നോട്ടു തള്ളുന്ന
കാമ്യമെൻ ലക്ഷ്യത്തിലെത്തുമോ ഞാൻ ?
കഷ്ടം ! ചിറക് കുഴയുന്നവെങ്ങിനെ
യെത്താൻ കഴിയുമെനിക്കവിടെ ?

ദൂരെത്തൻ ജ്വാലയാം കൈ കൊണ്ടു
ദീപമെൻ
ഏതിനോ സ്വാഗതമോതുകയാം......
എത്ര വിചിത്രം, മിഴിയടപ്പു ;
എത്തില്ലേ ?......യെത്തില്ലെ ഞാനവിടെ ?

---



"ഞാനൊരു കള്ളനെ അന്വേഷിച്ചു നടക്കുകാ."
"ഹോ! എന്താ മോഷണം പോയതു്."
"ഒന്നും മോഷണം പോയിട്ടില്ല. എന്നെ ഒന്നു സഹായിക്കാനാ."

STATE VOLLEY-BALL PLAYERS 1963–'64

(R. to L.): Miss N. V. Mary; Miss C. I. Saramma; Miss Annie Bessy John; and Miss Ramani P. Joseph (Captain).

WOMEN'S HOCKEY TEAM (University Winners)

Sitting (R. to L.): Mr. C. P. Andrews (Lecturer in Physical Education); Ramani P. Joseph; Dr. P. M. Mathai (Principal); Mrs. Anna Mathew (Captain); Miss Bava Mani (Lecturer in Physical Education).

Standing 1st Row (R. to L.): Akkamma Philip; Mini Andrews; Sophiamma Thomas; Elizabeth Isaac; Sally Kuruvilla.

Standing 2nd Row (R. to L.): Sissy P. Mani; John Chinnamma; Elizabeth Mathew; Suseela P. George and Jameela M. M.



WOMEN'S HOCKEY TEAM (University Winners)



COLLEGE BASKET-BALL TEAM 1963–'64

Runners-up in the Trichur Zone Inter Collegiate Tournaments.




WOMEN'S BASKET-BALL TEAM (University Winners)



## COLLEGE BASKET-BALL TEAM 1963-'64

Runners-up in the Trichur Zone Inter Collegiate Tournaments.

Sitting (L. to R): Sri C. P. Andrews (Lecturer in Physical Education); Sri T. B. Thomas (President); Dr. P. M. Mathai (Principal); K. V. Abraham (Captain); and V. I. Jacob.

Standing 1st Row (L. to R): P. G. Mathew; K. Jacob John; M. P. Jacob; James V. Cheeran; Itty Philip.

Standing 2nd Row (L. to R): Games Peon; John Nainan Varghese; Henry; C. I. Ittoop; and Games Peon.

## WOMEN'S BASKET-BALL TEAM (University Winners)

On the Floor (L. to R): Miss Aleyamma Mathew; Miss M. V. Aishabeevi.

Sitting (L. to R): Shri C. P. Andrews (Lecturer in Physical Education); Miss Daisy Verghese (Captain); Dr. P. M. Mathai (Principal); Miss Sophiamma Thomas; Miss Bava Mani (Lecturer in physical Education).

Standing 1st Row (L. to R): Muhamed (Games boy); Miss Mariamma Korula; Mrs. Rachel Mathew; Miss Mary George; Miss Kusum Annie Abraham; Supren (Games boy).

Standing 2nd Row (L. to R): Miss Elsamma Joseph; Miss Saramma Kurien; Miss Susan Jacob and Miss K. Sumeala.

# "സ്പോർട്ട്സ് മേൻ"

[ഭാസി ആർ, ആലുവാ, old Student]

"എൻെറ സാറേ, എനിക്കു് പണ്ടും പലതുമൊന്നുമില്ല; ഇവനൊരു മകൻ മാത്രമേ ഉള്ളു. തിരുവനന്തപുരത്തും, മദ്രാസിലുമൊക്കെ പോയി കയ്യോ കാലോ ഒടിഞ്ഞാൽ പിന്നെ ഞാനെന്തിനു് ജീവിച്ചിരിക്കണം? അവനൊരു സമ്മാനവും കിട്ടി എനിക്കു കാണേണ്ട. എൻെറ കണ്ണടയുംവരെ യാതൊരു കുഴപ്പവും കൂടാതെ എനിക്കവനെ കണ്ടാൽ മതി" ജയലക്ഷ്മിഅമ്മയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അനേകം യുവജനങ്ങളെ പഠിപ്പിച്ച പ്രൊഫസർ മാധവമേനവനു് ഉത്തരം മുട്ടി. ഉടനെ നയജ്ഞനായ 'ഫിസിക്കൽ ഡയറക്ടർ' മി. സൈമൺ പറഞ്ഞു.

"അമ്മേ, ജയദേവൻ നിങ്ങളുടെ പ്രിയപ്പെട്ട മകനാണ്. അതുപോലെ ഞങ്ങളുടെ പ്രിയപ്പെട്ട വിദ്യാർത്ഥിയുമാണ് ജയദേവൻ ഞങ്ങളുടെ കോളേജിലെ ഒന്നാംനമ്പർ സ്പോർട്ട്സ്മേനും, ജനറൽ ക്യാപ്റ്റനുമാണ്. ഇതെല്ലാം ഏതൊരമ്മയ്ക്കും സന്തോഷകരമായ സംഗതിയല്ലേ?"

ജയലക്ഷ്മിഅമ്മ :—

"എനിക്കും സന്തോഷമാണ്; എങ്കിലും."

പ്രൊ. മാധവമേനോൻ:—

"ജയൻ തനിച്ചല്ല തിരുവനന്തപുരത്തേക്കു പോകുന്നതു്. സൈമൺ സാറും എട്ടു വിദ്യാർത്ഥികളും ഉണ്ട്. തീർച്ചയായും അവൻ തിരുവനന്തപുരത്തുവച്ചു നടക്കുന്ന സ്പോർട്ട്സിൽ വിജയിച്ചുവരും. അതു് അവനും, നിങ്ങൾക്കും, ഞങ്ങളുടെ കോളേജിനും ഒരു നല്ല പേരായിരിക്കും."

സൈമൺ:—

"പിന്നെ കുഴപ്പമുള്ള സംഗതികൾക്കു് ഞങ്ങൾ ജയനെ കൊണ്ടുപോകുമെന്നാണോ അമ്മ വിചാരിക്കുന്നതു്?"

ജയലക്ഷ്മിഅമ്മ:—

"അയ്യോ! സാറെ, ഞാനങ്ങിനെയൊന്നും വിചാരിച്ചില്ല. നിങ്ങളൊക്കെക്കൂടിത്തന്നെ അവനെ ഒരു നിലയിൽ എത്തിക്കണമെന്നാണ് എൻെറ ആശ. പിന്നെ: താഴെവച്ചാൽ ഉറുമ്പരിക്കും, തലയിൽവച്ചാൽ പേനരിക്കും എന്നു പറഞ്ഞപോലെയാണ് ഞാനവനെ വളർത്തിയതു്. ഇനി സാറന്മാർ അവനെ എവിടെ വേണമെങ്കിലും കൊണ്ടുപൊയ്ക്കോളു; എനിക്കു സമ്മതംതന്നെ"

അപ്പോഴേക്കും പുഞ്ചിരിച്ചുകൊണ്ടു് രണ്ടു ഗ്ലാസ്സ് കാപ്പി കൊണ്ടുവന്നു് ജയൻ തൻെറ ഗുരുക്കന്മാരുടെ സമീപം വച്ചു. പ്രൊഫസർ മാധവമേനവനും, സൈമൺസാറും കാപ്പി കുടിച്ചു് ഏതാനും മിനിറ്റുകൾകൂടി സംസാരിച്ചശേഷം എഴുന്നേററു. ജയൻെറ അടുത്തുചെന്നു് സൈമൺ സാർ പറഞ്ഞു. "അപ്പോൾ മി. ജയൻ, അമ്മ പൂർണ്ണസമ്മതം തന്നുകഴിഞ്ഞു. ഇനി നാളെ രാവിലെ 11 മണിക്കു് കോളേജിലെത്തണം. ഊണുകഴിച്ചു് ഒരുമണിക്കു് നമുക്കു് റയിൽവേസ്റ്റേഷനിൽ എത്തണം, മനസ്സിലായോ?"

ജയൻ "ശരി സാർ. ഞാൻ 11 മണിക്കു് മുൻപുതന്നെ വരും"

പ്രൊഫസർ മേനവനും, സൈമൺസാറും ജയലക്ഷ്മിഅമ്മയോടു് യാത്രയും പറഞ്ഞിറങ്ങി. ജയൻ കുറെ വഴി തൻെറ ഗുരുക്കന്മാരെ അനുഗമിച്ചു.

ജയദേവൻ, ജയലക്ഷ്മിഅമ്മയുടെ ഏകപുത്രനാണ്. അവനെ ഒൻപതുമാസം ഗർഭമായിരിക്കുമ്പോൾ അവൻെറ പിതാവു് മരിച്ചു. സാമാന്യം സുഖമായി ജീവിക്കുവാനുള്ള സ്വത്തു് ജയൻെറ അമ്മയുടെ പേരിൽ ഉണ്ടെങ്കിലും മകനെ കോളേജിലയച്ചു പഠിപ്പിക്കത്തക്ക സ്ഥിതി അവർക്കില്ലായിരുന്നു. എന്നാൽ, മകനെ ഒരു ബിരുദധാരിയാക്കണമെന്നായിരുന്നു ആ സാധ്വിയുടെ ഏകാഭിലാഷം. തന്മൂലം കുറെയെല്ലാം ത്യാ

ഗനഷ്ടങ്ങൾ സഹിച്ചു് അവർ മകനെ കോളേജിലയച്ചു പഠിപ്പിച്ചു വന്നു. അടുത്തുതന്നെ ഒരു ഒന്നാംകിട കോളേജ് ഉണ്ടായിരുന്നതു് അവർക്കു് വളരെ ആശ്വാസകരമായിരുന്നു.

ബാല്യപ്രായംമുതൽ ജയൻ കളികളിൽ വളരെ താല്പര്യം പ്രദർശിപ്പിച്ചുവന്നു. സ്കൂളിൽ പഠിക്കുമ്പോൾ അവൻ അമ്മയെ അറിയിക്കാതെ കളികളിലും മത്സരങ്ങളിലും മററും പങ്കുകൊണ്ടിരുന്നു. അമ്മയറിഞ്ഞാൽ സമ്മതിക്കുകയില്ലെന്നു് അവനറിയാം. മത്സരങ്ങളിൽ വിജയിച്ചു സമ്മാനം കൊണ്ടുവന്നു് അമ്മയുടെ കയ്യിൽ കൊടുക്കുമ്പോഴാണു് അവർ വിവരം അറിയുക. ആദ്യം ജയലക്ഷ്മിയമ്മ മകനെ ശാസിച്ചുനോക്കി. എന്നാൽ മകൻ കളികന്നും വിടുന്നില്ലെന്നു് കണ്ടു് അവർ, "കളിക്കുമ്പോഴും മററും വളരെ സൂക്ഷിക്കണം മോനേ" എന്നും പറഞ്ഞു് അവനെ ഉപദേശിച്ചു. പത്താം ക്ലാസ്സു് പരീക്ഷയിൽ നല്ല മാർക്കോടുകൂടി ജയിച്ച ജയനു് വീടിനടുത്തുള്ള പ്രസിദ്ധപ്പെട്ട ആ കോളേജിൽ പ്രവേശനം ലഭിച്ചു. കോളേജിൽവച്ചു്, സ്പോർട്ട്സിൽ ജയനുണ്ടായിരുന്ന അഭിരുചി ഫിസിക്കൽ ഡയറക്ടർ സൈമൺ സാറിൻെറ ശ്രദ്ധയിൽ പതിയാൻ അധിക ദിവസം വേണ്ടിവന്നില്ല. അദ്ദേഹം അവനു് ശരിയായ പരിശീലനവും പ്രോത്സാഹനവും കൊടുത്തു. അങ്ങനെ ജയൻ ഫൈനൽ ബി. എസ്സ്സി. ക്ലാസ്സിൽ എത്തിയപ്പോഴേക്കും കോളേജിലെ പ്രമുഖ സ്പോർട്ട്സ്മേനായിത്തീർന്നു. ആ വർഷം കോളേജിലെ ജനറൽ ക്യാപ്ററനായി സഹപാഠികൾ ജയദേവനെയാണു് തിരഞ്ഞെടുത്തതു്. കഴിഞ്ഞ വർഷം രണ്ടു പുതിയ റിക്കാർഡുകൾ സൃഷ്ടിച്ചുകൊണ്ടു് ജയൻ 'കോളേജ് ചാമ്പ്യൻ' കപ്പ് നേടി. അദ്ധ്യാപകരേയും വിദ്യാർത്ഥിനീവിദ്യാർത്ഥികളെയും ഇതൊന്നുപോലെ സന്തോഷിപ്പിച്ചു. എല്ലാവരും ജയനെ ഇഷ്ടപ്പെട്ടു. കോളേജിൽ എന്തു് ആഘോഷങ്ങൾ ഉണ്ടായാലും അതിൻെറ മുൻപിൽ ജയനെ കാണാം. പെൺകുട്ടികൾ ജയനെ കാണുമ്പോൾ ഒന്നു പുഞ്ചിരിക്കാതെയോ, എന്തെങ്കിലും ഒരു വാക്കു സംസാരിക്കാതെയോ കടന്നുപോകാറില്ല. എന്നാൽ അവരുടെ അഭിപ്രായത്തിൽ 'ജയൻ ഒരു നാണംകുണുങ്ങി'യാണു്.

പതിവുപോലെ ആ വർഷത്തെ 'ഇൻറർ കോളേജിയററ് സ്പോർട്ട്സ്മീററ്' അടുത്തുവന്നു. സൈമൺ സാർ തൻെറ വിദ്യാർത്ഥികൾക്കു് നല്ല കോച്ചിംഗ് കൊടുത്തു. എന്നാൽ തിരുവനന്തപുരത്തേക്കു് സ്പോർട്ട്സിനു പോകുവാൻ ജയൻ തൻ്റെ അമ്മയോടു അനുവാദം ചോദിച്ചപ്പോൾ അവരതിനു സമ്മതിച്ചില്ല. "എൻെറ മോൻ തിരുവനന്തപുരത്തൊന്നും പോയി കളിക്കാൻ വളർന്നിട്ടില്ല. അതാകട്ടെ; അന്നേരം ഞാൻ വിടാം" എന്നായിരുന്നു ജയലക്ഷ്മിയമ്മയുടെ മറുപടി. ജയൻ പല സമാധാനങ്ങളും പറഞ്ഞുനോക്കിയെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ വിവരം അവൻ സൈമൺസാറിനെ അറിയിച്ചു. ജയനെ കൂടാതെ 'ടീം' കൊണ്ടുപോയാൽ അതുകൊണ്ടു് പറയത്തക്ക ഗുണമൊന്നും ഉണ്ടാകയില്ലെന്നു് പരിചയസമ്പന്നനായ അദ്ദേഹത്തിനറിയാം. തന്മൂലം അദ്ദേഹത്തിനും വിഷാദംതോന്നി. തുടർച്ചയായ 'ഡിസ്ട്രിക്ട് സോണിൽ' കോളേജിനു് ഏററവും കൂടുതൽ പോയിൻറുകൾ കിട്ടുവാൻ കാരണം ജയനാണെന്നു് അദ്ദേഹത്തിനു് നല്ലപോലെ അറിയാം. ഒടുവിൽ സൈമൺ സാർ അദ്ദേഹത്തിൻെറ അടുത്ത സുഹൃത്തുകൂടിയായ പ്രൊഫസർ മാധവമേനവൻെറ ഉപദേശം ആരാഞ്ഞു. അതിൻെറ ഫലമായി, പിറേറദിവസത്തെ തങ്ങളുടെ സായാഹ്നസവാരി ജയൻെറ വീട്ടിലേക്കാകാം എന്നവർ തീരുമാനിച്ചു. അങ്ങനെ ജയലക്ഷ്മിയമ്മയുടെ അനുവാദവും കിട്ടി. പിറേറദിവസം ജയനും കൂട്ടുകാരും സൈമൺസാറുമൊന്നിച്ചു് തലസ്ഥാനനഗരിയിലേക്കു പുറപ്പെട്ടു.

തലസ്ഥാനനഗരിയിൽവച്ചു് കേരളത്തിലെ വിവിധ കോളേജുകൾ തമ്മിൽ നടന്ന വാശിയേറിയ സ്പോർട്ട്സ് മത്സരത്തിൽ ആലുവാകോളേജിനു് 'പതിമൂന്നു പോയിൻറു'കൾ കിട്ടി—ജയദേവനു് രണ്ടു് 'ഫസ്റ്റ് പ്രൈസും', കൂട്ടുകാരിൽ ഒരാളായ ജയിംസിനു് ഒരു 'സെക്കൻഡ്പ്രൈസും'. "ഞാൻ പ്രതീക്ഷിച്ചത്ര 'പോയിൻറു്സ്' കിട്ടിയില്ലെങ്കിലും നമുക്കു് അഭിമാനിക്കുവാൻ വകയുണ്ടു്"— എന്നാണു് സൈമൺ സാർ പിന്നീടു് പറ

ത്തു്. കോളേജിൽ തിരിച്ചെത്തിയ ഉടൻ അവർ പ്രിൻസിപ്പാളിന്റെ മുറിയിൽ ചെന്നു് തങ്ങളുടെ വിജയവാർത്ത അദ്ദേഹത്തെ ധരിപ്പിച്ചു. പ്രിൻസിപ്പാൾ, അദ്ദേഹത്തിന്റെ സ്വന്തം പേരിലും, കോളേജിന്റെ പേരിലും അവരെ അഭിനന്ദിച്ചു. സെബാസ്റ്റ്യന്റെയും, ജയന്റെയും കൈകൾ പിടിച്ചു കുലുക്കി.

* * * * *

ജയൻ കോളേജ് വിട്ടിട്ടു് നാലുവർഷം കഴിഞ്ഞു. പഠിക്കുന്ന കാലത്തു് ഒരു പോലീസ് ഇൻസ്പെക്ടറായിത്തീരണം എന്നായിരുന്നു അവന്റെ ആഗ്രഹം. മാത്രമല്ല, കൂട്ടുകാർ പലരും അപ്രകാരമുള്ള ഒരു ജോലിയായിരിക്കും അവനു് കിട്ടുന്നതു് എന്നു് ആശംസിക്കുകയും ചെയ്തു. എന്നാൽ ജയൻ തന്റെ പ്രധാന വിഷയമായ 'ഫിസിക്സി'നു് മൂന്നാമത്തെ പ്രാവശ്യമേ പാസ്സായുള്ളു. പരീക്ഷയ്ക്കു് നല്ലപോലെ പഠിച്ചെങ്കിലും ആദ്യത്തെ പ്രാവശ്യം അവനു് ഫിസിക്സിൽ ആദ്യത്തെ രണ്ടു പേപ്പർ മാത്രമേ എഴുതുവാൻ സാധിച്ചുള്ളു. അപ്പോഴേക്കും സുഖമില്ലാതായി. പിന്നീടു് മൂന്നാം പ്രാവശ്യമേ വിജയദേവത ജയനെ അനുഗ്രഹിച്ചുള്ളു. അതു് അവന്റെ ഭാവിയെത്തന്നെ രൂപാന്തരപ്പെടുത്തി.

ഇന്നു് ജയൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ഒരു ക്ലാർക്കാണു്. തന്റെ പ്രതീക്ഷയ്ക്കും സുഹൃത്തുക്കളുടെ ആശംസകൾക്കും എതിരായി ഈ ജോലിക്കു പോകുവാൻ ജയനു് വളരെ വിഷമമുണ്ടായിരുന്നു. എന്നാൽ ഇനിയും കുടുംബകാര്യം നോക്കേണ്ടതു് തന്റെ കടമയായി അവനു് തോന്നി. അതിനാൽ കൂടുതൽ പഠിക്കുവാനോ, മറ്റു ജോലിക്കായി ശ്രമിക്കാനോ വിചാരിക്കാതെ അവൻ ക്ലാർക്കിന്റെ ജോലി സ്വീകരിച്ചു. അതിൽ ഇരുന്നു് മറ്റു വല്ലതിനും ശ്രമിക്കാം എന്നവൻ ആശിച്ചു. സ്വമാതാവിന്റെ ഇഷ്ടത്തിനു് വിപരീതമായി കേരളം വിട്ടു് വെളിയിൽ പോകുവാൻ, അവൻ ആഗ്രഹിച്ചുവെങ്കിലും, അതിനു് തയ്യാറായില്ല. എന്നാൽ കേരളത്തിൽ ഒരാൾക്കു് അവന്റെ പരീക്ഷായോഗ്യതയനുസരിച്ചുള്ള ഉദ്യോഗം കിട്ടുന്നതു് എന്നു് ജയനു് അധികം താമസിയാതെ മനസ്സിലായി. ശുപാർശ ചെയ്യുവാൻ പററിയ 'ദിവ്യനും', വേണ്ടത്ര പണവും ഇല്ലാതെ നല്ല ഉദ്യോഗം കിട്ടുവാൻ ഈ നാട്ടിൽ സാദ്ധ്യമല്ല; പ്രത്യേകിച്ചും ഒരു ക്ലാസ്സില്ലാതെ പാസ്സാകുന്നവനു്. കളികളുടെയും, സ്പോർട്ട്സിന്റെയും സർട്ടിഫിക്കററുകൾ സ്വയം നോക്കി നെടുവീർപ്പിടാനല്ലാതെ, മറെറാന്നിനും ഉപകരിക്കുകയില്ല! ആർക്കും അതു് കാണുകയും വേണ്ട. കമ്പനികളിൽ ഉദ്യോഗത്തിനപേക്ഷിച്ചാൽ ഫലമില്ല. ഫസ്റ്റ്ക്ലാസ്സ് ഉള്ളവൻ ചെന്നാൽ "ഞങ്ങൾക്കു് ഡിസ്റ്റിംക്ഷൻ ഉള്ളയാൾ വേണം" എന്നാണു് മറുപടി. സെക്കണ്ടു് ക്ലാസ്സുള്ളവൻ അതേസ്ഥലത്തു ചെന്നാൽ "ഫസ്റ്റ്ക്ലാസ്സ് ഉണ്ടെങ്കിൽ തരാം" എന്നാകും! എന്നാൽ ഇപ്രകാരം പറയുന്ന 'യജമാനന്മാർ' പരീക്ഷായോഗ്യതകൾപോലും ഇല്ലാത്തവരെ നിയമിക്കും. കാരണം, അവർക്ക 'വലിയവൻ' മാരുടെ ശുപാർശ കാണും: അല്ലെങ്കിൽ നിയമന ഉദ്യോഗസ്ഥനെ 'രഹസ്യമായി' കാലേകൂട്ടി കണ്ടിരിക്കും. എന്തിനു്! പണവും പ്രതാപവും ഉള്ളവനു മാത്രമേ ഇക്കാലത്തു് രക്ഷയുള്ളു എന്നതാണു് സത്യം.

മറ്റു ഗത്യന്തരമൊന്നുമില്ലാതെ ജയൻ നിത്യവും ഓഫീസിൽ ഹാജരായി ജോലി ചെയ്തു. "ഓ, വലിയ കോളേജു ചാമ്പ്യനൊക്കെയാണു്. ഇപ്പോൾ ഗുമസ്തപണിക്ക പോകയാണു്"—എന്നു് അയൽപക്കത്തെ ചില തൊഴിലില്ലാസംഘക്കാർ പീടികത്തിണ്ണയിൽ നിന്നു് പരിഹസിക്കുന്നതു് ചില ദിവസം അവൻ കേൾക്കാറുണ്ടു്. അന്നേരം, 'എങ്കിലും നിന്നിലും ഭേദമാണെടാ' എന്നു് പറയുവാൻ അവനു് തോന്നാറുണ്ടു്. പക്ഷേ പറയാറില്ല. പറഞ്ഞാൽ അക്കൂട്ടരോടു് ജയിക്കുകയില്ലെന്നവനറിയാം.

ഓഫീസിൽ അക്കൗണ്ട് ബ്രാഞ്ചിൽ ജയനൊഴിച്ചുള്ളവരെല്ലാം പത്താംക്ലാസ്സുകാരാണു്. ചിലപ്പോൾ ഹെഡ്ക്ലാർക്ക് ഇംഗ്ലീഷിൽ ചില സംശയങ്ങൾ തീർക്കുവാൻ ബി. എസ്സ്സിക്കാരനായ ജയനെ പതുക്കെ വിളിക്കും. എന്നാൽ ജയനെഴുതിയ ഒരു ഡ്രാഫ്റ്റിനെങ്കിലും ചില ഭേദഗതികൾ വരുത്താതെ അദ്ദേഹം അതു് ടൈപ്പ്‌ സെ

ക്ഷനിലേക്ക് വിടുകയില്ല. അക്കൗണ്ട് ബ്രാഞ്ചിൽ ഭൂരിപക്ഷം, നമ്മുടെ നാട്ടിലേതു പോലെ, വനിതകൾക്കുതന്നെയാണ്. ഒരു ദിവസം ഉച്ചയ്ക്ക് പെൺമണികളുടെ 'നാട്ടുവിശേഷ കോൺഫറൻസ്' യാദൃച്ഛികമായി ജയൻ കേട്ടു അവൻ ലജ്ജിച്ചുപോയി. ഒരു വനിതാഗ്രമണി പറയുകയാണ്:— "ഹൗ, ഒരു ബി. എസ്സ്സി.ക്കാരൻ! കോളേജുചാമ്പ്യൻ! എന്തൊരു ഭാവമാണപ്പാ!"

'എന്നിട്ടെന്താണ്? 'ഡസ്പാച്ചും' 'മിസിലേനിയസ്സും' അല്ലേ പണി!'- അല്പം കൊങ്കണ്ണുള്ള അംബുജാക്ഷിക്കുട്ടി മററുള്ളവരെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുകയാണ്.

'എന്തിനാണ് വെറുതെ അങ്ങേരെപ്പററി അതുമിതും പറയുന്നത്? നല്ലൊരു മനുഷ്യൻ. ആരോടും യാതൊരു ബഹളത്തിനും, കളിയാക്കലിനും പോകുന്നില്ല'- ലേഡി ഡ്രാഫ്റ്റ്സ്മേൻ സിസിലി ഒരു തടസ്സവാദമുന്നയിച്ചു.

'ഉം, വേഷമൊക്കെ കയ്യിലിരിക്കട്ടെ. തനിക്കെന്താ ഞങ്ങൾ വല്ലതും പറയുന്നതിന്?" എന്നായി ഒന്നാമത്തവൾ. പിന്നീട് കൂടുതൽ കേൾക്കുവാൻ ജയൻ അവിടെ നിന്നില്ല. തൽക്ഷണം മറെറാരു മുറിയിലേക്കു പോയി.

ഒരു ദിവസം വൈകിട്ട് നാലുമണി കഴിഞ്ഞപ്പോൾ എല്ലാവരും പ്രധാന ഹാളിലേക്കു വന്നു. ഓഫീസർ വന്നു പോയിക്കഴിഞ്ഞാൽ അപ്രകാരം പതിവുള്ളതാണ്. അനന്തരം അഞ്ചുമണിവരെ വർത്തമാനങ്ങൾ പറയുകയാണ് പതിവ്. പെട്ടെന്നു പാൻറും, സ്ളാക്കും ധരിച്ച ഒരു യുവാവ് ഹെഡ്ക്ലാർക്കോടുകൂടി ഓഫീസിലേക്കു കയറിവന്നു. വന്നപാടേ അദ്ദേഹത്തിൻെറ നോട്ടം ജയൻെറ മുഖത്താണ് പതിഞ്ഞതു്. അദ്ദേഹത്തിൻെറ മുഖത്തു് സൂക്ഷിച്ചുനോക്കിക്കൊണ്ട് ജയൻ കസേരയിൽനിന്നെഴുന്നേററു. "ജയാ..." എന്നും പറഞ്ഞു് ആഗതൻ മുൻപോട്ടു നീങ്ങി. നിമിഷങ്ങൾക്കകം അവർ ആലിംഗനബദ്ധരായി.

ജയൻ സ്നേഹിതനെ ഉപചരിച്ചിരുത്തി. അനന്തരം, ജയനെ ഒന്നുകൂടി സൂക്ഷിച്ചുനോക്കിയിട്ട് സ്നേഹിതനോട് ചോദിച്ചു:- 'ജയാ, നിനക്കിവിടെയാണോ ജോലി? കോളേജ് വിട്ടശേഷം നമ്മൾ ഇന്നല്ലേ കാണുന്നതു?"

ജയൻ:- 'അതേ; കോളേജ്‌വിട്ട് ആറേഴു മാസം കഴിഞ്ഞപ്പോൾ എനിക്കിവിടെ ജോലികിട്ടി, എൽ. ഡി. ക്ലാർക്കായിട്ട്.'

അതുപറഞ്ഞപ്പോൾ ജയൻെറ മുഖം വിളറിയിരുന്നു.

ജയൻ:- 'പിന്നെ, ഗോപാ, നീയിപ്പോൾ എവിടെ നിന്നു വരുന്നു? എന്തുണ്ട് വിശേഷം?'

ആഗതൻ:- 'അയാം വെരി സോറി. അതൊന്നും പറയാൻ ഞാൻ വിട്ടുപോയി. എന്നെ ജൂണിയർ എൻജിനീയരായിട്ട് ഇങ്ങോട്ടു പോസ്റ്റു ചെയ്തിരിക്കുകയാണ്. ഞാനിപ്പോൾ ഡിവിഷൻ ഓഫീസിൽനിന്നും വരികയാണ്.'

ജയൻ:- 'ഐ സീ വളരെ സന്തോഷം.'

അനന്തരം ജയൻ സ്നേഹിതനെ മററുള്ളവർക്ക് പരിചയപ്പെടുത്തി— "ഇദ്ദേഹം മി. ഗോപകുമാർ. ഞങ്ങൾ കോളേജിൽ സഹപാഠികളും, വളരെ അടുത്ത കൂട്ടുകാരുമായിരുന്നു." ജയൻ എല്ലാവരേയും ഗോപകുമാറിനും പരിചയപ്പെടുത്തിക്കൊടുത്തു.

"ഓഫീസർ സ്വല്പം മുൻപ് പോയല്ലോ. ഇനി താമസസ്ഥലത്തു ചെന്നു കാണുകയാണ് നല്ലത്. എന്നാൽ ഇന്നുതന്നെ ഡ്യൂട്ടിയിൽ പ്രവേശിക്കാം"- ഹെഡ്ക്ലാർക്ക് ഉപദേശിച്ചു.

"എങ്കിൽ അദ്ദേഹത്തെ ഞാൻ അവിടെ പോയി കാണാം. ജയാ, നിനക്കും എൻെറ കൂടെ വരുവാൻ പാടില്ലേ?" എന്നു പറഞ്ഞു് ഗോപകുമാർ എഴുന്നേററു. ജയൻ ഹെഡ്ക്ലാർക്കിൻെറ മുഖത്തേക്ക് ഒന്നു നോക്കി. അദ്ദേഹം മുഖഭാവംകൊണ്ട് പോകുവാൻ അനുവാദം കൊടുത്തു. എല്ലാവരേയും തൊഴുതുകൊണ്ട് ഗോപകുമാർ മുറിയിൽനിന്നിറങ്ങി, പുറകിലായി ജയനും. അവർ പരസ്പരം തോളിൽ പിടിച്ചുകൊണ്ട് പുറത്തേക്കു നടന്നു. അവർ കണ്ണിൽ നിന്നു മറയുവോളം ഓഫീസിലുള്ളവർ അവരെ നോക്കിക്കൊണ്ടു നിന്നു.

FOOTBALL TEAM OF THE YEAR 1963–'64

Runners-up in the Trichur Zone Inter Collegiate Tournaments.

Sitting (L. to R): Sri C. P. Andrews (Lecturer in Physical Education); K. J. Paul (Captain); Dr. P. M. Mathai (Principal); Thomas John; and Sri C. T. Benjamin (President).

Standing 1st Row (L. to R): (Games Peon); Sashidaran; Thomas Verghese; Boobily; John; John Thayal and (Games Peon).
2nd Row (L. to R): Thomas Alexander; Skaria; Muraly; Hameed and Bashir.

COLLEGE CRICKET TEAM (1963–'64)

Sitting (L. to R): M/s. C. P. Andrews (Lecturer in Physical Education); K. Sasidharan Nair; Dr. P. M. Mathai (Principal); T. G. George (Captain); David Jayakar Daniel (President).

Standing 1st Row (L. to R): M/s. Joseph Philip; Boobily Oommen; K. Venugopala Das; Muralidharan Nair; A. J. Abraham

Standing 2nd Row (L. to R): M/s. Mammed (Games boy); K. V. Abraham; Rama Iyer; Mohanachandran Nair; K. Viswanathan; Supren (Games boy).

FOOT-BALL TEAM OF THE YEAR 1963-'64

Runners-up in the Trichur Zone Inter Collegiate Tournaments.



COLLEGE CRICKET TEAM (1963-'64)





STUDENTS OF CLASS III ECONOMICS



## STUDENTS OF CLASS III ECONOMICS

Sitting (L. to R): M/s. M. E. Elias; P. K. Sachidanandan; J. A. Muhammed; T. S. Raman Nair; A. K. Baby; Dr. P. M. Mathai (Principal); M. V. Kurien; K. V. Abraham; Rev. A. A. Pylee; C. T. Benjamin; K. A. Muhammed.

Standing 1st Row (L. to R): Mr. V. Mathew; Miss C. P. Omana Devi; Mrs. Gracy Mathew; Miss N. Saraswathi; N. Lakshmikutty; M. V. Aisha Beevi; Mathilda Daisy D' Rose; P. Lalithambika; Mrs. C. G. Thankamma; Mr. A. P. Mathew.

Standing 2nd Row (L. to R): M/s. K. G. Divakaran Pillai; P. M. Ebrahim; P. C. Kunjumon; M. J. Philip; M. P. Jacob; P. J. Augustin; P. A. Moorthy; V. A. Moorthy; K. A. Cherian; C. I. Ittoop; N. Sreenivasan.

# ഗോളാന്തരയാത്ര—ചില മൗലിക പ്രശ്നങ്ങൾ

[P. BALAKRISHNAN, *Class i Physics*]

നിങ്ങൾ വിമാനത്തിൽ സഞ്ചരിച്ചിട്ടുണ്ടോ ? എന്തൊരു രസം. അല്ലേ ? പക്ഷെ ആ തരത്തിലുള്ള സുഖകാംക്ഷയോടു കൂടി ഗോളാന്തര യാത്രയ്ക്കു പുറപ്പെട്ടാലുണ്ടല്ലോ, കടുത്ത നിരാശയായിരിക്കും ഫലം. കാരണം എന്താണെന്നല്ലേ ? എണ്ണമററ പ്രതിബന്ധങ്ങളാണു ഈ യാത്രയിൽ മനുഷ്യനഭിമുഖീകരിക്കേണ്ടി വരുന്നതു്. എന്തൊക്കെയാണാ പ്രതിബന്ധങ്ങൾ ? നമുക്കു ചിലതെല്ലാം പരിശോധിച്ചു നോക്കാം.



മനുഷ്യൻ അന്തരീക്ഷത്തിലേക്കു ഒരു പരിധിവിട്ടുയരുമ്പോൾ അവൻെറ സുബോധം അല്പസമയത്തേക്കു (ഏകദേശം 3 മിനിററു) നശിക്കുന്നു. കൂടുതൽ ഉയരുംതോറും ഈ അബോധാവസ്ഥയുടെ ദൈർഘ്യം കുറഞ്ഞു കുറഞ്ഞു വരും. പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഓക്സിജൻ തക്ക സമയത്തു കൊടുത്താൽ മാത്രമേ അയാളുടെ ജീവൻ രക്ഷപ്പെടുകയുള്ളൂ.

മുകളിലേക്കു പോകുന്തോറും അന്തരീക്ഷമർദ്ദം കുറയുന്നുവെന്നു നമുക്കറിയാമല്ലോ. ചുററുപാടുമുള്ള മർദ്ദം കുറയുമ്പോൾ ശരീരത്തിനകത്തുള്ള വാതകവും രക്തവും വികസിക്കുന്നു. ഇതിൻെറ പരിണതഫലം പറയേണ്ടതില്ലല്ലോ. 20 കി. മി. ഉയരത്തിൽവച്ചു 35 °C-ൽ ജലം തിളയ്ക്കും. എന്നാൽ അതേ ഉയരത്തിൽവച്ചു രക്തവും തിളയ്ക്കാനാരംഭിക്കും. ഫലമോ ?

ഇതിൽനിന്നും സിദ്ധിക്കുന്നതെന്താണ് ? മർദ്ദം ക്രമീകരിച്ചിട്ടുള്ള വായുനിബദ്ധമായ ഒരു ക്യാബിനിൽ മാത്രമേ മനുഷ്യനു് ബഹിരാകാശത്തേയ്ക്കു ഉയരാൻ കഴിയൂ. ഇതിനും പുറമേ ഒരു പ്രത്യേക തരം ഉടുപ്പും (Space suit) അയാൾ ധരിച്ചിരിക്കണം. നീണ്ട യാത്രകൾ നടത്തുമ്പോൾ ക്യാബിൻ എയർ കണ്ടീഷൻ ചെയ്തതായിരിക്കണം.

ഭാരമില്ലാത്ത അവസ്ഥ (weight lessness) യാണ് ബഹിരാകാശ യാത്രികനു് ആദ്യമായി അഭിമുഖീകരിക്കേണ്ടി വരുന്നതു്. ഒരു പ്രശ്നമെന്നതിനേക്കാളേറെ ഇതു " അസുഖകരമായ ഒരു അനുഭവം ' മാത്രമാണ്. ഭാരമില്ലാത്ത അവസ്ഥയിൽ ജീവിക്കുവാനുള്ള പരിശീലനം ഭൂമിയിൽ വച്ചു തന്നെ യാത്രക്കാരനു നല്കുകയാണെങ്കിൽ ഈ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാം. സോവിയററു ബഹിരാകാശചാരികൾക്കു വാഹനത്തിനകത്തു് പൊന്തിക്കിടന്നുകൊണ്ടു് അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞു. പൂർണ്ണമായ പരിശീലനം നിമിത്തം അല്പംപോലും അസുഖം ഭാരമില്ലായ്മയിൽനിന്നും അവർക്കുണ്ടായില്ല.

രണ്ടാമത്തെ റഷ്യൻ ബഹിരാകാശയാത്രികനായ ടിറ്റോവിനു ഭാരമില്ലായ്മയിൽ പ്രവേശിച്ചപ്പോൾ 'കീഴ്മേൽ മറിഞ്ഞു പറക്കുന്ന അനുഭവ'മുണ്ടായതായി റിപ്പോർട്ടു

---

"ഇന്നിവർ തമ്മിൽ കാണുന്ന സ്നേഹം നാളെ മുതൽ ഉണ്ടാകുമോ...?" ഹെഡ്ക്ലാർക്കു് ആരോടെന്നില്ലാതെ ചോദിച്ചു. അതിനു മറുപടി എന്നോണം ആലുവാപ്പുഴയിലെ കുഞ്ഞലകളെ ചുംബിച്ചുകൊണ്ടു വന്ന ഒരിളംകാററു് അവരെ തലോടിക്കൊണ്ടു് കടന്നുപോയി.

ചെയ്യപ്പെടുന്നു. പൂർണ്ണമായ പരിശീലനം കൊണ്ടു ചെറിയ ചെറിയ ബഹിരാകാശ യാത്രാവേളകളിൽ ഭാരമില്ലായ്മയെ ജയിക്കാം. എന്നാൽ ഗോളാന്തരങ്ങളിലേക്കുള്ള നീണ്ട നീണ്ട യാത്രകളിലോ ? കടൽച്ചൊരുക്ക് (nausea) തലചുറ്റൽ (dizziness), ദിഗ്ഭ്രംശം (dis-orientation) മുതലായ രോഗങ്ങൾക്ക് ഇതു കാരണമാകുമെന്നു ശാസ്ത്രജ്ഞന്മാർ ഭയപ്പെടുന്നു. പ്രതിവിധിയായി ക്യാബിനകത്തു കൃത്രിമമായ ആകർഷണം ഉണ്ടാക്കാൻ നമുക്കു കഴിയും.

ഗോളാന്തര യാത്രികനു ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു വൻപ്രശ്നമാണ് റേഡിയേഷൻ (Radiation) സാധാരണയായി കോസ്മിക്‌രശ്മികളും (Cosmic rays) ഭൂമിയുടെ റേഡിയേഷൻ വലയവും (radiation belt) സൂര്യനുമാണ് റേഡിയേഷൻ ഉണ്ടാക്കുന്നതു. സാധാരണ റേഡിയേഷനെതിരെ സംരക്ഷണം നല്കാൻ നമുക്കിന്നു കഴിയും. എന്നാൽ ചിലപ്പോൾ സൂര്യനിൽ ചില ആളിക്കത്തലുകൾ നടക്കാറുണ്ട്. ഇതു് ശൂന്യാകാശത്തിന്റെ വിദൂരകോണുകളിൽപോലും ശക്തിയേറിയ റേഡിയേഷൻ ഉണ്ടാക്കുന്നു. സൂര്യനിൽ നിന്നെത്തുന്ന ഹൈഡ്രജന്റെ പ്രോട്ടോണുകൾ വാഹനത്തിന്റെ പുറഭാഗം തുളച്ചു അപകടങ്ങൾ സൃഷ്ടിക്കാം. അൾട്രാവൈലറ്റ് റേഡിയേഷനേപ്പോലും തടഞ്ഞു നിർത്തുന്ന സ്പെയിസ്‌വാഹനത്തിന്റെ പുറം ഭിത്തി ഇക്കാര്യത്തിൽ നിസ്സഹായാവസ്ഥയിലാണ്.

എന്നാൽ ഇത്തരം അപകടങ്ങളെപ്പറ്റി അല്പം മുമ്പു ബഹിരാകാശചാരികൾക്കു മുന്നറിയിപ്പു നല്കാൻ കഴിയും. സൂര്യനിലെ ശക്തിയേറിയ കാന്തമണ്ഡലങ്ങളിലാണ് ഇത്തരം ആളിക്കത്തലുകൾ ഉണ്ടാകാറുള്ളതു്. ഈ ഭാഗങ്ങളിൽനിന്നും ശക്തിയേറിയ റേഡിയോ പ്രചോദനങ്ങൾ(impulse) സെന്റിമീറ്റർ—ഡെസിമീറ്റർ ബാൻഡുകളിൽ അയയ്ക്കപ്പെടുന്നുണ്ട്. ഇതു് ഭൂമിയിലുള്ള സ്റ്റേഷനുകളിൽ പിടിച്ചെടുക്കാം. സഞ്ചാരസമയത്തും അതിനു മുമ്പും ഇത്തരം നിരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നാൽ വലിയ അപകടങ്ങൾ ഒഴിവാക്കാം.

ശക്തി കുറഞ്ഞ കോസ്മിക് രശ്മികൾ രെക്കാർഡു ചെയ്യാൻ നമ്മുടെ ഉപകരണങ്ങൾ അപര്യാപ്തമാണ്. ഏകകോശ ജീവികളിലും സസ്യങ്ങളിലും അവയുടെ പ്രവർത്തനം വമ്പിച്ച മാറ്റങ്ങൾ ഉളവാക്കുന്നു. ഇതിനുതകുന്ന ജീവികളെയും സസ്യങ്ങളെയും കൂടെക്കൊണ്ടു പോകുന്നതായാൽ വളരെ ചെറിയ കോസ്മിക് രശ്മികളും അളക്കാൻ കഴിയും.

ഗോളാന്തര യാത്രയ്ക്കുപയോഗിക്കുന്ന യാനപാത്രം (space ship) നിയന്ത്രണാധീനമായിരിക്കണം. റേഡിയേഷനെ തടുക്കാൻ കരുത്തുള്ള ലോഹമാണ് ഇതിന്റെ നിർമ്മാണത്തിനുപയോഗിക്കുന്നതു്. ഭാവിയിൽ റിഇൻഫോഴ്സ്ഡ് (reinforced) പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിനും സാദ്ധ്യതയുണ്ട്. മിക്ക ലോഹങ്ങളും സ്പെയിസിൽ ഭൂമിയിലെപ്പോലെ വർത്തിക്കുകയില്ലെന്നുള്ളതു ഇവിടെ സ്മരണീയമാണ്.

വാഹനത്തിനകത്തു അതിന്റെ നിയന്ത്രണം, റേഡിയോ, താപം ഇവയുടെ സജ്ജീകരണമുണ്ടായിരിക്കണം. ടെലിവിഷൻ ക്യാമറകൾ, ദൂരദർശിനികൾ, ഇരിക്കാനുള്ള കസേര, റേഡിയോ, ടേപ്പ്റെക്കാർഡർ ഇവയും വാഹനത്തിനകത്തുണ്ട്. വാഹനത്തിന്റെ നിയന്ത്രണം സഞ്ചാരകനും ഭൂമിയിലുള്ളവർക്കും നിയന്ത്രിക്കാവുന്ന തരത്തിലാണ്. വഴി തിരുത്തുന്നതിനും മടക്കയാത്രയ്ക്കും ഉപയോഗിക്കുന്ന റെട്രോറോക്കറ്റുകൾക്കും (retro-rockets) ഇത്തരത്തിലുള്ള ദ്വിവിധനിയന്ത്രണമുണ്ടായിരിക്കും. സാധാരണ നിലയിലുള്ള ക്ലിന്നതയും (Humidity) മർദ്ദവും, ഊഷ്മാവും ക്യാബിനിൽനിലനിർത്താൻ വേണ്ട സജ്ജീകരണങ്ങളും അതിനകത്തുണ്ട്. കാർബൺഡയോക്സൈഡ് മുതലായ വിസർജ്ജനവസ്തുക്കളെ ആഗിരണം ചെയ്യുന്ന രാസപദാർത്ഥങ്ങളും അതിലുണ്ട്.

ക്യാബിനിലെ സജ്ജീകരണത്തിനു പുറമെ ബഹിരാകാശചാരികൾക്കു ഒരു കവചം (space suit) ധരിക്കേണ്ടതുണ്ട്. ക്യാബിനിലെ ജീവരക്ഷയ്ക്കുതകുന്ന സജ്ജീകരണങ്ങളെല്ലാം ഇതിലുമുണ്ടായിരിക്കും. ക്യാബിനു എന്തെങ്കിലും തകരാറു പറ്റുകയാണെങ്കിൽ സ്പേസ്‌സൂട്ടിലുള്ള യന്ത്രങ്ങൾ സ

യും പ്രവർത്തിച്ചു തുടങ്ങും. പക്ഷേ യാത്രക്കാരൻ ഉടൻതന്നെ നിലത്തിറങ്ങാൻ നോക്കണമെന്നു മാത്രം.

റേഡിയേഷന്റെ ലെവൽറീഡിംഗ് എടുത്തു ഭൂമിയിലേക്കു റിപ്പോർട്ടു ചെയ്യുന്ന യന്ത്രങ്ങൾ വാഹനത്തിനു പുറത്തു ഘടിപ്പിച്ചിരിക്കും. വാഹനം തിരിച്ചു അന്തരീക്ഷത്തിലേക്കു പ്രവേശിക്കുമ്പോൾ ചൂടുകൊണ്ടു ഉരുകിപ്പോകാതിരിപ്പാൻ താപം ആഗിരണം ചെയ്യുന്ന ഹീററു ഷീൽഡും (heat shield) വാഹനത്തിനു പുറത്തുണ്ടായിരിക്കും.

ദൈർഘ്യമേറിയ യാത്രാവേളകളിൽ യാത്രികനു ക്ഷീണം ഉണ്ടാകാം. തന്മൂലം ഉണർന്നിരിക്കുവാനുള്ള കഴിവു നഷ്ടപ്പെടാം. അങ്ങനെ സംഭവിച്ചാൽ അയാൾക്കു അപകടത്തെപ്പററി മുന്നറിയിപ്പു നല്കാൻ സ്വയം പ്രവർത്തിക്കുന്ന യന്ത്രങ്ങളും ക്യാബിനിലുണ്ടായിരിക്കണം.

ഇങ്ങനെയുള്ള ഒരു ആകാശക്കപ്പൽ ചന്ദ്രനിലേക്കും അതിനടുത്ത ഗ്രഹങ്ങളിലേക്കും മാത്രം യാത്ര നടത്താനുപകരിക്കുന്നതാണ്. ഗോളാന്തര യാത്രകൾക്കു വാഹനത്തിൽ മററു ചില സജ്ജീകരണങ്ങൾകൂടി ഉണ്ടായിരിക്കും. ചില രാസപദാർത്ഥങ്ങളുപയോഗിച്ചു വായു ക്യാബിനിൽ വീണ്ടും ഉണ്ടാക്കാം. വെള്ളം ആഹാരം ഇവ ഒരു പരിധിയിലേറെ വഹിച്ചുകൊണ്ടുപോകുക സാദ്ധ്യമല്ലല്ലോ ? എന്നാൽ ഒരിക്കലുപയോഗിച്ച വെള്ളം, ആഹാരം, കൃത്രിമമായ അന്തരീക്ഷം ഇവ ecological cycle അനുസരിച്ചു വീണ്ടും ഉപയോഗപ്പെടുത്താം. ചെടികൾ ഇംഗാലസാത്മീകരണ സമയത്തു കാർബൺഡയോക്സൈഡ് ആഗിരണം ചെയ്യുകയും ഓക്സിജൻ പുറത്തു വിടുകയും ചെയ്യുന്നു. കുറെ ചെടികൾ വാഹനത്തിൽ ഉണ്ടെങ്കിൽ ഇതിനു പുറമേ അവയെ ആഹാരമായിട്ടും ഉപയോഗിക്കാം. ക്ലോറെല്ല (Chlorella) പച്ച ആൽഗ (green alga) എന്നിവ ഇതിനു പററിയ ചെടികളാണ്. ക്ലോറെല്ല ധാരാളം കാർബൺഡയോക്സൈഡിനെ ആഗിരണം ചെയ്യുകയും ഓക്സിജനെ പുറത്തു വിടുകയും ചെയ്യുന്നു. കൂടാതെ ഇതു പെട്ടെന്നു വളരുന്നതുകൊണ്ടു കുറെ അതാതു സമയത്തു ആഹാരത്തിനുമുപയോഗിക്കാം. മനുഷ്യരുടെയും കൂടെയുള്ള ജീവികളുടെയും വിസർജ്ജന ദ്രവ്യങ്ങൾ ശരിക്കും പ്രയോജനപ്പെടുത്തുകയും ചെയ്യാം.

യാനപാത്രത്തെ ഭ്രമണപഥത്തിലെത്തിക്കുന്ന വാഹകറോക്കററിനെ (Launch vehicle) പ്പററിയാണ് ഇനി ആലോചിക്കാനുള്ളതു്. ചന്ദ്രനിലേയ്ക്കും ഗോളാന്തരങ്ങളിലേയ്ക്കും ആകാശക്കപ്പലുകളയയ്ക്കാൻ ശക്തിയേറിയ റോക്കററുകളാവശ്യമാണ്. അനേക ഘട്ടങ്ങളുള്ള (Multistage) റോക്കററുകളാണിതിനുപയോഗിക്കാനുദ്ദേശിക്കുന്നതു്. എന്നാൽ റഷ്യൻശാസ്ത്രജ്ഞനായ (Tsiolkovsky) ഇതിനൊരു പരിഹാരം നിർദ്ദേശിക്കുന്നുണ്ടു്. (Rocket-squadron) പദ്ധതിയാണിതു് ഒരേ സമയം ഒരേ തരത്തിലുള്ള അനേകം റോക്കററുകൾ ഒരുമിച്ചു തൊടുത്തു വിടുക. ഓരോന്നിലേയും പകുതി ഇന്ധനം തീർന്നു കഴിയുമ്പോൾ പകുതി റോക്കററുകൾ ശേഷിപ്പുള്ള ഇന്ധനം മററേ പകുതിക്കു നല്കി തിരിച്ചുപോരുന്നു. ഇന്ധനം ലഭിച്ച റോക്കററുകൾ പ്രയാണം തുടരുന്നു. വീണ്ടും ഓരോന്നിലുള്ള പകുതി ഇന്ധനം തീരുമ്പോൾ പകുതി റോക്കററുകൾ ശേഷിപ്പുള്ള ഇന്ധനം മററേ പകുതിക്കു നല്കി തിരിച്ചുപോരുന്നു. ഇതാവർത്തിച്ചാവർത്തിച്ചു സംഭവിക്കുമ്പോൾ അവസാനം ഒരു റോക്കററു ലക്ഷ്യസ്ഥാനത്തെത്തിച്ചേരും. അനേക ഘട്ടങ്ങളുള്ള ഭീമാകാരങ്ങളായ റോക്കററുകളുണ്ടാക്കുന്നതിനേക്കാൾ എത്രയോ എളുപ്പമാണ് മൂന്നോ നാലോ ഘട്ടങ്ങളുള്ള അനേകം ചെറിയ റോക്കററുകൾ നിർമ്മിക്കുന്നതു്.

ശരിയായ പന്ഥാവിലൂടെ വാഹനത്തെ നയിക്കുകയെന്നുള്ളതു് ഭാരമേറിയ ജോലിയാണ്. ആരംഭത്തിൽ ഒരു മി. മി. വ്യത്യാസം വന്നാൽ ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ അതു് അനേകം കി. മീ. ആയി അനുഭവപ്പെടും. അനേകം തെററുതിരുത്തലുകൾക്കു വേണ്ട ഇന്ധനം വാഹനത്തിലൊട്ടില്ലുതാനും. നാവിഗേഷനിൽ കൂടുതൽ പുരോഗമിച്ചാൽ വഴിമദ്ധ്യേയുള്ള തെററുതിരുത്തൽ വളരെ കുറയ്ക്കാം.

ബഹിരാകാശചാരികളുടെ തിരഞ്ഞെടുപ്പും ഒരു പ്രശ്നമാണ്. കായികശേഷിയും മാനസികശേഷിയുമുള്ള ശാസ്ത്രജ്ഞന്മാ

രെയാണിതിനാവശ്യം. അവരെ പൈലററായി പരിശീലിപ്പിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പൈലററിനെ ശാസ്ത്രജ്ഞനാക്കിയാലും മതി. കൂടാതെ പരിപൂർണ്ണമായ പരിശീലനം അവർക്ക് ഭൂമിയിൽവച്ചു നല്കപ്പെടണം.

ചന്ദ്രനിലേക്കുള്ള യാത്രയെപ്പററി അല്പം പറഞ്ഞുകൊള്ളട്ടെ. ചന്ദ്രമണ്ഡലത്തെ ചുററി ഒരു പൊടിപടലം (Dust layer) ഉണ്ടെന്നു സംശയിക്കപ്പെടുന്നു. ഇതിന് ഏതാനും ഇഞ്ചു മുതൽ ഏതാനും മൈൽ വരെ കനമുണ്ടെന്നുള്ള വിവിധാഭിപ്രായങ്ങളാണ് ശാസ്ത്രജ്ഞന്മാർക്കുള്ളത്. ചന്ദ്രനിലേക്കുള്ള യാത്രയ്ക്കു മുമ്പ് അവിടത്തെ ചുററുപാടുകളെപ്പററി പൂർണ്ണമായ പഠനം നടത്തി ബഹിരാകാശചാരികൾക്ക് ഇറങ്ങാനുള്ള സ്ഥലം മുൻകൂട്ടി നിശ്ചയിച്ചിരിക്കണം. ചന്ദ്രനിലെ കാലാവസ്ഥ മനുഷ്യനു പററിയതല്ലെന്നാണ് കിട്ടിയിടത്തോളം അറിവ്.

ഗോളാന്തരയാത്രയ്ക്കും ചില പ്രതിബന്ധങ്ങൾകൂടി തരണംചെയ്യേണ്ടിയിരിക്കുന്നു. ഭാരമേറിയ ആകാശക്കപ്പലിനെ അന്തരീക്ഷത്തിനു മുകളിലാക്കി അവിടെനിന്നും അനേകായിരം മൈൽ വേഗതയിൽ തൊടുത്തുവിടണമെന്നുള്ളതാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നം. ലക്ഷ്യസ്ഥാനത്തെത്തുന്നതിനു മുമ്പ് അനേകം തെററുതിരുത്തലുകളും വേണ്ടിവരുന്നു. ഭൂമിയുടെ അന്തരീക്ഷത്തിനു മുകളിൽ ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്ന ഒരു സ്പെയ്സ് സ്റ്റേഷൻ (Space station) സ്ഥാപിച്ചാൽ ഈ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാം. അവിടെനിന്നും വളരെയേറെ വേഗത്തിൽ ആകാശക്കപ്പലുകൾ തൊടുത്തു വിടുന്നതിന് അധികം ഇന്ധനം ആവശ്യമില്ല. കാരണം അവിടെ വായുവിന്റെ ഘർഷണമില്ലാത്തതാണ്.

ബഹിരാകാശത്തിൽ എങ്ങിനെ ഒരു സ്പെയ്സ് സ്റ്റേഷൻ നിർമ്മിക്കാം? ഇതു (Rendezvous) എന്നൊരു തരം സാങ്കേതിക വിദ്യയുപയോഗിച്ചാണ് സാധിക്കുന്നതു്. ഭൂമിയിൽവച്ച് അതു സംയോജിപ്പിച്ചുകൊണ്ടുപോകാൻ നിവൃത്തിയില്ല; ബഹിരാകാശത്തുവച്ചു തന്നെ കൂട്ടിയിണക്കപ്പെടണം. ആദ്യമായി സെൻറർസ്റ്റേഷൻ (Centre station) ഭ്രമണപഥത്തിലേക്കയയ്ക്കുന്നു. ഇതിൽ മൂന്നോ നാലോ വിദഗ്ദ്ധന്മാരുമുണ്ടായിരിക്കും. പിന്നീടു ഷട്ടിൽറോക്കററുകൾ മററു ഭാഗങ്ങൾ അവിടെ എത്തിച്ച് അതോടു ചേർക്കുന്നു. ആകാശത്തുവച്ചുള്ള ഈ പണിക്ക് (Orbital rendezvous) എന്നാണ് പേർ.

അല്ലെങ്കിലെന്തിന്? ചന്ദ്രനെത്തന്നെ ഒരു സ്പെയ്സ് സ്റ്റേഷനാക്കി മാററരുതോ? അതേ; നല്ലൊരാശയമാണതു്; ചന്ദ്രനിലെ പരിതഃസ്ഥിതികൾ അതിന് അനുകൂലമാണെങ്കിൽ.

ഗോളാന്തരയാത്രക്കാരെ അഭിമുഖീകരിക്കുന്ന മറെറാരു വലിയ പ്രശ്നമാണ് ആയുസ്സിന്റെ കാര്യം. ഒന്നിലും പിന്മാറാത്ത ശാസ്ത്രം ഇതിനും പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ട്. ഹൈബർനേഷൻ (Hibernation) എന്ന പേരിലാണതറിയപ്പെടുന്നതു്. ആകാശക്കപ്പലിലെ ഊഷ്മാവു 0°c ആകുന്നതോടെ ബഹിരാകാശചാരി ഒരു 'നീണ്ട ഉറക്കത്തി'നധീനനാകുന്നു. ഈ ഉറക്കത്തിൽ റേഡിയേഷൻ അയാളെ ബാധിക്കുകയില്ല. മാത്രമല്ല ഓക്സിജനും ഭക്ഷണവും വളരെ കുറച്ചു മതിതാനും. ആവശ്യമുള്ളപ്പോൾ ക്യാബിന്റെ ഊഷ്മാവു സാധാരണ തോതിലാക്കിയാൽ മതി. അയാളുണർന്നു സാധാരണമനുഷ്യനെപ്പോലായിരിക്കും; ആയിരവും രണ്ടായിരവും വർഷങ്ങൾക്കു ശേഷമാണെങ്കിൽപ്പോലും.

വിജ്ഞാനസമ്പാദനമാണ് ഗോളാന്തരയാത്രകളുടെ ലക്ഷ്യം. ആ വിജ്ഞാനം മനുഷ്യജീവിതം അഭിമുഖീകരിക്കുന്ന പ്രതിബന്ധങ്ങളെ ലഘൂകരിച്ച് ജീവിതം കൂടുതൽ ഐശ്വര്യസമ്പൂർണ്ണമാക്കാൻ ഉപയോഗിക്കാം. നാവിഗേഷൻ, വാർത്താവിനിമയം, കാലാവസ്ഥാപ്രവചനം, രാജ്യരക്ഷ എന്നിവയിൽ വമ്പിച്ച മാററങ്ങൾ വരുത്താൻ ഇതു സഹായിച്ചിട്ടുണ്ട്.

പട്ടിണിയും കഷ്ടപ്പാടും നിറഞ്ഞ ഈ ലോകത്തിൽ ഇത്തരം വമ്പിച്ച ഗവേഷണങ്ങൾ നടത്തുന്നതിലുള്ള സാമ്പത്തിക വൈഷമ്യം അചിന്തനീയമാണ്. സാമ്പത്തികഭദ്രതയിൽ അമേരിക്കയാണ് മുന്നിൽ; സാ

ചെറുകഥ.

# ഞാനതറിഞ്ഞില്ല

[തോമസ് വറുഗീസ്, ക്ലാസ്സ് II ബോട്ടണി.]

കോളജിൽ ഫൈനൽ ബി. എസ്സ്സിക്കു പഠിക്കുന്ന കാലം. ഇനിയും ഒരു മാസം കൂടിയേ പരീക്ഷയ്ക്കുള്ളു. അതിനുശേഷം എന്നെന്നേക്കുമായി ഈ കോളജിനോടു യാത്ര പറയുകയാണ്. ധാരാളം പഠിക്കുവാനുണ്ട്. സ്റ്റഡിലീവ് ആണ്. രാവിലെ കാപ്പികുടിയും കഴിഞ്ഞു് പുസ്തകവും എടുത്തു പുഴയിലേക്കു നടന്നു.

ഹാ! എത്ര മനോഹരമായിരിക്കുന്നു. വെള്ളം കുറഞ്ഞു് മണൽ തെളിഞ്ഞിട്ടുണ്ട്. വർഷകാലത്തു് കുതിച്ചുപായാറുള്ള ആ പെരിയാറു് ഒരു കൊച്ചുകുട്ടിയെപ്പോലെ അതാ കുണുങ്ങി ഒഴുകുന്നു. ഇളംതെന്നലിൽ താളം തല്ലുന്ന ചില്ലിക്കൊമ്പുകളിൽ പററിപ്പിടിച്ചിരുന്നു് പക്ഷികൾ പാട്ടുപാടുന്നു. ആററിൻ കരയിലേക്കു ചാഞ്ഞുനിന്നിരുന്ന ഒരു വൃക്ഷത്തണലിൽ മണൽപ്പുറത്തു് ഇരിപ്പുറപ്പിച്ചു. പെട്ടെന്നു് ചിന്തകൾ വിദൂരമായ സ്വന്തം നാട്ടിലേക്കു പാഞ്ഞു. കുന്നുകളും, താഴ്‌വരകളും, കുണുങ്ങിയൊഴുകുന്ന പൂഞ്ചോലകളും, കിളികളും പാടുന്ന പക്ഷികളും നിറഞ്ഞ ആ പ്രദേശങ്ങൾ. ഒരുപക്ഷേ ആ പ്രദേശം കണ്ടിട്ടാണോ ചങ്ങമ്പുഴ

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങിമുങ്ങി"



എന്ന കവിത എഴുതിയതു് എന്നെനിക്കു തോന്നിപ്പോയി. ജനിച്ചുവളന്ന വീട്, കളിത്തോഴന്മാർ, കൂടുതൽ പരിചയമുള്ള പള്ളിയങ്കണങ്ങൾ, പരിപാവനമായ അന്തരീക്ഷം, നിമിഷനേരത്തിനുള്ളിൽ ഈ ചിത്രങ്ങളെല്ലാം മനസ്സിൽക്കൂടി കടന്നുപോയി.

പെട്ടെന്നു് ചിന്തയെ പുസ്തകത്തിലേക്കു തിരിച്ചു. ഒരു മണിക്കൂർ നേരത്തെ ഏകാഗ്രമായ പഠിത്തം. അല്പം വിശ്രമിക്കാം. മനസ്സു മന്ത്രിച്ചു. ആററിൽനിന്നും വെള്ളം കോരി മുഖമൊന്നു കഴുകി. മണി ഒൻപതു കഴിഞ്ഞു് പത്തു മിനിററു്. തുവർത്തു മണൽപ്പുറത്തു വിരിച്ചു് പതിയെ കിടന്നു. എന്നിട്ടു് മുരളി എടുത്തൊന്നു ചലിപ്പിച്ചു. പെട്ടെന്നു് അതിന്റെ താളത്തിനൊപ്പിച്ചു് ഒരു ഗാനം കാതുകളിൽ മാറെറാലിക്കൊണ്ടു. എഴുന്നേററിരുന്നു നോക്കി. അതാ ഒരു കൊച്ചു തോണി ആററിൽക്കൂടി താഴേക്കൊഴുകി വരുന്നു. ഒരു സ്ത്രീയും ഒരു കൊച്ചുകുട്ടിയും. സ്ത്രീയെന്നു പറഞ്ഞാൽ ശരിയാവില്ല. പതിനേഴപതിനെട്ടു വയസ്സ് പ്രായം വരുന്ന ഒരു യുവസുന്ദരി. എട്ടു്, ഒൻപതു വയസ്സു് കാ

---

ഭൗതിക രംഗത്തു റഷ്യയും. അമേരിക്കയും റഷ്യയും യോജിച്ചു മുമ്പോട്ടു പോയാൽ ഗോളാന്തര യാത്രകൾ അത്ര വൈഷമ്യകരമായിത്തീരില്ല. ഭാഗ്യമെന്നു പറയട്ടെ, ഇന്നു് അമേരിക്കയും റഷ്യയും കൂടുതൽ അടുത്തിരിക്കയാണ്. ലോകത്തെ നാശഗർത്തത്തിൽനിന്നും കരകേററി, ശാസ്ത്രത്തെ നേരായ പഥത്തിലൂടെ നയിച്ചു സമത്വസുന്ദരമായ മറെറാരു ലോകം കെട്ടിപ്പടുക്കാനുള്ള പരിശ്രമത്തിന്റെ നാന്ദിയാണിസ്സംരംഭം. ഭാവിയിൽശാസ്ത്രം എന്തെല്ലാം അത്ഭുതങ്ങൾ സൃഷ്ടിക്കില്ല?

ണം ആ കുട്ടിക്ക്. മനസ്സിൽ എന്തെന്നില്ലാത്ത ഒരു കോളിളക്കം. തോണി കരയ്ക്കടുത്തു. അവർ തോണിയിൽനിന്നും ഇറങ്ങി. പായലിൽ തോണിയൊന്നു തെന്നിവെട്ടി. പ്ളിം! ആ കൊച്ചുകുട്ടി വെള്ളത്തിൽ. കിട്ടിയ അവസരം പാഴാക്കാതെ ഞാൻ വെള്ളത്തിലേക്കു കുതിച്ചു. പക്ഷേ ഒന്നു മുങ്ങിപ്പൊങ്ങിയപ്പം അവൻ നീന്തി കരയ്ക്കു നില്ക്കുന്നതായാണു കണ്ടതു്.

'അവനു നീന്തറിയാമായിരുന്നല്ലോ പിന്നെന്തിനു വെള്ളത്തിൽ ചാടി' അവൾ ചോദിച്ചു.

'ഞാനതറിഞ്ഞില്ലല്ലോ,' ഞാൻ പറഞ്ഞു.

'ഇവിടെ എന്തു ചെയ്യുന്നു.'

'യൂ. സി. കോളജിൽ തേർഡ് ബി. എസ്സ്സിക്കു പഠിക്കുന്നു. എക്സാമിനേഷൻ അടുത്തു. പഠിക്കുവാൻ വന്നതാണ്.'

'ഓ! എന്നാൽ ഞാൻ ശല്യം ചെയ്യുന്നില്ല പോയേക്കാം.'

'എങ്ങോട്ടു പോകുന്നു' ഞാൻ ചോദിച്ചു.

'ചാപ്പലിലേക്ക്.'

അപ്പോഴാണ് ഞായറാഴ്ചയാണെന്നുള്ള വിവരം എനിക്ക് ഓർമ്മ വന്നതു്.

'മണി ഒൻപതു കഴിഞ്ഞല്ലോ' ഞാൻ പറഞ്ഞു.

'ഒൻപതരയ്ക്കാണ് മാതൃഭാഷാ സർവിസ്.'

'അതുശരി, പേര്.'

'രമ'

'വീട്'

'ഈ ആററിനക്കരെ'

'പഠിക്കുന്നുണ്ടോ'

'ഉണ്ട്. എറണാകുളം മഹാരാജാസ് കോളജിൽ ഫസ്റ്റ് ബി. എസ്സ്സിക്ക്.'

'ഈ കുട്ടി'

'ആങ്ങള'

'പേര്'

'മോഹൻ'

നനഞ്ഞ മോഹനെ തിരിച്ചയച്ചിട്ട് അവൾ സംസാരം തുടർന്നു.

'പേരെന്താണ്'

'രമണൻ'

'അപ്പോൾ മദനന്റെ കൂട്ടുകാരൻ'

'അല്ല, ഇപ്പോൾ രമയുടെ കൂട്ടുകാരൻ'

അവളൊന്നു ചിരിച്ചു. ലജ്ജയിൽ കലർന്ന പുഞ്ചിരിയോടെ അവൾ ചോദിച്ചു 'വീട് ഇവിടെ അടുത്താണോ?'

'അല്ല കോട്ടയത്തിനടുത്തു്'

'ഓ! വളരെ ദൂരത്താണല്ലൊ'

'അടുത്തെവിടെയെങ്കിലും ആയിരുന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ട്.'

'എന്നാൽ അടുത്തുള്ള വീട്ടിലേക്കൊക്കെ ഒന്നു വന്നാകൂടെ.'

'ആരുടെ'

'എന്റെ വീട്ടിൽ പുതുവട്ടം വരുന്നതും സന്തോഷമാണ്. അവിടെ ഞാനും അച്ഛനും, അമ്മയും, മോഹനും മാത്രമേയുള്ളു.'

'രമയ്ക്കെന്നാണു കോളജു തുറക്കുക.'

'ജൂൺ പതിനാറിന്'

'ചാപ്പലിൽ പോകാനുള്ള സമയം കഴിയുമല്ലൊ' ഞാൻ പറഞ്ഞു.

'ശരി, എന്നാൽ ഞാൻ പോകുന്നു. വല്ലപ്പോഴുമൊക്കെ ഞങ്ങളുടെ വീട്ടിൽ വരണമെ. ഇതുപോലെ ഒരു സഹോദരനെ ഞാൻ എത്ര ആശിച്ചിരുന്നു.'

'മോഹനില്ലേ?'

'അവൻ നന്നെ ചെറുപ്പമല്ലേ.'

'കളിയാക്കാതെ.'

'അല്ല ഞാൻ കളിയാക്കുകയല്ല.'

'ശരി! എന്നാൽ ഞാൻ വരാം.'

അവൾ എനിക്കു വീടു ചൂണ്ടിക്കാണിച്ചു തന്നു.

* : *

ആ ഒരു മാസത്തിനിടയ്ക്ക് ഞാൻ അവിടെ മൂന്നു നാലു പ്രാവശ്യം പോയെന്നാണ് ഓർമ്മ. മനോഹരമായ ഒരു കൊച്ചുവീട്. സാമ്പത്തികശേഷി അധികം ഇല്ലെങ്കിലും ആ വീട് വൃത്തിയായി സൂക്ഷിക്കുവാൻ അവർ ശ്രമിക്കാറുണ്ട്. അതു കാണുമ്പോഴൊക്കെ ദൂരസ്ഥമായ എന്റെ കൊച്ചുവീടും അതിന്റെ പടിക്കൽക്കൂടി മന്ദം മന്ദം ഒഴുകിപ്പോകുന്ന കൊച്ചരുവിയുമാണു സ്മരണയിലെത്തുക. ഞാൻ മുൻഭാഗത്തേക്കു നോക്കും. ഇവിടെ കാണുന്നതു് അഗാധമായ പെരി

യാറാണ്. എന്തെന്നില്ലാത്ത ഒരു സ്നേഹബന്ധം ആ വീടുമായി. സ്വന്തം വീടുപോലെ.

* * *

ഋതുക്കൾ മാറി മാറി വന്നു. പുതിയ പൂക്കൾക്ക് പഴയവ വഴിമാറിക്കൊടുത്തു.

ഇൻഡ്യാഗവണ്മെന്റിന്റെ കീഴിൽ ഇൻഡ്യൻ ആർമിയുടെ ഒരു സ്റ്റെനോഗ്രാഫറായി ഞാൻ നിയമിതനായി—മൂന്നു വർഷത്തേക്ക്—എന്നാൽ ഇന്ന് അതവസാനിച്ച് ഞാൻ നാട്ടിലേക്കു മടങ്ങുകയാണ്. കേരളത്തിലുള്ള ഒരു കമ്പനിയിൽ എനിക്കു നിയമനവുമായിട്ടുണ്ട്. മൂന്നു വർഷത്തിനുശേഷം ഞാൻ ആദ്യമായി നാട്ടിലേക്കു മടങ്ങി.

ഉത്തരേൻഡ്യയിലേക്കുള്ള യാത്ര പെട്ടെന്നായിരുന്നു. രമയെ കാണുന്നതിനോ യാത്രചോദിക്കുന്നതിനോ തരപ്പെട്ടില്ല. ചാർജ്ജെടുത്തയുടൻ രമയ്ക്കെഴുതി. നന്ദി നിറഞ്ഞ അവളുടെ മറുപടിയും കിട്ടി. ക്രമേണ ജോലി കൂടി വന്നു. അതിനാൽ രമയുടെ കത്തുകൾക്കൊന്നും തന്നെ മറുപടി എഴുതുവാൻ തരപ്പെട്ടില്ല. ആറു മാസങ്ങൾക്കു ശേഷം ഞാൻ അവൾക്ക് കോളജിലേക്കു രണ്ടു കത്തുകൾ എഴുതി. മറുപടി കിട്ടിയില്ല. വീണ്ടും രജിസ്റ്റർ ചെയ്ത് മൂന്നാമത് ഒരു കത്തുകൂടെ എഴുതി. അതു തിരിച്ചു വരികയാണുണ്ടായത്.

* * *

വീട്ടിൽ വന്നതിന്റെ നാലാം ദിവസം ഞാൻ രമയുടെ വീട്ടിലേക്കു തിരിച്ചു. ഒന്നര മാസം ലീവുണ്ട്. അതിനുശേഷം പുതിയ ജോലിയിൽ പ്രവേശിക്കണം. വീട്ടിൽ പല കല്യാണാലോചനകൾ വന്നു. മകൻ കല്യാണം കഴിച്ചു കാണുവാൻ അമ്മയ്ക്കു വളരെ ആഗ്രഹം. പെണ്ണുങ്ങളുടെ കാര്യം പറകയും വേണ്ട. പക്ഷേ എന്റെ രമ! അവളോടു പലതും പറയുവാനുണ്ട്. സ്നേഹം വിങ്ങിപ്പൊട്ടിനിന്ന ഹൃദയത്തിലേക്ക് ആദ്യമായി കടന്നുവന്ന അപരിചിത അവളാണ്. എല്ലാ വിവരങ്ങളും അവളെ അറിയിക്കണം. ആ കസ്തൂരി ആനന്ദംകൊണ്ടു തുള്ളിച്ചാടുന്നതെനിക്കു കാണണം. ഒരുപക്ഷേ പഠിത്തം പൂർത്തിയാക്കി അവൾക്കിപ്പോൾ വല്ല ജോലിയും ആയിക്കാണും. പല ചിന്തകളും യാത്രാമധ്യേ എനിക്കു തോഴ്മനിന്നു.

മൂന്നുവർഷം താമസിച്ച ഹോസ്റ്റൽ! പക്ഷേ, എല്ലാ സുഹൃത്തുക്കളും വിദ്യാഭ്യാസം പൂർത്തിയാക്കി പൊയ്ക്കഴിഞ്ഞിരുന്നു. എല്ലാം പുതുമുഖങ്ങൾ. ഹോസ്റ്റൽ ബോയ് മാത്രം അതേപടി. വന്ന കാര്യം സാധിച്ചതിനുശേഷം ഗുരുക്കന്മാരെ കാണാമെന്നു കരുതി.

ഒരു കൊച്ചുവള്ളം കൂലിക്കെടുത്ത് ഞാൻ ആററിനക്കരയ്ക്കു തുഴഞ്ഞു. ഞാൻ അത്ഭുതപ്പെട്ടുപോയി. ആ പഴയ കൊച്ചുവീടിന്റെ സ്ഥാനത്ത് അതാ ഒരു മാളിക. മുൻവശത്തായി ഗേററിൽ റിട്ടയാർഡ് ജഡ്ജ് കെ. സി. മേനോൻ എന്നൊരു ബോർഡും. ഇതെന്ത്? അവർ സ്ഥലം വിററു പോയിരിക്കുമോ? ഏതായാലും ധൈര്യമായി കതകിനു മുട്ടി. മുപ്പതുമുപ്പത്തിയഞ്ചു വയസ്സു പ്രായമുള്ള ഒരു മധ്യവയസ്കൻ വെളിയിൽ വന്നു. സകലവും ഞാനന്വേഷിച്ചു. ആ നല്ല മനുഷ്യൻ സകലവും പറഞ്ഞുതന്നു. 'മോഹന്' ന്യൂമോണിയാ പിടിപെട്ടെന്നും, ചികിത്സയ്ക്കു പണമില്ലാതെ അവർ ആ സ്ഥലം വിററതാണെന്നും, ആ പെൺകുട്ടിയുടെ പഠിത്തം പണമില്ലാഞ്ഞതിനാൽ നിർത്തിയെന്നാണു തോന്നുന്നതെന്നും, അവർ ഒരു വർഷം മുൻപ് ഇവിടെനിന്നും പോയെന്നും, ഇപ്പോൾ അഞ്ചെട്ടു മൈലകലെയാണു താമസമെന്നും പിന്നീടുള്ള യാതൊരു വിവരവും അറിഞ്ഞുകൂടെന്നും എല്ലാം.

* * *

ഞാനവിടെ ചെന്നപ്പോൾ ഏകദേശം നാലുമണിയായിക്കാണും. മൂകമായ ഒരു കൊച്ച് ഓലമേഞ്ഞ പുര. കതകിനു മുട്ടി. ഒരു ചടച്ചു മെലിഞ്ഞ സ്ത്രീ പുറത്തു വന്നു. ഒന്നു ചിരിക്കുവാൻ അവൾ ശ്രമിച്ചു. പക്ഷേ അതു കണ്ണുനീരായി നിലംപതിച്ചു. ഞാൻ ചോദിച്ചു. 'രമയുടെ വീടല്ലേ ഇതു'?

'രമണാ'

'രമേ, ഞാൻ നിന്നെ മനസ്സിലാക്കാതെ പോയല്ലോ രമേ!'

'അച്ഛൻ എവിടെ' ഞാൻ അന്വേഷിച്ചു.

'അദ്ദേഹം മരിച്ചുപോയി.'

എന്തു്? എനിക്കവളുടെ വാക്കുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

'അതേ, അദ്ദേഹം എന്നെന്നേക്കുമായി വേർപെട്ടു, രമണാ' രമയുടെ കണ്ണുകൾ നിറഞ്ഞു.

അവൾ എന്നെ അടുത്തുള്ള ഒരു പള്ളിയങ്കണത്തിലേക്കു നയിച്ചു. മനോഹരമായ രണ്ടു കല്ലറകൾ. ഒന്നു് മോഹനന്റേതു്. മറേറതു് അവളുടെ പ്രിയപ്പെട്ട അച്ഛന്റേതും.

'രമണാ'

ഞാൻ അവളെ സൂക്ഷിച്ചു നോക്കി. അവളുടെ കഴുത്തിൽ ഒരു മിന്നുമാല.

'രമേ' അവൾക്കു കാര്യം മനസ്സിലായി.

'അതേ രമണാ, ഞാനിന്നു വിവാഹിതയാണു്. അദ്ദേഹം അടുത്തുള്ള ഓഫീസിൽ ഒരു ക്ലാർക്കാണു്.'

'ഞാനതറിഞ്ഞില്ല, രമേ!'

'അതേ രമണാ എനിക്കും എന്റെ കുടുംബത്തിനും ഉണ്ടായ അധഃപതനവും ദുഃഖങ്ങളും എന്റെ പ്രിയപ്പെട്ട രമണനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. ആ ഹൃദയം ഒരു കാരണവശാലും വേദനിക്കുന്നതു് ഞാനിഷ്ടപ്പെട്ടില്ല, രമണാ.'

'പക്ഷേ, എന്റെ പ്രിയപ്പെട്ട രമേ, നീ എന്റെ സ്വന്തമാകുന്ന ആ നല്ല ദിവസത്തിനുവേണ്ടി ഞാൻ കാത്തിരിക്കയായിരുന്നു, പക്ഷേ.'

'എന്തു് രമണാ' അവളുടെ മുഖം പെട്ടെന്നു പ്രസന്നമായി. എന്നാൽ ഹൃദയവേദനയാൽ ആ കണ്ണുകൾ നിറഞ്ഞു.'

'അതേ രമേ അതിനുവേണ്ടി, എന്നാൽ നീ ഇനി എന്നും എന്റെ ഒരു കൊച്ചു സഹോദരിയായിരിക്കും. അന്നത്തെപ്പോലെ.'

'രമണാ' ............

'രമേ'

അടുത്തുള്ള മരച്ചില്ലയിൽ പററിപ്പിടിച്ചിരുന്ന പച്ചക്കിളി ഇണയെ കാണാഞ്ഞിട്ടെന്നപോലെ ചിലച്ചു പറന്നുപോയി. കൊമ്പിന്റെ കുലുക്കംകൊണ്ടാവാം ഒരു തളിരില അടർന്നു നിലംപതിച്ചു.




*By* P. N. Chandran, Class II Phy.

## ATHLETIC TEAM 1963-'64

Sitting (L. to R): M. P. Abdul Hameed; Mr. C. P. Andrews (Physical Director); Dr. P. M. Mathai (Principal); Sasidharan Nair K. (Captain); Abdul Mubarak.

Standing 1st Row: Muhammed (Games boy); Jose Eapen; Abraham K. Joseph; V. K. Skariah; Mathew; Supran (Games boy).
2nd Row: Sherine C. V; V. C. George; Poulose P; Abdul Basheer M. K.

## BADMINTON TEAM

Sitting: Mr. C. P. Andrews (Lecturer of Physical Education); P. K. Muthukrishnan Nair (Captain); Dr. P. M. Mathai (Principal); C. Chinnan John; Mr. K. M. Koshy (President).

Standing: Mohammad (Peon); M. A. Varghese; K. Viswanathan; M. B. Abdul Hameed; V. Joseph; Supran (Peon).

ATHLETIC TEAM 1963-'64



BADMINTON TEAM



THE COLLEGE VOLLEY-BALL TEAM (1962-'63)





K. Sasidharan Nair
Sports Captain, who broke the College and University Records in Pole Vault.



Ramani P. Joseph
Best Sports Woman
1963-'64.

THE COLLEGE VOLLEY -BALL TEAM (1962-'63)

Sitting (L. to R): Sri C. P. Andrews (Lecturer in Physical Education); M/s. M. V. Kurian (President); Dr. P. M. Mathai (Principal); V. K. Skariah (Captain); Abraham K. Joseph.

Standing 1st Row (L. to R): Muhammed (Games boy); Samuel Varghese; Jose Eapen; V. F. Isaac; P. S. Mani; Supren (Games boy).

2nd Row (L. to R): Oommen Kurian; P. V. Yacob; George John.

# ഊർമ്മിള

[ശ്രീദേവി ടി. കെ. ക്ലാസ്സ് I ബോട്ടണി]



ദുഃഖതപ്തമാം രാജധാനിതൻ പരിസരം
മർക്കടമുഷ്ടിക്കാരി റാണിയെ ശപിക്കവേ,
പുത്രദുഃഖത്താൽ പിതാവത്യന്തവിവശ-
നായ്
മൃത്യുതൻ മറുമുള്ളിൽപ്രതിഷ്ഠാൻ തുടങ്ങവേ,
അഭിമാനിയാം, സത്യവ്രതനാം ഭരതൻറെ-
യഭിമാനത്തിൻബോധം വാക്കിനാൽ മുഴ-
ങ്ങവേ,
ആക്കാണും വ്യസനാഗ്നി തീർത്താരാകൈ-
കേയിത-
ന്നൾക്കാമ്പു പശ്ചാത്താപഭാരത്താൽ നുറു-
ങ്ങവേ,
രാജധാനിയിലന്തഃപുരത്തിലേകാന്തമാം
കോണിൽനിന്നുയരുന്നൊരാത്മാവിൻ കദ-
നങ്ങൾ !
എന്തിനീ വിജനതയ്ക്കാലംബമായിട്ടതി-
നെന്തിനു കരയുന്നു, ഊർമ്മിളേ, മനസ്വിനീ !
ജീവിതത്തെ മുന്തിരിച്ചാറുപോൽ നുകരേണ്ട
നീയെന്തേ, കദനത്തിൻ മിഴിനീരിറക്കുന്നു ?
ത്യാഗി, നിൻകാന്തൻ, ധന്യധന്യനാം സൗ-
മിത്രിയി-
ന്നാരണ്യവാസം ചെയ്യും രാമൻറ ചാര-
ത്തല്ലോ ;
രാമനെ ശുശ്രൂഷിച്ചുമാനന്ദിപ്പിച്ചും സീതാ-
ദേവിയെക്കാത്തും കാട്ടിലിന്നവൻ കഴിയുന്നു!
ജ്യേഷ്ഠനെപ്പിതാവായി, ദൈവമായ്, ഗുരു-
വായി
ശ്രേഷ്ഠനാമവനെന്നുമാദരിക്കുന്നോനല്ലോ.
ജ്യേഷ്ഠൻറ ഹിതത്തിനായ് സർവ്വവും സമ-
ർപ്പിച്ച
ലക്ഷ്മണനന്ദേ നിന്നെയോർക്കുവാനവ-
സരം ?
എങ്കിലും പരമാർത്ഥം ചൊല്ലുകിൽ നിന്നെ-
യതല്ലു-
മിന്നവൻ മറന്നിട്ടില്ലെന്നു നീ കരുതുക !
നാളുകൾ ചുരുക്കമേ പിന്നിട്ടുള്ളൂവെന്നാൽ
നിൻ
പ്രാണേശൻ കേട്ടാൻ, നിൻറ ഹൃദയത്തു-
ടിപ്പുകൾ !
ആദരപൂർവ്വം, നീ, നിൻകരളിൻ ശ്രീ കോ-
വിലി-
ലാക്കായിക്കൊളുത്തിയീ സ്നേഹത്തിൻ മണി
ദീപം ?
കരളിൻ വീണക്കമ്പി മൃദുവായ് മീട്ടുന്ന നീ
സരളേ, യാരെക്കേൾപ്പിച്ചാത്മനിർവൃതി
നേടാൻ ?
സൂക്ഷ്മ സൂക്ഷ്മമാം നിൻറ ജീവിതരഹ-
സ്യങ്ങ-
ളാർക്കായിസ്സമർപ്പിച്ചു, ധന്യ നീ നിസ്സം-
ശയം ?
മടങ്ങിയെത്തും നാഥനച്ഛന കൈക്കൊ-
ള്ളുവാ-
നടങ്ങാത്താവേശത്താൽ വിതുമ്പും മനസ്സു-
മായ് !
അന്നുനിൻ കരൾക്കാമ്പിൽ സ്വപ്നത്തിൻ മു-
കുളങ്ങ-
ളൊരുമന്നൊന്നായ് വിരിയും, നീ സാമോദമാ-
ടിപ്പാടും !!

# വിദ്യാലയജീവിതവും രാഷ്ട്രീയവും

[പി. ഡി. ഔപലി, ക്ലാസ്സ് I ബോട്ടണി]

ഒരു വ്യക്തിയുടെ ജീവിതത്തിലെ സുപ്രധാനവും അവിസ്മരണീയവുമായ കാലഘട്ടം അവന്റെ വിദ്യാഭ്യാസ കാലമത്രെ. കല്ലും മുള്ളും നിറഞ്ഞതും ദുർഘടം പിടിച്ചതുമായ ജീവിതസരണിയെ പിന്നിട്ട പിന്നിട്ട നിരാശയുടെ നീച്ചുഴിയിൽനിന്നുമുള്ള ചുടുനെടുവീർപ്പുകൾ ഉയരുമ്പോൾ പ്രായമെത്തിയ ഒരാളുടെ അന്തഃകരണത്തിൽ പൊന്തിവരുന്ന ഏക ശീതളച്ഛായ അയാളുടെ വിദ്യാലയ ജീവിതമായിരിക്കും. പുഞ്ചിരിയുടെ പൂനിലാവിൽ പ്രകൃതിയുടെ ഭംഗികളാസ്വദിച്ചാസ്വദിച്ച്, വിജ്ഞാനസുധ നുകർന്നു നുകർന്ന്, പുതിയ പുതിയ കളിത്തോഴരൊത്താടിപ്പാടി ആനന്ദത്തിലാറാടി നൃത്തമാടി വിസ്തൃത വിഹായസ്സിൽ സ്വച്ഛന്ദം വിഹരിക്കുവാനുള്ള ഒരവസരം വിദ്യാഭ്യാസകാലത്തല്ലാതെ മറ്റൊരിക്കലും ലഭ്യമല്ല. വിദ്യാലയ ജീവിത മാഹാത്മ്യത്തെപ്പറ്റി ഒരു കവി പാടിയിരിക്കുന്നതിങ്ങനെയാണ്.

"അദ്ധ്യാപകപ്പൂക്കളിൽ നിന്നു നിത്യം
വിദ്യാമരന്ദം സരസം ഭുജിക്കും
വിദ്യാർത്ഥി ഭൃംഗങ്ങൾ നിറഞ്ഞ നല്ലോ-
രുദ്യാനമാം പാവന പാഠശാല."

ഡാർവിൻ സിദ്ധാന്തം പറയുന്നത് മൃഗം പുരോഗമിച്ച് മനുഷ്യനായി എന്നാണ്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസപുരോഗതിയുടെ ഫലമായി മനുഷ്യൻ പുരോഗമിച്ച് മൃഗമായിത്തീർന്നിരിക്കുകയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെപ്പോലെ അത്ര എളുപ്പമായിരുന്നില്ല പ്രാചീനകാലത്തെ വിദ്യാഭ്യാസം. കാടും, തോടും, കുണ്ടും, കുഴിയും, കാട്ടാറുകളും, പാറക്കെട്ടുകളും താണ്ടി വേണമായിരുന്നു അന്നത്തെ വിദ്യാർത്ഥിക്ക് ഗുരുസങ്കേതത്തിൽ എത്തുവാൻ. ഗുരുശിഷ്യബന്ധം അന്ന് ഉൽകൃഷ്ടമായ ഒന്നായിരുന്നു. ആ ഗുരുഭക്തിയും, സ്നേഹവും വാസ്തവത്തിൽ ഇന്നില്ലെന്നുള്ളത് വേദനാജനകമായൊരു വസ്തുതയാണ്. ആ വസന്തം ഇങ്ങിനിവരാതവണ്ണം മങ്ങിമങ്ങി മറയുകയാണ്. അങ്ങനെ ഇന്നത്തെ വിദ്യാഭ്യാസ



സമ്പ്രദായം വൈരുദ്ധ്യങ്ങളുടെ ഒരു കലവറയായി മാറിയിരിക്കുന്നു.

ഇന്ന് എങ്ങും എമ്പാടും പൊന്തിക്കേൾക്കുന്ന ആ ശബ്ദം വിദ്യാർത്ഥികളുടെ അച്ചടക്കമില്ലായ്മ എന്നതാണ്. ആരാണതിന്നുത്തരവാദികൾ? നല്ലൊരു ഭാഗവും വിദ്യാർത്ഥികൾതന്നെയാണ്. പക്ഷേ, വീടും നാടും, വിദ്യാഭ്യാസ സമ്പ്രദായവും സമുദായവും ഈ അപരാധത്തിൽ പങ്കാളികളാണ്.

അദ്ധ്യാപകവിദ്യാർത്ഥിബന്ധം കൂടുതൽ സുദൃഢമാക്കുകയും, കുടുംബത്തിൽവച്ച് അവരുടെ തെറ്റുകൾ കണ്ടുപിടിക്കുകയും, സാമൂഹ്യസേവനത്തിലും സൈനികസേവനത്തിലും അവരെ പങ്കാളികളാക്കുകയും ചെയ്യുമ്പോൾ ഇന്നത്തെ നില മെച്ചപ്പെടുമെന്നുള്ളു നിശ്ചയമാണ്.

ഇന്നത്തെ ഭരണസമ്പ്രദായത്തിലെ പോരായ്മകളും, ചില നേതാക്കന്മാരുടെ കടിഞ്ഞാണില്ലാത്ത പ്രവൃത്തനങ്ങളും, സമരങ്ങളും കോലാഹലങ്ങളും വിദ്യാർത്ഥികളെ വഴിപിഴച്ച പന്ഥാവിലേക്കാനയിക്കുന്നു. ഇത്തരത്തിലുള്ള പ്രവൃത്തനങ്ങൾ ക്രമീകരിക്കുകയും, ജനങ്ങളിൽ ശാന്തമായൊരന്തരീക്ഷം സംജാതമാക്കുകയും ചെയ്യുമ്പോൾ സമുദായ

വും തദ്വാരാ രാഷ്ട്രവും പുരോഗതി പ്രാപിക്കുകയും ആ പുരോഗതി വിദ്യാർത്ഥികളുടെ ഈദൃശ പ്രവർത്തനങ്ങൾ ഇല്ലാതാക്കുകയും ചെയ്യുമെന്നുള്ളതു സംശയരഹിതമായൊരു വസ്തുതയാണ്.

വാങ്ങിക്കേണ്ടിവരുന്ന പാഠപുസ്തകങ്ങളോടു മല്ലടിക്കുക എന്നതാണ് ഇന്നോരോ വിദ്യാർത്ഥിയേയും അഭിമുഖീകരിക്കുന്ന സുപ്രധാനമായൊരു പ്രശ്നം. അധികഭാഗം വിദ്യാർത്ഥികളുടെയും ലക്ഷ്യം ഏതെങ്കിലും ഒരു തൊഴിലിൽ പ്രവേശിച്ച് അതിൽ മൊട്ടിട്ടു വിടർന്നു വികസിച്ചു ശോഭനമായൊരു ജീവിതം നയിക്കുക എന്നുള്ളതാണ്. ചോരയും നീരും ചൊടിയും ചുണയും അറിവും കഴിവുമുള്ള പതിനായിരക്കണക്കിനഭ്യസ്തവിദ്യർ ഇന്ന് തൊഴിലില്ലാതെ നട്ടംതിരിയുകയാണ്. ആശയോടും ആവേശത്തോടും കൂടി അവർ കാത്തിരിക്കുന്നു—ഒരു നല്ല 'നാളെ'ക്കുവേണ്ടി. അഭ്യസ്തവിദ്യർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവൺമെൻറിൻെറ കർത്തവ്യമാണ്. ഈ രൂക്ഷമായ പ്രശ്നം പരിഹരിച്ചാൽ ഇന്നത്തെ ഛിദ്രവാസനകൾ കുറെയെല്ലാം അവസാനിക്കുകയില്ലേ ?

വിദ്യാർത്ഥികളിൽ കടന്നുകൂടിയിരിക്കുന്ന ഈദൃശ പോരായ്മകൾ വിദ്യാർത്ഥികൾ തന്നെ മനസ്സിലാക്കി പരിഹാരമാർഗ്ഗം ആരായേണ്ടതാണ്. ഒരു പ്രത്യക്ഷസമരത്തിനോ അവകാശവാദങ്ങൾക്കോ ഇനിയുമ്പോൾ ഉണ്ടാകുന്ന ഉണർവ്വും ഉന്മേഷവും സാമൂഹ്യസേവനത്തിനോ നിർമ്മാണാത്മകങ്ങളായ പ്രവർത്തനങ്ങൾക്കോ വിദ്യാർത്ഥികളിൽ ഉണ്ടാകുവാൻ കഴിയുന്നതല്ല. ഇൻഡ്യൻ സ്വാതന്ത്ര്യ സമരകാലത്തു മഹാത്മജി ബ്രിട്ടീഷ് മേധാവിത്വം ഇന്നാട്ടിലവസാനിപ്പിച്ചു സ്വതന്ത്രഇൻഡ്യാ കെട്ടിപ്പടുക്കുവാൻ സഹനസമരത്തിനായി അന്നത്തെ വിദ്യാർത്ഥികളോടാഹ്വാനം ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആ ആശയം വിവിധങ്ങളായ മാറ്റങ്ങൾ ഉദ്ഘാടനം ചെയ്തു. പല പാർട്ടികളും രൂപമെടുത്തു. ജനനേതാക്കളധികംപേരും അവയുടെ നായകന്മാരായിത്തീർന്നു. ജീവിതാരാമത്തിലെ വസന്തകാലമായ യുവത്വത്തിലൂടെ കടന്നുപോകുന്ന വിദ്യാർത്ഥിയെ വശത്താക്കിയാൽ ഏതു രൂക്ഷമായ കാര്യവും കാണാമെന്നവർ മനസ്സിലാക്കി. അങ്ങനെ വിദ്യാർത്ഥികാചത്തെ കാഞ്ചനമായി തെററിദ്ധരിച്ചു. അതിൻെറ പരിണതഫലങ്ങൾ ആശിച്ചപോലെ നടക്കുകയും ചെയ്തു. വിദ്യാർത്ഥി എന്ന ശബ്ദം അച്ചടക്കരാഹിത്യത്തിൻെറ പര്യായമായി മാറി. ഈ പരിതഃസ്ഥിതികളെ അതിജീവിച്ചു കഴിഞ്ഞുപോയ ആ ഉൽകൃഷ്ടമായ മഹത്വം വീണ്ടും കൈവരുത്തേണ്ടതു വിദ്യാർത്ഥികൾ തന്നെയാണ്.

ഏതെങ്കിലും പാർട്ടിയുടെ ഇംഗിതങ്ങൾക്കൊത്തു് ആടുന്ന ഒരു ഞാങ്ങണയായിരിക്കരുതു് ഒരു വിദ്യാർത്ഥി. അവരുടെ കഴിവിനെപ്പററി, അവരുടെ ശക്തിയെപ്പററി, അവരുടെ ഉത്തരവാദിത്വത്തെപ്പററി അവർ തന്നെ ശരിക്കു മനസ്സിലാക്കണം. വിദ്യാർത്ഥിയായിരിക്കുമ്പോൾ രാഷ്ട്രീയകാര്യങ്ങളെപ്പററി മനസ്സിലാക്കുകയല്ലാതെ പരോക്ഷമായി പ്രവർത്തിക്കുന്നതു ശരിയായിരിക്കുകയില്ല. രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിലും വിദ്യാഭ്യാസകാര്യങ്ങളിലുമല്ലാതെ മററുള്ള കാര്യങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയില്ലെന്നും ചേരിചേർന്നുള്ള പ്രവർത്തനങ്ങൾ അവരുടെ ഐക്യം നശിപ്പിക്കുമെന്നും അതു വിദ്യാർത്ഥിലോകത്തിനപമാനമാണെന്നും വിദ്യാർത്ഥികളുടേതായുള്ള സംഘടനകൾ ഭാരതദേശീയ സംഘടനകളാണെന്നും വിദ്യാർത്ഥികൾ മനസ്സിലാക്കണം.

പഞ്ചവത്സരപദ്ധതികളിലൂടെ ഭാരതം അഭിവൃദ്ധിയിൽനിന്നഭിവൃദ്ധിയിലേക്കു കുതിച്ചു പാഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. ഈദൃശപ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്ക് അവരുടേതായ പങ്കു വഹിക്കേണ്ടതുണ്ട്.

രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളെ താറുമാറാക്കുന്ന പ്രശ്നങ്ങളോടെതിർത്തു ഭാരതദേശീയതയുടെ കാവൽഭടന്മാരാകേണ്ടവരാണ് വിദ്യാർത്ഥികൾ.

ഇന്നത്തെ അന്തരീക്ഷം മറെറന്നത്തേക്കാളധികം കലുഷമായിത്തീർന്നിരിക്കുകയാണ്. കാലങ്ങളായി വിജ്ഞാനകുതുകികളേയും വർത്തകരേയും, തീർത്ഥാടകരേയും മാത്രം ആകർഷിച്ചുകൊണ്ടിരുന്ന ഉത്തരാതിർത്തികളിൽ ഇന്നു രണഭേരി മുഴങ്ങുന്നു. നെടുനാൾ യാത

നകളും ത്യാഗങ്ങളും സഹിച്ചു നാം നേടിയെടുത്ത സ്വാതന്ത്ര്യത്തിന്മേൽ ചൈന താണ്ഡവമാടുകയാണ്. മഹർഷിമാർ പാടിയുണർത്തിയ നാടാണ് ഭാരതം. താരം തരുവും തളിരും താളം തുള്ളുന്ന നാടാണ് ഭാരതം. ലോകരാഷ്ട്രങ്ങളുടെ കണ്ണിലുണ്ണിയാണ് ഭാരതം. പുണ്യപുരുഷന്മാരുടെ കേളീരംഗമായ നാടാണ് ഭാരതം. ആ നാട്ടിൽ നിണവും പിണവും നിറഞ്ഞ ഒരു രണാങ്കണം സൃഷ്ടിക്കുവാൻ മുതിരുന്നത് ഇരിക്കുന്ന കൊമ്പു മുറിക്കുന്നതുപോലെ ആത്മഹത്യാപരമാണെന്നോർക്കുവാൻ ചൈനീസ് ഭരണാധികാരിവർഗ്ഗത്തിന് അവരുടെ സാമ്രാജ്യ ദുർമ്മോഹം മൂലം സാധിച്ചില്ല. ഭാരതം അവരുടെ കഴിവുകൾ പ്രയോഗിക്കുവാൻ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. അങ്ങു വടക്ക് ആ മഞ്ഞണിഞ്ഞ മാമലകളിൽ ജീവനുള്ള മനുഷ്യന്റെ പച്ചമാംസം പീരങ്കികളുടെ ഊക്കൻകരങ്ങളേറ്റു തെറിക്കുമ്പോൾ, നെട്ടനാൾ പാലൂട്ടിപ്പാലടയൂട്ടിവളർത്തിയ മാതാക്കളും പിതാക്കളും തങ്ങളുടെ അരുമ സന്താനങ്ങളുടെ വിരഹവേദനയിൽ കരൾപൊട്ടിക്കരയുന്ന കരളലിയിക്കുന്നകാഴ്ച നാം കാണുമ്പോൾ, വിദ്യാലയത്തിന്റെ ഒരു കോണിൽ ചിററ കിളിയെപ്പോലെ കഴിഞ്ഞുകൂടുന്നതു ശരിയാണോ ? രാഷ്ട്രത്തെ സംബന്ധിക്കുന്ന ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ അവരുടേതായ കർത്തവ്യം നിർവ്വഹിക്കുകതന്നെ വേണം.



# ഇതു കണ്ണുനീരിന്റെ കഥയാണ്

[By Kusum Annie Abraham, Class III Chem.]

"വാസന്തരാവിൻ നിലാവിൻ കിനാവുകൾ
വാടിത്തകർന്നെല്ലാം കൊഴിഞ്ഞു……"



മഞ്ഞനിലാവിന്റെ പ്രകാശത്തിൽ മഞ്ഞുമലയുടെ അടിവാരത്തിൽ നിന്നും ആ ശോകഗാനത്തിന്റെ നേർത്ത ഈരടികൾ മൂടൽ മഞ്ഞിലൂടെ ഒലിച്ചിറങ്ങി. തേയിലക്കാട്ടുകൾക്കപ്പുറത്തിരുന്നു സന്തപ്തമായ ആ ഹൃദയം പാടുകയാണ്. ഒപ്പം സ്മരണകൾ അയവിറക്കുകയും—ആ കിനാവുകളെല്ലാം നിലാവിന്റെ പരിവേഷവുമണിഞ്ഞു മുന്നിലെത്തിക്കഴിഞ്ഞു. വേദനിക്കുന്ന ആ ഹൃദയം വീണ്ടും പ്രലപിക്കുകയാണ് :—

"മുന്നിൽ ഞാൻ കണ്ടു മരീചികമാത്രമെൻ
പൊന്നിൻ കിനാക്കളെല്ലാം തകർന്നു…"

മന്ദ്രമധുരമായ ആ സംഗീതം കേട്ടാണെന്നു തോന്നുന്നു ഞാൻ ഞെട്ടിയുണർന്നു. ഇത്തിരിനേരം വെറുതെ കിടന്നു. ആ ഗാനനിർഝരി എന്റെ കാതുകളിൽ അലയടിച്ചു കയറി. ഞാനെഴുന്നേററു ടേബിൾലാമ്പു തെളിയിച്ചു. എന്നിട്ടു ജനാലയ്ക്കരികിലേയ്ക്ക് നീങ്ങി. ആ ഗാനം തുടരുകയാണ്. ഞാൻ രോമാഞ്ചം കൊണ്ടു. തേയിലച്ചെടികളുടെ തളിരിലകളെത്തടവി വന്ന കുളിർകാററു എന്നെ ഉരസിക്കൊണ്ടു മന്ദം മന്ദം ഒഴുകിപ്പോയി. തണുപ്പുതോന്നിയതുകൊണ്ടാവണം അറിയാതെ തന്നെ ഞാൻ ഒരു സിഗറെററു ചുണ്ടത്തു വച്ചു. കത്തിച്ചിട്ടു പുകച്ചുരുളുകൾ അലക്ഷ്യമായി കമ്പിയഴികൾക്കിടയിലൂടെ ഊതി വിട്ടു. ആ പുകച്ചുരുളുകൾ അങ്ങുദൂരെ മേഘക്കീറുകളിലേക്കു അലിഞ്ഞുചേരുന്നതായി തോന്നി. അതു നോക്കിയങ്ങനെ നിന്നുപോയി. ഒഴുകി വരുന്ന ആ ഈരടികളിൽ ഞാൻ ലയിച്ചു ചേർന്നെന്നൊരു തോന്നൽ. ജീവിതം മുഴുവൻ അങ്ങനെ കഴിച്ചുകൂട്ടുവാൻ തോന്നി. മഞ്ഞും നിലാവും ഒപ്പം പെയ്യുന്ന രാത്രി. തലയെടുത്തു പിടിച്ചു നില്ക്കുന്ന തേയിലക്കാട്ടുകൾ. അവയ്ക്കിടയിലൂടെ അനിർഗ്ഗളം പ്രവഹിക്കുന്ന സ്വരമാധുരി. ആ ഗാനം നിലയ്ക്കാതിരുന്നെങ്കിൽ !!! …ഞാൻ അകമഴിഞ്ഞാഗ്രഹിച്ചുപോയി. ഞാൻ എന്നെത്തന്നെ മറന്നു സ്വർഗ്ഗീയാനുഭൂതികളിലേക്കു ഉയരുകയായിരുന്നു. സിഗററു വിരലുകൾക്കിടയിലിരുന്നു പുകഞ്ഞു ചുട്ടു തട്ടിയപ്പോഴാണ് ഓർമ്മ വന്നതു്. വീണ്ടും മൈലുകൾക്കപ്പുറത്തേക്കു ആ അനുഗൃഹീത ഗായകന്റെ സവിധത്തിലേക്കു എന്റെ സ്മരണ പാഞ്ഞെത്തുകയായിരുന്നു. അതാരാണെന്നറിയാൻ എനിക്കു ജിജ്ഞാസയുണ്ടായി. ആ അസമയത്തു എന്റെ ആതിഥേയനെ ശല്യപ്പെടുത്തുന്നതു് ശരിയല്ലാത്തതിനാൽ വിളക്കണച്ചിട്ടു കിടക്കാൻ തുടങ്ങി. അപ്പോഴേക്കും രാജനിങ്ങെത്തിക്കഴിഞ്ഞു :—"ശരി ആ പാട്ടു കേട്ടായിരിക്കും ഉണർന്നതു്. അല്ലേ ?"

"അതേ, അതാരാണ് ആ പാടുന്നതു് " ഞാൻ ചോദിക്കാനൊരുങ്ങിയപ്പോഴേക്കും രാജൻ ഇങ്ങോട്ടു പറഞ്ഞു കഴിഞ്ഞു :—

"അതേ ശരി ! അതിന്റെ പിന്നിൽ കരളലിയിക്കുന്ന ഒരു കഥയുണ്ടു്. അതുകേട്ടു് ഈ തേയിലച്ചെടികളും ഈ പച്ചമണ്ണും ഒരുപോലെ കരഞ്ഞിട്ടുണ്ടു്. അതാ അങ്ങോട്ടു നോക്കു ! ആ ഇലഞ്ഞിമരം കുളിർകാററി

നോട്ട ഈ കഥ ഉരുവിടാറുണ്ട്. കണ്ണുനീർ ഒഴുകാറുണ്ട്......"

"വരൂ ! നമുക്കല്പം നടക്കാം " ഞാനാണു പറഞ്ഞതു്.

"ഷോൾ പുതച്ചോളൂ. നല്ല തണുപ്പുണ്ട് " രാജൻ പറഞ്ഞു.

ഒരു സിഗററ്റുപാക്കറ്റും ഷോളും എടുത്തു കൊണ്ടു ഞാൻ രാജനെ അനുഗമിച്ചു. ഞങ്ങൾ നിശ്ശബ്ദരായി നടന്നു. ആ ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ ഞങ്ങളെത്തിക്കഴിഞ്ഞു. അതിന്റെ ഇലകൾക്കിടയിലൂടെ നിലാവു അരിച്ചിറങ്ങി വന്നു. കാററിലാടുന്ന ഇലകൾക്കൊപ്പം ആ പ്രകാശധോരണിയും ചലിച്ചു. "ശരി" രാജൻ ആരംഭിച്ചു. അടുത്തുള്ള ഒരു കല്ലിന്മേൽ ഞങ്ങൾ ഇരുന്നു.

"രവി എന്നാണു" ആ നിർഭാഗ്യവാന്റെ പേരു്. ഈ എസ്റ്റേററിലെ ഒരു തൊഴിലാളിയുടെ മകൻ. പണിയെടുത്തു കഴിയുന്ന ഒരഭിമാനി. വർഷങ്ങൾക്കു മുമ്പു ആ ചെറുബാലനു ഒരു കളിത്തോഴിയുണ്ടായിരുന്നു മീനു. സാമാന്യനിലയിൽക്കഴിയുന്ന ഒരു തൊഴിലാളിയാണവളുടെ പിതാവു്. ആ രണ്ടു വീട്ടുകാരും സുഹൃൽബന്ധത്തിൽ കഴിഞ്ഞിരുന്നു. രവിയും മീനുവും ആ സുഹൃൽബന്ധത്തിന്റെ ഒരു പ്രതിഫലനം മാത്രമായിരുന്നു. തുള്ളിച്ചാടി നടക്കുന്ന ആ ഇണക്കുരുവികൾ തൊഴിലാളിസമൂഹത്തിന്റെ കണ്ണിലുണ്ണികളായിരുന്നു. ഒരുമിച്ചു സ്കൂളിൽപ്പോകും ഒന്നിച്ചു്തിരിച്ചുവരും, ഒരു ഞെട്ടിലെ രണ്ടു പൂക്കളെന്നോണം അവർ കഴിഞ്ഞുവന്നു. ഈ ഇലഞ്ഞിമരത്തിന്റെ ചുവട്ടിലായിരുന്നു അവർ ഒന്നിച്ചു വരുന്നതു്. മീനു ആദ്യം വന്നാൽ രവിച്ചേട്ടനെ കാത്തു ആ കല്ലിൻ പുറത്തു ഇരിക്കും. മീനുവില്ലാതെ രവിയും പോവുകയില്ല.

'ഈ രവിച്ചേട്ടനെന്തേവരാത്തേ' രവിയല്പം താമസിച്ചാൽ മീനുവിനു പരിഭവമായി. ഒരു ദിവസം രവി പെട്ടെന്നു് മീനുവിന്റെ മുന്നിൽ ച്ചാടി വീണു. കൊച്ചു മീനു പേടിച്ചു പോയി. പുസ്തകവും സ്ളേററും താഴെ വീണു. ആ കുഞ്ഞിക്കണ്ണുകളിൽനിന്നും രണ്ടുമൂന്നു തുള്ളി കണ്ണുനീർ ആ ഉടഞ്ഞുപോയ സ്ളേററിലേക്കു വീണു. കൊച്ചുകൈകൾകൊണ്ടു ചുവന്നു തുടുത്ത കപോലങ്ങൾ മൂടിയിട്ടു അവൾ തിരിഞ്ഞു നടന്നു. രവിയാകെ പരിഭ്രമമായി. ആ കൊച്ചു കരൾ ഇടിച്ചു. "മീനൂ ! " തികഞ്ഞ ആത്മാർത്ഥതയോടെ അവൻ വിളിച്ചു. തിരിഞ്ഞുനോക്കാതെ ഏങ്ങലടിച്ചുകൊണ്ടു അവൾ ആ തേയിലക്കാടുകളിലേക്കു നടന്നു കയറി. രവി പുറകെ എത്തി. " മീനുചേട്ടനോടു പിണങ്ങിയാണോ ? "

"വേണ്ടാ ! എന്റെ സ്ളേററിപ്പം തന്നേച്ചാ മതി. "

"എന്റെ പൊന്നു മീനുവല്ലേ " ഇങ്ങോട്ടൊന്നു നോക്കിയേ. ഇതു കണ്ടോ? " മീനുവിന്റെ കുഞ്ഞിക്കരൾ മിടിച്ചു. അവൾ ഇടംകണ്ണിട്ടു നോക്കി. രവിച്ചേട്ടന്റെ കയ്യിൽ വലിയ ഒരു ഇലഞ്ഞിപ്പൂമാല " ചേട്ടാ ! എനിക്കു ! " ഒറ്റച്ചാട്ടത്തിനു അവൾ അതു തട്ടിപ്പിടിച്ചു കഴിഞ്ഞു. അടുത്ത ക്ഷണത്തിൽ അവർ എല്ലാം മറക്കുകയായി.

അവരുടെ ഓരോ രഹസ്യവും പങ്കു പററാൻ ഊളിയിട്ടു പോകുന്ന ആ കുസൃതിക്കാററല്ലാതെ മററാരുമില്ല. അവർ പാടുന്ന ഈരടികൾ ഏററു പാടാൻ ആ കുഞ്ഞുരുവിയും. എന്നും അവർക്കു ആ ഇലഞ്ഞിമരത്തിന്റെ കിലുകിലുക്കുന്ന ഇലകളോടു ഓരോ പുതിയ രഹസ്യം പറയാനുണ്ടാവും.

വളരുന്ന ലോകത്തോടൊപ്പം അവരും വളരുകയായിരുന്നു. പക്ഷേ പഴയതുപോലെ തന്നെ അവരുടെ കൂടിക്കാഴ്ച തുടർന്നുകൊണ്ടേയിരുന്നു. സമുദായം അവരെ ഇറിച്ചു നോക്കി. പക്ഷേ അവർ കൂട്ടാക്കിയില്ല. മീനു പാകത വന്ന ഒരു ഗ്രാമീണ യുവതിയായിക്കഴിഞ്ഞു. രവി അരോഗദൃഢഗാത്രനായ ഒരു തൊഴിലാളിയുവാവും. മുതലാളിവർഗ്ഗത്തിന്റെ ബദ്ധശത്രുവും.

ഒരു പ്രഭാതത്തിലാണു മീനു ആ വാർത്ത അറിഞ്ഞതു്. കിണററുകരയിൽവച്ചു കൂട്ടുകാരികളാണു് പറഞ്ഞതു്. "രവിയെ പോലിസുകാരു പിടിച്ചു കൊണ്ടുപോയി. തേയില മോഷ്ടിച്ചതിനു്..." അത്രയുമേ അവൾ കേട്ടുള്ളൂ. വേഗം കുടമെടുത്തു ഒക്കത്തു വച്ചിട്ടു തിരിഞ്ഞു നടന്നു. "തന്റെ കാതുകളെ വിശ്വസിക്കാമോ" അവൾ സംശയിച്ചു. ത

ലകറങ്ങുന്നതായി അവൾക്കുതോന്നി. വഴിയരികിൽ ഒരു പാറമേൽ അവൾ ഇരുന്നു. ഓരോ തേയിലച്ചെടിയും ശബ്ദമുയർത്തി, " രവി ഒരു കള്ളനാണ് " എന്നവൾക്കു തോന്നി. അവൾ പൊട്ടിക്കരഞ്ഞുപോയി.

മീനു നിർവ്വികാരിയായി വീട്ടിലേക്കു നടന്നു. വീട്ടിലെത്തിയപ്പോൾ അച്ഛനും അമ്മയും അതിനെക്കുറിച്ചു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ കാണാതെ അവൾ അകത്തേക്കു കയറി. അന്നു രാത്രി മീനുവിനു ഉറക്കം വന്നില്ല.

തന്റെ പ്രിയപ്പെട്ട രവിച്ചേട്ടൻ അങ്ങു ദൂരെ പട്ടണത്തിൽ ഇരുമ്പഴിയുള്ള കനത്ത ഭിത്തിക്കുള്ളിൽ ഒരു "കള്ളൻ" എന്ന മുദ്രയടിക്കപ്പെട്ടു കിടക്കുമ്പോൾ മീനു എങ്ങനെ ഉറങ്ങും ? രവിച്ചേട്ടനെ അവൾക്കു നല്ലതുപോലെ അറിയാം. ഇത്രയും സത്യസന്ധനായ ഒരു യുവാവിനെ മീനു വേറെ അധികം കണ്ടിട്ടില്ല. അവൾ ചിന്തിച്ചു നോക്കി "രൂപയ്ക്ക് ആവശ്യം വന്നപ്പോൾ രവിച്ചേട്ടൻ മോഷ്ടിച്ചതാണോ ? !" അവളുടെ അന്തരാത്മാവിന്റെ കനത്ത ശബ്ദം അതിനു മീതെ ഉയർന്നു. "ഇല്ല ! ഒരിക്കലും രവിച്ചേട്ടൻ മോഷ്ടിക്കില്ല. "

രവിച്ചേട്ടനെ ഒന്നു കാണാൻ അവളുടെ ഹൃദയം കൊതിച്ചു. എന്നിട്ട് "ലോകത്തിന്റെ മുമ്പിൽ രവിച്ചേട്ടനൊരു കള്ളനായിരിക്കും. പക്ഷേ ചേട്ടന്റെ മീനുവിനു ചേട്ടനൊരിക്കലും ഒരു കള്ളനല്ല" എന്നൊരായിരം പ്രാവശ്യം പറയണമെന്നു തോന്നി. "രവിച്ചേട്ടനൊരാപത്തും വരുത്തരുതേ " എന്നവൾ അകമഴിഞ്ഞു പ്രാർത്ഥിച്ചു.

ഉറങ്ങാത്ത രാത്രികൾ പലതു കഴിഞ്ഞു. പോലീസന്വേഷണം തുടർന്നു കൊണ്ടിരുന്നു.

ജയിലറയ്ക്കുള്ളിൽ നിന്നും ഒരു നൂറു നൂറു നിശ്വാസങ്ങൾ ഉയർന്നുകൊണ്ടിരുന്നു. ആ നിശ്വാസങ്ങൾ ഇരു മലകൾക്കുമിപ്പുറത്തേക്കു അവന്റെ പ്രിയപ്പെട്ട മീനുവിന്റെ സവിധത്തിലേക്കു ഓടിയെത്താൻ ആഗ്രഹിക്കും. പക്ഷേ അവയുടെ താങ്ങുവാനാവാത്ത ഭാരവുമായി ആ കുന്നു കടക്കുവാൻ അവയ്ക്കു കഴിവില്ല. കനം തൂങ്ങുന്ന ഹൃദയവുമായി എല്ലാം—എല്ലാം നോക്കി നില്ക്കാൻ മാത്രമേ രവിക്കു കഴിഞ്ഞുള്ളൂ. താൻ ചെയ്യാത്ത ഒരു കുറ്റത്തിനാണല്ലോ ശിക്ഷയനുഭവിക്കുന്നതെന്നോർക്കുമ്പോൾ അവൻ ആവേശം കൊള്ളുകയായിരുന്നു. കരയണമെന്നു തോന്നി. പൊട്ടിക്കരഞ്ഞു പോകുമെന്നു ആത്മാർത്ഥമായി വിചാരിച്ചു. പക്ഷേ കരഞ്ഞില്ല.

ഒരു രാത്രി മീനു ഉറങ്ങാതെ കിടക്കുകയായിരുന്നു. അപ്പോഴാണ് അമ്മയുടെ ശബ്ദം അപ്പുറത്തു കേട്ടത് "മീനുവിനു പ്രായമൊക്കെ ആയില്ലേ. ഇനി ഇങ്ങനെ നിർത്തിക്കൊണ്ടു പോവാൻ പററുമോ ? "

" ഞാൻ നല്ല ഒരു പയ്യനെക്കണ്ടുവച്ചിട്ടുണ്ട് " അച്ഛനാണ് പറഞ്ഞത്.

" പയ്യനൊക്കെ കൊള്ളാം. പക്ഷേ രവിയുടെ മേലുള്ള കേസ്സൊഴിയാതെ നമ്മളെങ്ങനെയാണ് കല്യാണം നടത്തുക. "

" രവിയോ ? !! ച്ഛീ ! ഒരു കള്ളന്റെ പുറകെ എന്റെ മകളെ ഇറക്കിവിടുവാൻ ഞാൻ തയ്യാറില്ല......" മാധവൻപിള്ളയ്ക്കു സഹിച്ചില്ല. പിന്നെ മീനു ഒന്നും കേട്ടില്ല. ചങ്കിൽ ഒരിടിവാളേററപോലെ. കണ്ണിൽ നിന്നും തീ പറക്കുന്നതുപോലെ. പിന്നെയൊന്നും മീനുവിനോർമ്മയില്ല. കണ്ണുതുറക്കുമ്പോൾ അച്ഛനും അമ്മയും എല്ലാം മുമ്പിലുണ്ട്.

" രവിച്ചേട്ടനെന്തിയേ " ആ ചുണ്ടുകൾ ചലിച്ചു. അച്ഛനുമമ്മയും അന്ധാളിച്ചു. വീണ്ടും അവളുടെ ബോധം നശിക്കുകയായിരുന്നു.

മീനുവിനു് കടുത്ത ജ്വരമാണെന്നു് ഡോക്ടർപറഞ്ഞു. തൊട്ടാൽ പൊള്ളുന്ന ചൂടാണു് ദേഹത്തിനു്. വാടിത്തളർന്ന ഒരു പൂപോലെ അവൾ കിടക്കുകയാണു്. അമ്മ കട്ടിലിനരികിലിരുന്നു പൊട്ടിക്കരയുകയാണു്. ഉമ്മറത്തെ ചാരുകസാലയിൽ അച്ഛനും ഇരുപ്പുണ്ടു്. മീനു ഇടയ്ക്കിടയ്ക്കു കണ്ണു തുറക്കും. " അമ്മേ ! രവിച്ചേട്ടൻ ഇതുവരെ വന്നില്ലേ ? " അവൾ പുലമ്പും. വൈകുന്നേരമായപ്പോഴേക്കും പനി വർദ്ധിച്ചുകൊണ്ടിരുന്നു. വീണ്ടും ഡോക്ടർ വന്നു. പരിശോധിക്കാൻ തുടങ്ങി. നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങുകയായിരുന്നു. അങ്ങപ്പുറത്തു് ഒരു മൂങ്ങായിരുന്നു് മൂളുന്നുണ്ടായിരുന്നു. അയലത്തെ പറമ്പിൽ ഒരു വകതിരിവുകെട്ട നായ് ഇരുന്നു് ഓലിയിടുന്നുണ്ടായിരുന്നു.

"അമ്മേ രവിച്ചേട്ടൻ വന്നോ ?" ആ ഭീകരമായ നിശ്ശബ്ദതയെ ഭഞ്ജിക്കത്തക്കവണ്ണം മീനു ചോദിച്ചു. ഡോക്ടർ തിരിഞ്ഞു് മാധവൻപിള്ളയെ നോക്കി. ഒരിൻജക്ഷൻ കൊടുത്തിട്ടു് ഇറയത്തേക്കു നടന്നു. മാധവൻപിള്ള പുറകെ എത്തി.

ഇതു കുറച്ചു സീരിയസ് ആണ്. ഇൻജക്ഷൻ കൊണ്ടും ഫലമുണ്ടാകുന്നില്ലെങ്കിൽ ......പിന്നെ......

"ഡോക്ടർ ! വല്ല രക്ഷയും.......മാധവൻപിള്ള കേണുകയായിരുന്നു. "ആരാണീ രവി?" ഡോക്ടർ ചോദിച്ചു.

"ഇവിടെ അടുത്തുള്ള ഒരു പയ്യനാണ്"

"ആയാളെ ഒന്നു കൊണ്ടുവന്നു കാണിക്കണം. അല്പം മാനസികവുംകൂടിയാണ് ഈ രോഗം. ആ രവിയെ ഒന്നു കൊണ്ടുവരികയേ നിവൃത്തിയുള്ളു."

മാധവൻപിള്ള പുറപ്പെട്ടുകഴിഞ്ഞു. വിയർത്തൊലിച്ചു ജയിലിൽ കയറിച്ചെന്ന മാധവൻപിള്ളയെ കണ്ടു് കാര്യമറിയാതെ രവി കുഴങ്ങി. എത്രയും വേഗം രവിയെ ജാമ്യത്തിലിറക്കിക്കൊണ്ടുവന്നു. രവിക്കു് ഒന്നും മനസ്സിലായില്ല. കാര്യം ചോദിക്കാൻ തിരിഞ്ഞ രവി കണ്ടതു് നിറഞ്ഞു തുളുമ്പുന്ന രണ്ടു കണ്ണുകളായിരുന്നു. അവൻ ചോദിച്ചില്ല. ഒരു വിധത്തിൽ വീട്ടിലെത്തി. വഴിയിലെത്തിയപ്പോൾതന്നെ രമയുടെ വീട്ടിൽ കൂട്ടനിലവിളി കേട്ടു. രവിക്കൊന്നും മനസ്സിലായില്ല. അവൻ യാന്ത്രികമായി മാധവൻപിള്ളയെ അനുഗമിച്ചു "ഹെൻറ മോളേ!" അയാൾ അലറുകയായിരുന്നു. രവി ഒന്നു ഞെട്ടി. ഇറയത്തെത്തിയപ്പോഴാണ് രവിക്കു് കാര്യം എന്താണ്ടു് മനസ്സിലായതു്. നിർവ്വികാരനായി അവൻ അവിടെത്തന്നെനിന്നു. അങ്ങനെ എത്രനേരം നിന്നെന്നു് ഓർമ്മയില്ല. ആരോ കൈക്കുപിടിച്ചു് അകത്തേക്കു് കയറിയപ്പോഴാണ് പരിസരത്തെക്കുറിച്ചു ബോധമുണ്ടായതു്. രവി സാവധാനം മുമ്പോട്ടു നീങ്ങി, ഏതോ അജ്ഞാതശക്തിയാൽ ആനയിക്കപ്പെട്ടതുപോലെ. എല്ലാവരും രവിയെ സൂക്ഷിച്ചുനോക്കി. ശാന്തഗംഭീരനായി അവൻ മുന്നോട്ടു് നീങ്ങുകയാണ്. തൻെറ സ്വന്തമെന്നു് അഭിമാനിച്ചിരുന്ന ഏകവ്യക്തിയുടെ അടുക്കലേക്കു്—അവളുടെ നിർജ്ജീവമായ ശരീരത്തിൻെറ അടുത്തേക്കു് അവൻ നീങ്ങി......രണ്ടു വിറയ്ക്കുന്ന ചുണ്ടുകൾ, മീനുവിൻെറ തണുത്തു മരവിച്ച നെററിത്തടത്തെ സ്പർശിച്ചു......—ആദ്യമായും, അവസാനമായും.

* * * * *

നേരം എരിഞ്ഞടങ്ങുകയായിരുന്നു. നീറിപ്പുകയുന്ന ആ ചിതയിൽ നിന്നും പുകച്ചുരുളുകൾ പൊങ്ങി. ഒപ്പം ഒരു ഹൃദയത്തിൻെറ തേങ്ങലുകളും.

അപ്പോൾ ഒഴുകിപ്പോയ കാററിനു് അല്പം ഈർപ്പം കലർന്നിരുന്നില്ലേ ? അന്നു് വർഷങ്ങൾക്കുമുമ്പു് ആ ഇലഞ്ഞിമരം കൊച്ചുരവിയും മീനുവും കാണിക്കുന്ന കുസൃതികൾ നോക്കി ആവോളം രസിച്ചിട്ടുണ്ടു്. മുത്തച്ഛനെപ്പോലെ ഊറിച്ചിരിച്ചിട്ടുണ്ടു്. ഇപ്പോൾ ആ ചിതയുടെ മാറിൽനിന്നും പൊന്തിവരുന്ന പുകച്ചുരുളുകളുടെ ദാഹം ശമിപ്പിക്കാനും ആ ഇലഞ്ഞിമരത്തിൻെറ കണ്ണീർക്കണങ്ങൾക്കു മാത്രമേ സാധിക്കുന്നുള്ളു. കൊച്ചുമീനുവിനുവേണ്ടി ആ ഇലഞ്ഞിമരത്തിനു് അവസാനമായി കാഴ്ചവയ്ക്കാനുണ്ടായിരുന്നതു് ഒരു കൈക്കുമ്പിൾ ഇലഞ്ഞിപ്പൂക്കളായിരുന്നു. അതാ ആ പൂക്കൾ അവളുടെ ചിതയിൽത്തന്നെ വീണുകഴിഞ്ഞു. അടുത്ത നിമിഷത്തിൽ ആ പൂക്കളും അവരുടെ കളിത്തോഴിയായ മീനുവും ഒപ്പം ചാമ്പലാവുകയാണ്. അവ പരസ്പരം അലിഞ്ഞുചേർന്നുകഴിഞ്ഞു. അതു കണ്ടിട്ടാവണം ഇലഞ്ഞിമരം നിർവൃതിയിലാണ്ടു—ജന്മസാഫല്യം കൈവന്നതുപോലെ.

ഒരു ചെറിയകാററു് ഇഴഞ്ഞുനീങ്ങി. രവിയുടെ പാറിക്കിടക്കുന്ന മുടിത്തുമ്പുകൾ ഒതുക്കിവയ്ക്കാൻ ശ്രമിക്കുന്നതുപോലെ തോന്നും അതിൻെറ പോക്കു കണ്ടാൽ. പെട്ടെന്നു് രവി ചാടിയെഴുന്നേററു ആ പുകച്ചുരുളുകളിലേക്കു് ഉററുനോക്കി. ആ ഗദ്ഗദം കലർന്ന കണ്ഠത്തിൽനിന്നും രണ്ടക്ഷരങ്ങൾ പൊങ്ങി: "രമേ" ആ രണ്ടക്ഷരങ്ങളും ആ ചിതയിലേക്കു അലിഞ്ഞുചേരുകയായിരുന്നു.

"അല്ലയോ രവി ! താങ്കൾ അല്പം താമസിച്ചുപോയി." ഞാനാണു പറഞ്ഞതു്.

"അതെ അല്പം താമസിച്ചുപോയി" രാജൻ പ്രതിവചിച്ചു. ഇട്ടവിട്ട് മൈലുകൾക്കപ്പുറത്തേക്ക്—സ്നേഹത്തിന്റെയും നിഷ്കളങ്കതയുടെയും ആ നല്ല നാട്ടിലേക്ക് പറന്നു കഴിഞ്ഞ മീനുവിന്റെ ആത്മാവ് ആ വിളി എങ്ങനെ കേൾക്കാനാണ്. ?

ഇത്തിരിനേരത്തേക്ക് ആരും ശബ്ദിച്ചില്ല. ഒരു രാപ്പാടി ശബ്ദമുണ്ടാക്കിക്കൊണ്ട് ഞങ്ങളെക്കടന്നുപോയി.

"സമയം കുറെയായി. നമുക്ക പോയിക്കിടക്കാം" രാജൻ എന്നെ സ്മരണയുടേതായ ലോകത്തിൽനിന്നും തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചു. കരളിൽ കദനഭാരവുമായി ഞങ്ങൾ ആ കുന്നു കയറി. ആ കുന്നിന്റെ മുകളിലെത്തിയപ്പോൾ ഞാനൊന്നു തിരിഞ്ഞു നോക്കി. ആ ഇലഞ്ഞിമരത്തിന്റെ ഇലകൾ ആർത്തിരമ്പുകയായിരുന്നു. ഇലഞ്ഞിമരം ഈ കഥ പല പ്രാവശ്യം ഉരുവിട്ടതാണ്. ഒരു മൂളലോടെ കൊച്ചുകാറ്റ് ആ ഇലകളെ കടന്നുപോയി.


S. KUMARASWAMY REDDIAR
WHOLESALE & RETAIL PIECE-GOODS MERCHANTS
*Head Office:* KRISHNA BUILDINGS, ALLEPPEY--*Kerala State.*
Branches: ALWAYE, BOMBAY, KOTTAYAM & QUILON

PHONE: 165
RATNAMAHAL
(RATNA BUILDING)
MARKET ROAD—ALWAYE
*Sole Props.:* S. Kumaraswamy Reddiar.


M/S. CHAMPION STUDIO
ALWAYE

REX COFFEE HOUSE
Near Railway Station,
ALWAYE, Phone : 270.
For delicious refreshments and Tasty Meals.
TEA PARTIES UNDERTAKEN.

RECORD YOUR SWEET DREAMS

ESTD. 1942.

PHONE 125

BABOO'S BOMBAY STUDIO

Photographers & Dealers

ALWAYE

*Specialists in* ***FLASH SNAPS, GROUP PHOTOS*** *Etc., Etc.*

For all your requirements of Scientific Instruments, Glassware and Chemicals

*Please contact :*

THE CENTRAL SCIENTIFIC SUPPLIES COMPANY LIMITED

CANTONMENT,

P. B. No. 124 : TRIVANDRUM-1.

*Authorised Stockists of*

B. D. H. & SARABHAI MERCK

Lab. Chemicals and Guaranteed Reagents for KERALA.

Reg. Office & Works
TAMBARAM

Other Branches
MADRAS & BANGALORE

THE COLLEGE VIEW TEXTILES

FOR

Quality Sarees & other Textiles

*Props.* K. A. ABRAHAM,
U. C. College.

# पन्तजी की काव्यकला

—*Kusumam*

★

आधुनिक कवि पन्त की कविता-बेली का अंकुर छायावादी युग में फूटा और पनपा, तथा वह प्रगतिवादी युग में चारों ओर फैलकर फूली-फली। 'वीणा' से लेकर 'कला और बूढ़ा चान्द' तक के कविता-संग्रहों में हमें पन्तजी के काव्य-सिद्धांतों के कालानुकूल विकास का सम्यक परिचय मिलता है।

पन्तजी की कविता की सबसे बड़ी विशेषता उनके प्रकृति-चित्रण में निहित है। कवि का जन्म तो प्रकृतिरमणीय अल्मोड़े के पहाड़ी वातावरण में हुआ था। बचपन में ही उनकी माता की मृत्यु हो चुकी थी। मातृ-वात्सल्य की अमृत-धारा से वंचित और प्रेम केलिए तरसनेवाले बाल-हृदय को प्रकृति की गोद में अभय मिला। सनातन सुन्दरी प्रकृति के नैसर्गिक सुषमा-विशेष ने कवि के भावुक हृदय पर अपनी पूरी-पूरी छाप लगा दी। इस समय से प्रकृति उसकी कविता का महत्वपूर्ण अंग बनकर नज़र आती है।

'आधुनिक कवि' की भूमिका में पन्त ने लिखा है—"कवि-जीवन के पहले भी मुझे याद है, मैं घंटों एकान्त में बैठा प्राकृतिक दृश्यों को एकटक देखा करता था, और कोई अज्ञात आकर्षण मेरे भीतर एक अव्यक्त सौन्दर्य का जाल बुनकर मेरी चेतना को तन्मय कर देता था। जब कभी मैं आँखें मूँदकर लेटता था तो वह चित्रपट चुपचाप मेरी आँखों के सामने घूमा करते थे।" हृदय के अगाध तलों में अंकित इस चित्रपट ने ही साकार होकर कविता का रूप धारण किया था।

छायावादी युग में कवि पन्त का प्रकृतिप्रेम इस हद तक बढ़ गया कि वे कह उठे—

छोड द्रुमों की मृदु छाया,
तोड प्रकृति की भी माया,
बाले तेरे बाल-जाल में
कैसे उलझा दूँ लोचन"?

प्रकृति के अवर्णनीय, अनश्वर रूप की माधुर्ययुक्त छवि के आगे क्षणभंगुर नारी-सौन्दर्य किस गिनती की है? लहलहाते हुए प्रवहित होनेवाली सरिताओं में जो लोल लहरें उठती-गिरती हैं विशाल नील नभ में जो सतरंगा इंद्रधनुष विराजता है उनकी शोभा को भूलकर सुन्दरी युवती की भौंहों के जाल में फँसनेवाला कवि क्या सचमुच कवि कहलानेयोग्य है? कोयल के कलकूजन को और मधुकर के गूँजार को छोड़कर मंजुभाषिणी नायिका की वाणी में कोई अपना मन लगा सकता है? ज्योतिर्मयी प्रकृति को भूलकर नारी की क्षणिक सुन्दरता की बढ़ा-चढ़ाकर वर्णना करनेवाले कवियों केलिये पन्तजी के ये प्रश्न एक चुनौती जान पड़ती है।

प्रकृति-प्रेमी कवि पन्त ने प्रकृति के अंग प्रत्यंगों का जैसा विशद वर्णन उपस्थित करते हैं उसकी तुलना, हिन्दी के किसी भी समकालीन कवि की रचना में प्राप्त हो नहीं सकती। 'नौका विहार' में कवि भौतिक नौका-विहार करते हुए, उसकी तुलना जीवन-यात्रा से करते हैं—

"इस धारा सा ही जग का क्रम, शाश्वत
इस जीवन का उद्गम,
शाश्वत है गति, शाश्वत संगम'।

प्रसिद्ध आलोचक नागेन्द्र के शब्दों में "पन्त की कविताओं में 'नौका-विहार' अपने चित्रों केलिये प्रसिद्ध है। वास्तव में शब्द और तूली का इतना निकट सम्बन्ध हिन्दी का कोई कवि स्थापित नहीं कर सकता।" इस कथन को किसी प्रकार की अत्युक्ति कहना कवि की प्रतिभा के साथ अपराध करना होगा।

ज्योंहि उनकी कलपना प्रगतिवाद की ओर झुकी त्योंहि नारी के प्रति उनका दृष्टिकोण भी बदलकर यथार्थवादी बन गयी। पहले प्रकृति के गुलाम कवि को नारी की ओर अपनी निगाह डालने का अवसर भी नहीं मिला था। बाद को वे नारी-वर्णन में भी दिलचस्पी लेने लगे। अबला कहलानेवाली स्त्री की सबलता पर पन्तजी को पूरा विश्वास था। 'ग्राम्य' में पन्तजी के स्त्रीविषयक विचार स्पष्ट झलक आये हैं। पन्त के मतानुसार इस पृथ्वी में कहीं स्वर्ग है तो वह नारी के उर में है। वात्सल्य ममता और अनुराग से पुरुषों को मोहित करती आयी है। यदि संसार में कहीं मादकता प्राप्त होनेवाली है तो वह नारी के मधुर अधरों में है। परंतु नारी-चरित्र की दूसरी पहलू को भी वे स्पर्श किये बिना छोड़ते—

'यदि कहीं नरक है इस भू पर तो,
वह भी नारी के भीतर;
वासना गर्त में डाल प्रखर
वह अंध गर्त में चिर दुस्तर
नर को ढकेल देती सत्वर।"

पन्त ने घर की चहारदिवारी में बन्धित होकर स्वतंत्रता के वास्ते तड़पनेवाली भारतीय नारी की क्रंदन ध्वनि सुनी। असहाय नारी पर पुरुष द्वारा युग-युगों से होनेवाले अत्याचारों को देखकर उसका मन अत्यन्त व्याकुल हो उठा। उनके विकल हृतंत्रियों से ये शब्द फूट पड़े—

"मुक्त करो नारी को मानव,
चिर वंदिन नारी को।
युग युग की निर्मम कारा से
जननी सखी प्यारी को।"

पन्त की मध्यकालीन रचनाएँ प्रगतिवाद पर आधारित है। 'ग्राम्या', 'युगवाणी', 'स्वर्णधूलि' आदि में उनकी प्रगतिवादी प्रवणताओं का मूर्तीकरण है। यद्यपि कवि पर इस वाद का बड़ा असर पड़ा तथापि समय के पलटने पर उन्होंने उसको भी तिलांजली दी।

विवेकानन्द और रवीन्द्र के सिद्धान्त पन्तजी के विचारों के मूल स्रोत थे।

गान्धीवाद भी उनकी कविताओं की अन्तर धारा बनकर बहती है। 'रजत-शिखर' के 'शुभ्र पुरुष' में महात्मजी के प्रति कवि के मन का भव्य भक्तिभाव प्रस्पष्ट हुआ है। 'स्वर्णधूलि' की 'प्रणाम' कविता में अरविन्द को 'विश्वात्मा के नव विकास', 'परम चेतन के प्रकाश' और 'ज्ञान भक्ति श्री के विलास' बताये गये हैं। पन्तजी की भाषा खड़ी बोली है। संस्कृत के तत्सम शब्दों के प्रचुर प्रयोग ने पन्तजी की भाषा को दुरूह बनाने के बदले उसे एक अज्ञात आकर्षण प्रदान किया है। संस्कृत पदावली के सहज माधुर्य ने खड़ी बोली की कर्कशता को दूर किया। संस्कृत के तद्भव शब्द और अंग्रेजी, फारसी, उरदू आदि के शब्द में यगतग प्रयुक्त हुए हैं। इसके अलावा 'स्वप्निल' 'फेनिल' आदि विचित्र शब्दों का भी पन्तजी की तूलिका ने परिचय दिया है। निरर्थक शब्द और पुनरावृत्ति ने भाषा को कैसी मनोज्ञता उधार देती है, इसका एक उदाहरण 'झंझा में नीम भी है।

"झुम झुम झुक झुक कर
भीम नीम तरु निर्भर
सिहर सिहर थर थर थर
करता सर भर
चर मर।"

इस प्रकार होने पर भी पन्तजी ने प्रत्येक शब्द को नाप-तोलकर ही उसे कविता के नाग पर जडित किया है।

अलंकार कविता के स्वाभाविक सौन्दर्य में चार चान्द लगा देते हैं। भाव की पुष्टिमा में वे भारी मदद पहुंचाते हैं। पन्त जी ने अलंकारों का प्रयोग सिर्फ "वाणी की सजावट केलिए नहीं वरन भावाभिव्यक्ति केलिए" किया है।

जब पन्त का कविता-प्रवाह छायावाद से प्रगतिवाद की ओर नयी मोड़ ली, तब कवि ने अलंकारों के प्रति अपने मोह का धिक्कार देते हुए कहा—

"तुम वहन कर सको जन में मेरे विचार
वाणी, मेरी चाहिए तुम्हें चाहिए क्या अलंकार

पर इसके बाद भी वे अलंकारों को पूर्ण रूप से त्याग देने में कामयाब नहीं हुए।

शांति प्रिय द्विवेदी ने पन्त को हिन्दी काव्य कानन का ज्योति-विहग कहा है। इस मधुभाषी कोकिल ने अपने मनोमुग्धकारिणी कूजन द्वारा श्रोताओं को चकित कर दिया है। पन्तजी की कविताएं हिन्दी साहित्य भण्डार के अनमोल रत्न हैं जो उस अद्भुत शिल्पी की कलित कीर्ति को उच्च स्वर में, घोषणा कर रही है।

★

# कहाँ है रोशनी

*Susheelamma Chacko,*

*Class III, Maths.*

★



डा. मिस शान्ती के बारे में लोगों को अच्छी राय है। दुखियों के नाम पर दया रखनेवाली सुन्दरी और सुशीला युवती। वह एक मुसकुराहट के साथ सभी रोगियों के पास जाती थी और कुशलान्वेषण करती थी।

उस दिन भी डाक्टर मिस शान्ती अस्पताल में गयी। वहाँ तो बड़ी भीड़ थी। सिरदर्द के कारण वह बहुत थक गयी थी। लेकिन रोगियों के पास जाने को वह भूल न गयी। उस समय थकावट भी दूर भाग जाती थी। वह रोगियों के पास जाने के बाद अपने कमरे में आयी। जल्दी ही एक नर्स ने आकर कहा "डाक्टर जल्दी आईये। एक सीरियस केस है।" "क्या खतरा है सिस्टर। मैं अभी आती हूँ। चलो।" स्टेथस्कोप लेकर नर्स के साथ शान्ती गयी।

"एक युवक को कुछ लोग लाये हैं सिर पर और शरीर पर कई चोट हैं। वह बेहोश भी है।" नर्स ने कहा। डा. शान्ती ने जल्दी ही रोगी की जाँच की। एक इन्जकषन भी दी। दो घण्टों के बाद ही रोगी को होश आया। रोगी के बन्धू लोगों से बातें करने केलिये डा. शान्ती बाहर आई। वहाँ कोई बन्धू लोग नहीं थे। लेकिन दुखपूर्ण मुद्रा में एक आदमी वहाँ खड़ा था।

शान्ती ने कहा "डरने की बात नहीं। होश भी आया है। एक या दो हफ्ते होस्पिटल में रहना पड़ेगा।" इतना कहकर डा. वहाँ से चली गयी।

दो तीन घण्टों के बाद फिर रोगी को इन्जकषन देने को डाक्टर आयी। उस समय भी रोगी के पास वह युवक था। इन्जकषन देकर डाक्टर कमरे में आयी।

वेदना की लहरें उसके मन में लहर रही हैं। खुशी और प्यार की शीतल छाया में कई दिन बीत गये। लेकिन अब उसके मन में खुशी के बदले वेदना है। अश्रुधारा की मृदुल यवनिका से वह सब कुछ देख सकी।

* * * *

उस दिन शान्ती स्कूल से आयी। लेकिन भाई मनोज वहाँ नहीं था। आखिर शान्ती ने देखा कि भैया का कमरा बन्द है। दरवाज़े पर जाकर भैया को बुलाया।

"भैया, मनोज दरवाज़ा खोलो।"

लेकिन कमरे से कोई आवाज़ बाहर न आयी। खिड़की से शान्ती ने देखा कि भैया रो रहा है। "क्या बात है भैया किसके लिए रोते हो? चाची कहाँ है?

"मैं नहीं रोता हूँ शान्ती।" आँखें पोंछकर उसने दरवाज़ा खोला।

चाची वहाँ नहीं थी। वह पड़ोस के एक घर में गयी थी। मनोज और शान्ती के माँ-बाप के मरने के बाद चाची ही उनको पालती थी। लेकिन हमेशा इनके बीच में एक अस्वस्थता थी। चाची इनको पसन्द न करती थी।

"किस केलिये रोया भैया! छोटी बहिन से कहेंगे न?" शान्ती ने फिर पूछा।

'शान्ती, मैं अगले हफ्ते दूर एक कालेज में पढ़ने जाता हूँ। चाची के उपदेश के अनुसार ही मैं जाता हूँ। तुम से अलग होने को मन में वेदना है। लेकिन क्या करूँ। चाची की आज्ञा है।" शान्ती की आँखों से आँसू बहने लगी। लेकिन मनोज और शान्ती, वे कुछ भी कर न सकते थे।

कई दिन बीत गये। मनोज कालेज में गया। शान्ती घर में है। दुनिया में माँ या बाप के बिना जीना कठिन है। हमेशा शान्ती के हृदय में वेदना उमड़ आती थी। उस समय मनोज अपनी छोटी बहिन को खुशी रखने का परिश्रम करता था। लेकिन आज भाई भी पास नहीं है। चाची गूढतंत्रता के कारण शान्ती मनोज के नाम पर चिट्ठी भी लिख न सकती थी। चाची ने शान्ती को खत लिखने न दिया। दो तीन वर्ष बीत गये। कई बार शान्ती चाची से भैया की बातें पूछती थी। लेकिन जवाब न मिला।

एक दिन चाची ने शान्ती से कहा– शान्ती मैं अपने घर में चली जाती हूँ। इतने दिनों तक यहाँ रही। अब मुझे जाना चाहिए। मेरे घर में भी बाल बच्चे हैं।"

शान्ती जवाब न दे सकी। आँखों से आँसू बाहर आयी। आँसू पोंछकर उसने कहा—"चाची मुझे छोड़कर न जाइये।" लेकिन चाची चली गयी।

शान्ती बहुत दुखी हुई। पड़ोस की एक अच्छी सी आयी सहायता करने के लिए।

ईश्वर हमेशा दुखियों की सहायता करेंगे। पडोस की वह सी शान्ती को अपने जान से भी अधिक प्यार करती थी।

"दुखी मत बनो शान्ती। वे सब विधी की विडंबना है। ईश्वर दुखियों की सहायता करेंगे।"

चाची के जाने के बाद ही शान्ती यह समझ सकी कि घर की आर्थिक स्थिति बहुत खराब है। भैया के बारे में कोई पता न था। चाची की एक चिट्ठी आई।" मनोज के बारे में पता नहीं था। उसके एक दोस्त से पता चला कि वह बुरी संगति में पडकर बुरा हो गया और अब कालेज से कहीं भाग गया। इसलिए उसे देखने का परिश्रम न करो।" खत पढ़कर शान्ती फूट फूटकर रोयी। सभी बातें पडोस के उस अच्छी स्त्री से कहती थी।

शान्ती मेडिकल कालेज में जाना चाहती थी। लेकिन क्या करे। पडोस की उस अच्छी स्त्री ने एक दिन कहा— "शान्ती यदि तुम पढना चाहती हो तो पढने केलिये जाओ। तुम्हारे पास रुपये नहीं है तो मेरे पास हैं। मेरे और कोई बाल सखे या बन्धू नहीं। तुम ही मेरी बेटी हो।" आखिर शान्ती मेडिकल में गयी। वर्षों के बाद एक डाक्टर होकर बाहर आयी। इस बीच पडोस की वह अच्छी स्त्री मर चुकी थी। शान्ती ये सभी दुख सह न सकी। माँ बाप के बारे में याद तक नहीं। लेकिन भाई की याद हमेशा दुर्गंध वेदना पहुँचती हुई आती थी।

कालेज की सहेली गीता की एक चिट्ठी मिली। "हमारा एक अस्पताल है। वहाँ मैं काम करना चाहती हूं। मेरी प्रिय सखी, तुम भी यहाँ आओ। हम एक साथ काम कर सकती हैं यहाँ। इस सखी की प्रार्थना को तिरस्कार न कीजिये।"

चिट्ठी पढ़कर खुशी हुई। दूसरे दिन ही सहेली गीता के पास गयी। एक वर्ष के बाद गीता की शान्ती हुई और वह पति के साथ चली गयी। अब होस्पिटल में प्रथम स्थान डां. मिस शान्ती को है। लेकिन वदन पर हमेशा एक मूकता थी। भैया के बारे के हमेशा सोचती थी। "क्या वे जीवित हैं। तो क्यों इस छोटी बहिन को देखने न आये।"

* * * *

समय रात में ग्यारह बज चुका था। "डाक्टर" बाहर एक आवाज़ सुनकर ही शान्ती चिंता से जाग उठी। दरवाज़ा खोलकर बाहर आयी तो नर्स ने कहा— "उस नये बीमार को अब बुखार है।" जल्दी ही नर्स के साथ रोगी के पास गई और इन्जकशन देकर वहाँ से लौट आयी। कमरे से दवा लेकर फिर रोगि के पास गयी। उस समय भी रोगी के पास वह युवक था। दवा पीने के बाद धीरे धीरे रोगी सोने लगा। शान्ती के पास खडे हुए युवक से पूछा—

"आपका नाम?"

"सन्तोष।"

"क्या आप रोगी के भाई है?"

"नहीं। मैं उनका एक दोस्त हूँ। हम एक आफीस में काम करते हैं।"

"क्या इस रोगी के और कोई बन्धू नहीं है ?" इसका उत्तर रोगी ने दिया।

"नहीं डाक्टर। मैं इस दुनिया में अकेला हूँ। अकेला॥"

उस शोकपूर्ण वदन को और एक बार देखने की ताकत शान्ती में न थी। शान्ती वहाँ से चली गयी। उस रोगी के बारे में सभी बातें जानने की इच्छा मन में हुई। उनका घर कहाँ होगा? उनके माँ-बाप या भाई-बहिन नहीं है? उनका नाम तो मनोज है। अपने भाई का नाम। इसके एक विशेष ममता लगती है। एक बहिन का सा प्यार।

दूसरे दिन शान्ती इन्जकषन देने के लिये मनोज के कमरे की ओर चली। अंदर मनोज और दोस्त बातचित कर रहे थे। डॉ. शान्ती को उस बात चीत सुनने की अभिलाषा हुई।

"मनोज तुम इस प्रकार हमेशा दुखी मतबनो व्याकुल होकर रहने से ही बुखार आता है।" सन्तोष ने मनोज से कहा। 'नहीं'। लेकिन मैं अपनी बहिन के बारे में हमेशा सोचता हूँ। यहाँ आकर वह चिन्ता अधिक हुई। डॉ. शान्ती का नाम सुनाते समय मैं अपनी बहिन शान्ती का याद करता हूँ। लेकिन मैं उसे घृणा करता हूँ। वह मेरी बहिन नहीं है सन्तोष।' मनोज फूट फूट कर रोने लगा। डॉ. शान्ती ने कमरे के अन्दर आकर पूछा—"क्या बात है मनोज। इस प्रकार रोने से बुखार आयगा।'

"डाक्टर क्षमा कीजिये। मैं आप को देखते समय अपनी बहिन के बारे में याद करता हूँ। लेकिन मैं कठिन परिश्रम करता हूँ उसे भूलने को।'

"आप के घर में कौन कौन थे।' शान्ती ने पूछा। "पसन्द है तो यहाँ बैठिये मैं अपनी राम कहानी आपको सुनाऊँगा। दूसरों से कहने से हृदय का भार कम होगा।' मनोज ने कहा।

"हाँ मैं सुनना चाहती हूँ। इस प्रकार कहकर शान्ती वहाँ एक कुर्सी पर बैठी।

"माँ बाप तो बचपन में ही मर गये। मैं अपनी बहिन शान्ती के साथ चाची के पास रहने लगे। चाची की आज्ञा के अनुसार मैं विदेश में पढने गया। शान्ती तो मेरी छोटी बहिन थी। उससे अलग होने को मैं पसंद न करता था। लेकिन दुख बाहर न दिखाकर कालेज गया। कई दिन हफ्ते और महीने बीत गये। चाची की एक चिट्ठी मिली। उसमें लिखा था कि "शान्ती अब यहाँ नहीं है। वह एक बुरी लडकी हो गयी और एक हफ्ते पहले यहाँ से कहीं चली गयी न जाने कहाँ है? मैं बहुत दुखी हुआ। उस दिन से हर एक दिन मैं वेदना की आग में जल रहा हूँ। मैं शान्ती को देखना नहीं चाहता हूँ। वह मेरी बहिन नहीं है। मेरी बहिन नहीं।

शान्ती फूट फूट कर रोकर वहाँ से भाग गयी अपने कमरे में। दरवाजो बन्द-करके वहाँ लेटकर रोने लगी।

मनोज और सन्तोष बहुत दुखी हुए। "क्या बात है ? डाक्टर रोकर भाग गई ?" सन्तोष ने पूछा मनोज उठकर डाक्टर के कमरे के पास आया और बुलाया 'डाक्टर' डाक्टर।'

"दया करके अब जाइये। मैं अब अच्छा नहीं।" मनोज लौट आया।

सन्तोष ने कहा "इस डाक्टर के जीवन में भी इस प्रकार एक शोक कहानी होगी।

समय बीत गया।

सन्तोष ने कहा। "मनोज मैं अपनी राय भी कहता हूँ। तुम बिगड़ न जाओ। सुख और दुखों का मिश्रण है जिन्दगी। तुम हमेशा बहिन के बारे में दुखी हो। लेकिन अब तक बहिन को देखने का परिश्रम न किया। चाची की बातों पर भरोसा रखकर व्याकुल रहते थे। लेकिन मैं चाची की बातों पर भरोसा न रखता हूँ। मुझे ऐसा विश्वास है कि शान्ती अब भी एक अच्छी लड़की होगी और अब भी अपने भाई की प्रतीक्षा में रहती है। यदि उस प्रकार है तो तुम को क्या लज्जा है ? एक बेचारी लड़की। ज़रा विचार करो मनोज। मनोज बहुत व्याकुल हुआ। "हाँ ठीक है। मैं पापी हूँ। मैं परिश्रम करूँगा अपनी बहिन को देखने का। क्या तुम मेरी सहायता करोगे न ?"

'ज़रूर' सन्तोष ने एक मुस्कुराहट से उत्तर दिया। "क्या आप उस बहिन को प्यार करेंगे ?" डॉ. शान्ती इसप्रकार पूछ कर उस कमरे में आयी। "ज़रूर डाक्टर मैं अपनी शान्ती को ज़रूर प्यार करूँगा।" मेरी बहिन कहाँ है डाक्टर ? क्या आप मेरी बहिन को जानती हो। "हाँ भैया मैं जानती हूँ। यह शान्ती ही है आप की बहिन।" वह रोकर मनोज के पैर पर गिर पड़ी।

"मेरी बहिन।" आश्चर्य और खुशी से मनोज बोल न सका।

कुछ निमिषों के बाद मनोज बोला— "क्षमा कीजिये बहिन।"

कई दिन बीत गये। आज सन्तोष और शान्ती पति-पत्नी हैं।

★

For Fashionable Stitching
AND
Dry Cleaning
*CONTACT:*

**ALWAYE TAILORING HOUSE**

**PALACE ROAD, ALWAYE.**

*Prop.:* T. A. FRANCIS. ESTABLISHED 1954

The Institute of Social Service

**"VIMALALAYAM"**

Chittoor Road,
ERNAKULAM-8.

offers a One-Year Course in
**HOME SCIENCE**

*CURRICULUM*

Preparation for Marriage
Mothercraft and Child Development
Food and Nutrition
Home Management and Housewifery
Social Etiquette
Cutting & Sewing
Handicraft
Cookery
Laundry
Embroidery

*Minimum Qualifications :—* S. S. L. C.

**A Certificate is awarded to successful candidates at the end of the Course.**

HOSTEL ACCOMMODATION IS AVAILABLE

**For Ready-mades and Textiles**

*Please Visit:*

**LAXMANAS**

NEAR RAILWAY STATION, ALWAYE.

A LONG-FELT NEED

*AROUND the College is being well met*

IN

**THE COLLEGE VIEW CAFE**

(run by an old student of the College)

In its **DAINTY DISHES**
&
**REFRESHING ROOMS**

You shall find

*A veritable HOME away from home*

Prop.: K. PAUL

*For Better Selection in*

Textiles
&
Ready-made Dresses

**S B S SILK PALACE**

(DIRECT IMPORTERS)

Market Road, Alwaye.

PHONE: 105

"**Be tab**" Brassiers is our Speciality

*H. O.* **The Salih Stores,**
COCHIN-2.

*Brs.* **The Swadeshi Banian Stores,**
ALWAYE & ERNAKULAM

*Prop.:* **K. M. MOHAMMED ALI RAWTHER & SONS**

For

**KLEERTONE STEEL**

FOLDING CHAIRS, CUSHION CHAIRS, SWINGING CHAIRS,
CANTEEN TABLES, TEAPOYS Etc.

*Authorised Dealers:*

**WIRELESS METRO,**
ALWAYE.

PHONE: 86. ESTD. 1948.

# THE FEDERAL BANK LTD.,

## Regd. Office: ALWAYE.

### Statement of position as on 31st December 1963

| 31-12-19[illegible] Rs. nP. | Capital & Liabilities | 31-12-1963 Rs. nP. | 31-12-1962 Rs. nP. | Property & Assets | 31-12-1963 Rs. nP. |
|---|---|---|---|---|---|
| 5,00,000-00 | Paid-up Capital | 5,00,000-00 | 20,50,375-60 | Cash and Deposit with other banks | 32,75,747-22 |
| 3,06,427-56 | Reserves | 3,98,472-60 | | | |
| 70,93,997-19 | Deposits | 88,22,515-96 | 20,66,197-75 | Investments | 24,06,733-33 |
| 40,82,394-60 | Contra items | 43,55,050-03 | 38,61,899-43 | Advances | 40,26,051-03 |
| 6,32,327-25 | Other liabilities | 5,14,942-67 | 40,82,394-60 | Contra items | 43,55,050-03 |
| 95,864-29 | Net profit (after provision for income-tax) | 92,474-68 | 6,50,143-51 | Other assets | 6,19,874-33 |
| 1,27,11,010-89 | Total | 1,46,83,455-94 | 1,27,11,010-89 | Total | 1,46,83,455-94 |

Capt. FRANCIS PANIKULAM
(*Chairman*)

K. P. HORMIS
(*Managing Director*)




...ദ്ധതികളുടെ ഒരു ചി[illegible] , എല്ലാപ്പോഴും പദ്ധതികളുടെ
വിജയത്തിന്റെ ചിത്രമാ[illegible] ലക്ഷ്യം; ഇന്ത്യയിൽ ജീവിതം
പ്രധാനമായും കാർഷിക [illegible] വ്യവസായമാണ് ആദ്യത്തി
ഉയിരിക്കുന്നത്. കാർഷിക [illegible] മേഖലയിലെ അഭിവൃദ്ധിയാണ്
നമ്മുടെയും അഭിവൃദ്ധി.

എഫ്. എ. സി. റ്റി. [illegible] യുടെ സന്തോഷവുമായി ഇത്
[illegible] കുടുംബത്തിലും [illegible]ുന്നു.

**FACT** THE FERTILISERS AND CHEMICALS, TRAVANCORE LIMITED.
*fact in the field*
REGD OFFICE ELOOR. UDYOGAMANDAL.P.O. KERALA.